KTM

കാണക്കാരി ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

വികസനരേഖ-1996

"ഇന്ത്യയിലെ ഓരോ ഗ്രാമവും ഓരോ
സ്വതന്ത്ര റിപ്പബ്ലിക്കായിരിക്കണം"

മഹാത്മാഗാന്ധി

ഒന്നാം പദ്ധതിരേഖയിൽ നിന്ന്

'സാമൂഹ്യലക്ഷ്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു ജനാധിപത്യവ്യവസ്ഥ ആധാരമാക്കേണ്ടത് ജനങ്ങളുടെ സ്വമനസ്സാലെയുള്ള സമ്മതത്തെയാണ്. പദ്ധതികൾക്കു രൂപം നല്കുമ്പോൾ ജനങ്ങളുടെ ആവശ്യങ്ങളെയും വിഷമതകളെയും സംബന്ധിച്ച തങ്ങളുടെ സ്വന്തം അഭിപ്രായങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും മനസ്സിലാക്കുകയും അവയ്ക്കു തികഞ്ഞ പ്രാധാന്യം നല്കുകയും വേണം. അതിനാൽ, പദ്ധതികൾക്കു രൂപം നല്കുമ്പോഴും ഘട്ടം ഘട്ടമായുള്ള അവയുടെ നടത്തിപ്പിലും ജനങ്ങളെ പങ്കെടുപ്പിക്കാനുള്ള ഉപാധികൾ കണ്ടെത്തണം'

കാണക്കാരി ഗ്രാമപഞ്ചായത്ത്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

വികസനരേഖ - 1996





രമേശ് ചെന്നിത്തല എം.പി.



ജോയി നടുക്കര എം.പി.



അഡ്വ. മോൻസ് ജോസഫ്
എം.എൽ.എ.



എം.സി. കുര്യാക്കോസ്
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ

എം.കെ. രാമക്കൈയ്മൾ

1953 - 55



കെ.എം.ജോസഫ്

1956 - 63



റ്റി. പോൾ മണ്ണാനിക്കാട്

1963 - 79

സെബാസ്റ്റ്യൻ ജെ. ആലപ്പാട്ട്

1979 - 84

ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



സണ്ണി തെക്കേടം

1988 - 96

ജില്ലാ പഞ്ചായത്ത് മെമ്പർ &
ജില്ലാ പ്ലാനിംഗ് കമ്മറ്റി മെമ്പർ

കാണക്കാരി ഗ്രാമപഞ്ചായത്ത്
സാരഥികൾ

സൂസമ്മ തോമസ്
പ്രസിഡന്റ്

ലീലാദേവി അന്തർജ്ജനം
വൈസ്പ്രസിഡന്റ്



സി.എൻ.ശശിധരൻ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ



ജോർജ്ജ് വർക്കി

എ.എം.ജോസഫ്

ത്രേസ്യാമ്മ സെബാസ്റ്റ്യൻ



ജോണി ചാത്തൻചിറ



എ.കെ.ജയപ്രകാശ്

തങ്കമ്മ രാഘവൻ



സണ്ണി പുലിപ്ര



പി.എസ്.രാജശേഖരൻ നായർ
കൺവീനർ &
ചീഫ് എഡിറ്റർ



എ.കെ. ശശികുമാർ
സെക്രട്ടറി

ചീഫ് എഡിറ്റർ

പി.എസ്. രാജശേഖരൻ നായർ

എഡിറ്റോറിയൽ ബോർഡ്

ജോസ് മാത്യു
ജോമോൻ ജോസഫ്
എ.ഡി. ജോസഫ്
പി.കെ. ബാലകൃഷ്ണപിള്ള
എ.കെ. ബാബു
എൻ.കെ. മുരളീധരൻ
എൻ.ഒ. ജോസഫ്
സി.കെ.ചെല്ലപ്പൻ
വി.കെ. തങ്കപ്പൻ
സി.എസ്. ആദിത്യൻ നമ്പൂതിരി

ഉള്ളടക്കം

1. ആമുഖം..... 11

2. പഞ്ചായത്ത് പൊതുവിവരണം..... 13

3. ചരിത്രത്തിലേക്ക്..... 14

4. ഭൂപ്രകൃതി ജനപ്രകൃതി..... 17

5. സാമൂഹികസാമ്പത്തിക മേഖലകൾ

5.1 കൃഷിയും ജലസേചനവും..... 19

5.2 മൃഗസംരക്ഷണം, മത്സ്യബന്ധനം..... 26

5.3 വ്യവസായം..... 30

5.4 വിദ്യാഭ്യാസം..... 33

5.5 കുടിവെള്ളം, പൊതുജനാരോഗ്യം..... 38

5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്..... 43

5.7 പാർപ്പിടം, സാമൂഹ്യക്ഷേമം..... 49

5.8 സംസ്ക്കാരം..... 55

5.9 വനിതാക്ഷേമം..... 59

5.10 സഹകരണം..... 62

5.11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം..... 66

5.12 വിഭവസമാഹരണം..... 69

6. ഉപസംഹാരം..... 76

1

ആമുഖം

ചുരുക്കം ചിലരിൽമാത്രം കേന്ദ്രീകരിച്ചിരിക്കുന്ന അധികാരമല്ല, മറിച്ച് അധികാര ദുർവിനിയോഗമുണ്ടാകുമ്പോൾ അതിനെ നിയന്ത്രിക്കാൻ ബഹുഭൂരിപക്ഷമാളുകൾ ആർജ്ജിക്കുന്ന കഴിവാണ് സ്വരാജ്.

ഗാന്ധിജി

'തുല്യശക്തികളായ രണ്ടുമൂന്നണികൾ തമ്മിലുള്ള ഏറ്റുമുട്ടൽ വികസനമേഖലകളിലേക്കും സാമൂഹ്യ ജീവിതത്തിന്റെ എല്ലാ തലങ്ങളിലേക്കും വ്യാപിക്കുകയും ഈ ചതുരംഗക്കളിക്കിടയിൽ എല്ലാവരും ഒരുമിച്ചു ചെയ്യു തീർക്കേണ്ടകാര്യങ്ങളൊക്കെ സ്തംഭിക്കുകയും ചെയ്തതാണു കേരളത്തിനു സംഭവിച്ച അപചയം'. ഈ വിലയിരുത്തലും 'ഒരു രൂപമുടക്കിയാൽ പതിനഞ്ചു പൈസയാണ് എത്തേണ്ടിടത്തെത്തുന്നതെന്ന തിരിച്ചറിവും കൂട്ടിച്ചേർക്കുമ്പോൾ, നാം ഇതുവരെ തുടർന്നുവന്നിരുന്ന വികസന പ്രവർത്തനങ്ങളുടെ വൈകല്യം ഏതാണ്ടു വെളിവാകും. 'ഒക്കെ വിധിയാണ്' എന്ന പഴയപല്ലവി മാറി 'ഒന്നും നടക്കില്ല' എന്ന നിരാശയിലായിരുന്നു ജനം. കഴിഞ്ഞവിശേഷാൽ ഗ്രാമസഭകളുടെ സംഘാടനത്തോടെ ഈ ചിന്തക്കു മാറ്റം വന്നിട്ടുണ്ട്. പദ്ധതിയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ജനപങ്കാളിത്തമുറപ്പുവരുത്തുന്ന ഈ സംവിധാനത്തെ പ്രത്യാശയോടെ എല്ലാവരും സ്വാഗതം ചെയ്യുന്നു.

73,74 ഭരണഘടനാഭേദഗതികളിലൂടെ കൈവന്ന ഈ അവകാശം ഫലപ്രദമായി വിനിയോഗിക്കാൻ നമുക്കു കഴിയണം. ആസൂത്രണത്തിന്റെ ബലിയാടുകളാകുന്നതിനു പകരം ആസൂത്രണത്തിന്റെ വിധാതാക്കളാകാനുള്ള അവസരമാണിത്. ജനാധിപത്യക്രമത്തിന്റെ അടിസ്ഥാന ഘടകങ്ങളായ ഗ്രാമപഞ്ചായത്തുകളെ ശക്തമാക്കിയെങ്കിലേ നാടിന്റെ വികസനം സാദ്ധ്യമാകൂ. തൊഴിലില്ലായ്മ, സാങ്കേതിക വിജ്ഞാനത്തിന്റെ അഭാവം, കാർഷിക രംഗത്തെ മാന്ദ്യം, വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ച, വിലവർദ്ധനവ്, ആരോഗ്യ സേവനങ്ങളുടെ അപര്യാപ്തത എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ നമുക്കുണ്ട്. ഇവയ്ക്കു പരിഹാരങ്ങളും നിദ്ദേർശിക്കാൻ നമുക്കു കഴിഞ്ഞേക്കാം.

പക്ഷേ, കേന്ദ്രീകൃതാസൂത്രണത്തിൽ ജനങ്ങളുടെ അഭിപ്രായങ്ങൾ വേണ്ടത്ര പരിഗണിക്കപ്പെടുന്നില്ല. 9-ാം പദ്ധതി രൂപീകരണത്തോടെ കേരളത്തിൽ ഈ സ്ഥിതിക്കു മാറ്റം വരുന്നു. കൂടുതൽ അധികാരങ്ങൾ ഗ്രാമപഞ്ചായത്തുകൾക്കു നല്കി, ആസൂത്രണത്തിലും പദ്ധതി നിർവ്വഹണത്തിലും എല്ലാ ജനങ്ങളേയും പങ്കാളികളാക്കുന്ന സംവിധാനമാണ് 9-ാം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

കേരളവും ഗ്രാമപഞ്ചായത്തുകളും ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്കു ഒരളവുവരെ തൃപ്തികരമായ പരിഹാരം കാണാൻ ഈ ആസൂത്രണ തന്ത്രത്തിലൂടെ കഴിയുമെന്നാണു പ്രതീക്ഷ. അതിന് ഫലപ്രദമായ ബഹുജനപങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്.

ജനകീയാസൂത്രണം പഞ്ചായത്തിൽ

1996 സെപ്റ്റംബർ 8, 9, 10 തീയതികളിലായി പാലായിൽ നടന്ന ജില്ലാ പരിശീലനത്തിൽ ഒമ്പത് സന്നദ്ധപ്രവർത്തകർ പങ്കെടുത്തു.

പഞ്ചായത്തുതല ആസൂത്രണത്തിനു മുന്നൊരുക്കമായി സെപ്തംബർ 19 ാം തീയതി വിവിധ രാഷ്ട്രീയ സാമൂഹിക സന്നദ്ധ സംഘടനാപ്രതിനിധികളുടെ യോഗം ചേർന്നു.

21.9.96ൽ നടന്ന ഒന്നാംഘട്ട പഞ്ചായത്തുതല പരിശീലനത്തിൽ വിവിധ വാർഡുകളിൽനിന്നായി 117 പേർ പങ്കെടുത്തു.

സെപ്തംബർ 29 ഒക്ടോബർ 2, 6, 12, 13 തീയതികളിലായി പത്തുവാർഡുകളിലും ഗ്രാമസഭകൾ ചേർന്നു.

നവംബർ 8, 9, 10 തീയതികളിൽ ഉഴവൂരിൽ നടന്ന ജില്ലാ പരിശീലനത്തിൽ പഞ്ചായത്തു പ്രസിഡണ്ടും 2 അംഗങ്ങളും പഞ്ചായത്തതിർത്തിയിലുള്ള സർക്കാർ ഓഫീസുകളിലെ ഉദ്യോഗസ്ഥ പ്രതിനിധികളും സന്നദ്ധപ്രവർത്തകരും പങ്കെടുത്തു.

തുടർന്ന് 16-11-96-ൽ നടന്ന പഞ്ചായത്തുതല രണ്ടാഘട്ടപരിശീലനത്തിൽ 93 പേരുടെ പങ്കാളിത്തമുണ്ടായി.

പഠനപര്യടനം

നവംബർ 25,30 തീയതികളിലായി, പത്താം വാർഡിലാരംഭിച്ച് ഓന്നാംവാർഡിൽ സമാപിച്ച പഠന പര്യടനപരിപാടിനടന്നു.

നവംബർ 1- പുനരർപ്പണദിനം

വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തമെന്ന ആശയമുൾക്കൊണ്ട് നവംബർ ഒന്നാം തീയതി നടന്ന പുനരർപ്പണദിനത്തിൽ നൂറിലധികം സന്നദ്ധപ്രവർത്തകർ പങ്കെടുത്ത് ആനമല പാറേപ്പള്ളി റോഡും കാണക്കാരി ആശുപത്രിപ്പടി- പട്ടിത്താനം റോഡും അറ്റകുറ്റപ്പണികൾ തീർത്തു.

ഗ്രാമസഭകളിലെ ഹാജർനില

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ
I	93	48	141
II	64	40	104
III	82	15	97
IV	108	36	144
V	150	56	206
VI	128	45	173
VII	240	71	311
VIII	288	102	390
IX	250	180	430
X	132	54	186

2

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെപേര് - കാണക്കാരി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ് - കാണക്കാരി
ബ്ലോക്കുപഞ്ചായത്ത് - ഉഴവൂർ
ജില്ലാപഞ്ചായത്ത് - കോട്ടയം
താലൂക്ക് - മീനച്ചിൽ
അസംബ്ലിമണ്ഡലം - കടുത്തുരുത്തി
പാർമെന്റു മണ്ഡലം - കോട്ടയം
വിസ്തീർണ്ണം - 23.22 കി.മീ.

അതിരുകൾ

വടക്ക് - കുറവിലങ്ങാടുപഞ്ചായത്ത്
കിഴക്ക് - കടപ്ലാമറ്റം, മരങ്ങാട്ടുപള്ളി, കിടങ്ങൂർ പഞ്ചായത്തുകൾ
തെക്ക് - കോട്ടയം താലൂക്കിൽപ്പെട്ട ഏറ്റുമാനൂർ അതിരമ്പുഴ പഞ്ചായത്തുകൾ
പടിഞ്ഞാറ് - നീണ്ടൂർ, വൈക്കം താലൂക്കിൽപ്പെട്ട മാഞ്ഞൂർ പഞ്ചായത്ത്

ജനസംഖ്യ - 20585
പുരുഷന്മാർ - 10153
സ്ത്രീകൾ - 10432
ജനസാന്ദ്രത - 885
അക്ഷരാഭ്യാസമുള്ളവർ - 17551
വാർഡുകൾ - 10

പ്രസിഡണ്ട് - ശ്രീമതി. സൂസമ്മ തോമസ്
വൈസ് പ്രസിഡണ്ട് - ശ്രീമതി എം.എൻ. ലീലാദേവി അന്തർജ്ജനം
സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ - ശ്രീ. വി.എൻ. ശശിധരൻ

3

ചരിത്രത്തിലേക്ക്

കുലശേഖര രാജാക്കന്മാരുടെ കാലത്ത് (AD 800-1102) ചേര രാജ്യത്തെ 18 നാടുകളായി ഭാഗിച്ചിരുന്നു. അതിലൊന്നാണ് വെമ്പലനാട്. വെമ്പല നാട്ടിൽപെട്ട പ്രദേശമായിരുന്നു കാണക്കാരി. 11-ാം നൂറ്റാണ്ടിൽ ചേര-ചോളയുദ്ധത്തെത്തുടർന്ന് ചേര രാജ്യം ചിന്നഭിന്നമായപ്പോൾ ഈ സ്ഥലം വടക്കുംകൂർ പ്രദേശത്തിന്റെ ഭാഗമായി.

'അതിരമ്പുഴ പഞ്ചായത്തിൽപ്പെടുന്ന വേദഗിരി മലയുടെ തുർച്ചയായിക്കിടക്കുന്ന പ്രദേശമാണ് കാണക്കാരി പഞ്ചായത്തിൽപ്പെട്ട കുറുമള്ളൂർ, വടക്കുംകൂർ തെക്കുംകൂർ രാജാക്കന്മാരുടെ മത്സരത്തിന് കുറുമുള്ളൂർ ഒരു കാലത്ത് വേദിയായിത്തീർന്നിട്ടുണ്ട്. വേദഗിരിക്കു സമീപം വടക്ക് 'കുതിരക്കാട്ടുകുന്ന്' എന്നു വിളിച്ചുവരുന്ന ഒരു കുന്നുണ്ട്. അതിന്റെ തെക്കേ അടിവാരത്തിൽ കിഴക്കും പടിഞ്ഞാറും പാടങ്ങളാണ്. അതിന്റെ മദ്ധ്യത്തിലുള്ള ഏതാനും പുരയിടങ്ങളിൽ വലിയകരിങ്കൽത്തറകളുടെ അംശങ്ങൾ മണ്ണിൽ പുതഞ്ഞുകിടക്കുന്നതായി ചരിത്രരേഖകളുണ്ട്. അവിടെ വടക്കുംകൂർ രാജാക്കന്മാരുടെ ഒരു കൊട്ടാരവും ക്ഷേത്രവും നീരാഴിക്കെട്ടും ഉണ്ടായിരുന്നതായി. കേട്ടിട്ടുണ്ട്. കുതിരക്കാട്ട് അന്നത്തെ പട്ടാളകേന്ദ്രമായിരുന്നു. അവ അസ്തപ്രായമായിട്ട് അധികം നൂറ്റാണ്ടുകളായില്ല. ഇടത്തിൽ കോവിലകത്തിന്റെ അംശങ്ങൾ ഇപ്പോഴും കാണുന്നുണ്ട്. അവർ ഈ പ്രദേശങ്ങളെ കൈയടക്കിവാണിരുന്നു. തെക്കുംകൂർ രാജാക്കന്മാരുടെ പഴയമൺകോട്ട പഞ്ചായത്തതിർത്തിയിൽ നിന്ന് കഷ്ടിച്ച് ഒന്നരകിലോമീറ്റർ തെക്കുമാറിയാണ്. അതിന്റെ അവശിഷ്ടങ്ങൾ ഇന്നും കാണാം.' '(വേദഗിരിമാഹാത്മ്യം)'

ഏറ്റുമാനൂർ താലൂക്ക് നിലവിലുണ്ടായിരുന്ന കാലത്ത് ആ താലൂക്കിന്റെ ഭാഗമായിരുന്ന ഈ പ്രദേശം ഇന്ന് മീനച്ചിൽ താലൂക്കിന്റെ പടിഞ്ഞാറെ അതിരാണ്. കുറുമള്ളൂർ, കാണക്കാരി, കളത്തൂർ, വെമ്പള്ളി, പട്ടിത്താനം, കടപ്പൂർ എന്നീപ്രദേശങ്ങൾ ഉൾപ്പെട്ടതാണ് കാണക്കാരി പഞ്ചായത്ത്.

കാണപ്പെട്ട വസ്തുക്കളായിരുന്നു കാണക്കാരിയിൽ കൂടുതലുണ്ടായിരുന്നതെന്നും കാണംപിരിക്കാൻ ഒരു സ്ത്രീയാണു നിയോഗിക്കപ്പെട്ടിരുന്നതെന്നും കേട്ടിട്ടുണ്ട്. 'കാണം പിരിക്കുന്നവൾ' എന്ന അർത്ഥത്തിൽ അവരെ കാണക്കാരി എന്നു വിളിച്ചിരുന്നെന്നും ആ പേരിൽ ഈ സ്ഥലം അറിയപ്പെട്ടു എന്നും പറയുന്നു.

പുലിയളകളും കുറ്റിക്കാടുകളുമായിക്കിടന്ന കുന്നിൻ ചെരിവുപ്രദേശത്തുകൂടി വൈദേശികനായ ഒരു മിഷനറി യാത്രചെയ്യുമ്പോൾ അദ്ദേഹത്തിന് ആ സ്ഥലം നന്നെ ഇഷ്ടപ്പെട്ടു. പള്ളിപണിയാൻ യോജിച്ച സ്ഥലമാണതെന്ന ആശയം മനസ്സിലുദിച്ചു. 'പറ്റിയസ്ഥാനം' എന്ന് ഒപ്പമുണ്ടായിരുന്നവരോടു പറയുകയും ചെയ്തു വിദേശിയുടെ മലയാളോച്ചാരണം 'പട്ടിത്താനം' എന്ന പേരിനു കാരണമായി.

കൊണ്ടൂരുമുറിയിൽ മുകുന്ദപുരം താലൂക്ക് കരിങ്ങേണംപള്ളി ഇല്ലക്കാരുടെ 365 ദേശവഴികളിൽ ഒന്നായിരുന്നു വെമ്പള്ളി. ഇവിടെ പുരാതനമായ ഒരു ദേവീക്ഷേത്രമുണ്ട്. 'വെൺപാട്ടപ്രദേശം' എന്ന അർത്ഥത്തിലാവാം വെമ്പള്ളി എന്ന പേരുവീണത്. ലക്ഷ്മീദാസന്റെ 'ശുകസന്ദേശ'ത്തിൽ വെമ്പള്ളി പരാമർശിക്കപ്പെടുന്നുണ്ട്.

പണ്ട് 'സമുദ്രപുരം' എന്നറിയപ്പെട്ടിരുന്ന പ്രദേശം 'കടൽപുരവും' പിന്നീട് 'കടപ്പൂരു'മായി മാറി. കടലിനോടുചേർന്നുകിടന്ന പ്രദേശമാണിതെന്നു പറയപ്പെടുന്നു. ഇവിടെ ഒരു ദേവീക്ഷേത്രമുണ്ട്. ത്രേതായുഗത്തിൽ പരശുരാമൻ പ്രതിഷ്ഠിച്ച നൂറ്റിയെട്ടു ദുർഗ്ഗാക്ഷേത്രങ്ങളിലൊന്നാണിതെന്നും കേട്ടുകേഴ്വിയുണ്ട്.

വടക്കുംകൂർ രാജ്യത്തിലെ 'കളത്തറ'കളിലൊന്ന് നമ്മുടെ പ്രദേശത്തുണ്ടായിരുന്നു. ആയുധാഭ്യാസം നടത്താനുള്ള സ്ഥലമായിരുന്നു ഇത്. പിന്നീടു ഈ സ്ഥലം കളത്തൂരായിമാറി. നെൽക്കളങ്ങളുടെ നാടായിരുന്നതുകൊണ്ടാണ് കളത്തൂർ എന്ന പേരുവന്നതെന്ന അഭിപ്രായവുമുണ്ട്.

ഈ നൂറ്റാണ്ടാദ്യം മുതൽ എല്ലാജനവിഭാഗങ്ങൾക്കും വിദ്യാഭ്യാസസൗകര്യം ലഭിച്ചിരുന്നു. അതിനുമുമ്പ് കുടിപ്പള്ളിക്കൂടങ്ങളിലൂടെയാണ് വിദ്യാഭ്യാസം സിദ്ധിച്ചിരുന്നത്.

1910-20 കാലഘട്ടങ്ങളിൽ സർക്കാർ സ്വകാര്യമേഖലകളിലായി നാലു എൽ.പി.സ്കൂളുകൾ സ്ഥാപിച്ചു.

തർക്കങ്ങളും വഴക്കുകളും പറഞ്ഞുതീർക്കുന്നത് നാട്ടുപ്രമാണിമാരായിരുന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യ ഘട്ടത്തിലും 'നാട്ടുകൂട്ടങ്ങൾ' നിലനിന്നിരുന്നതായി തെളിവുകളുണ്ട്. വെമ്പള്ളി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനുമുമ്പ് സ്ഥാപിച്ചു സംരക്ഷിച്ചിരുന്നത് അവിടത്തെ നാട്ടുകൂട്ടമായിരുന്നു.

തീണ്ടൽ ജാതിക്കാർക്ക് സ്വന്തമായി വഴിനടക്കാൻ അനുവാദമില്ലായിരുന്നു. ഒരു സെന്റുഭൂമിപോലും സ്വന്തമായില്ല. ജന്മിയുടെ പറമ്പിൽ കൂടികിടപ്പ് കിടക്കുന്ന ഭൂമിയിൽ നിന്നും ആദായമെടുക്കാൻ അവകാശമില്ല. കാവൽ കിടക്കുന്നതിന് പ്രതിഫലമായി വിളവിന്റെ തുച്ഛമായൊരു വിഹിതം കിട്ടും. ഉയർന്ന ജാതിക്കാർ വഴിനടക്കുമ്പോൾ ഇവർ വഴിമാറി അകലെ നില്ക്കണം. സ്കൂളുകളിൽ പ്രവേശനമില്ല. കാണക്കാരിയിൽ സി.എസ്.ഐ. വകയായുണ്ടായ സ്കൂൾ ഇവർക്കു വരദാനമായി. അവിടെ പിന്നോക്കക്കാരാണു പഠിച്ചിരുന്നത്. ഐത്തത്തിനെതിരെ സി.എസ്.ഐ. മിഷനറിമാർ ഏറ്റുമാനൂരിൽ നടത്തിയ ജാഥയിൽ ഈ പഞ്ചായത്തിൽ നിന്നു ധാരാളമാളുകൾ പങ്കെടുത്തിട്ടുണ്ട്. എങ്കിലും മാനസികമായിത്തന്നെ അധമത്വം അംഗീകരിച്ച ജനവിഭാഗമായിരുന്നു ഇവർ. ക്ഷേത്രപ്രവേശനവിളംബരം, ഭൂപരിഷ്ക്കരണം തുടങ്ങിയ നിയമനടപടികളുടെ ഫലമായി സ്ഥിതിമെച്ചപ്പെട്ടിട്ടുണ്ട്.

തെങ്ങ്, കമുക് പ്ലാവ് എന്നീ വൃക്ഷങ്ങൾക്ക് എണ്ണം കണക്കാക്കി നികുതി നിശ്ചയിച്ചിരുന്നു. 1908 ൽ നികുതി ചുമത്തിയ വൃക്ഷങ്ങൾ

തെങ്ങ്	19,571
കമുക്	15,454
പ്ലാവ്	48,084

നിലങ്ങൾക്കു പാട്ടം നിശ്ചയിച്ചത് പറക്കണക്കിലാണ്. കാണക്കാരി പകുതിയിൽ ഒരുപ്പൂ നിലം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു പറഒരുപ്പൂനിലത്തിന് 6 പറനെല്ലാണുപാട്ടം കരഭൂമിക്ക് പണം, കാശ്, ചക്രം എന്നീ നാണയാടിസ്ഥാനത്തിലായിരുന്നു പാട്ടം. ഒരേക്കർ കരഭൂമിക്ക് 15 പണം പാട്ടം കൊടുക്കേണ്ടിയിരുന്നു.

പഞ്ചായത്തിലെ പ്രധാനയാത്രാമാർഗ്ഗം വെമ്പള്ളി - പട്ടിത്താനം - ഏറ്റുമാനൂർ റോഡായിരുന്നു. കാളവണ്ടിയാണ് ചരക്കുകടത്താനും യാത്ര ചെയ്യാനും ഉപയോഗിച്ചിരുന്ന വാഹനം. രാജാവും രാജകീയോദ്യോഗസ്ഥന്മാരും കുതിരവണ്ടിയിലായിരുന്നു യാത്ര ചെയ്തിരുന്നത്.

അന്നത്തെ പുറമ്പോക്കു വകതിരിച്ച്

പുറമ്പോക്കു ഭൂമി	സർവ്വെഎണ്ണം	ഏക്കർ/ സെന്റ്
കുളം	13	10.16
ചാൽ	1	1.28
ചിറ	4	4.20
തോട്	105	77.56
വഴി	25	17.75
റോഡ്	50	61.70
പുലപ്പട്ട	2	0.75

(അവലംബം - സെറ്റിൽമെന്റു രജിസ്റ്റർ 1908)

ഒരിക്കൽ, ദിവാനെ ഒരു നോക്കുകാണാൻ, അദ്ദേഹം സഞ്ചരിച്ചിരുന്ന കുതിരവണ്ടി തടഞ്ഞു നിർത്തിയതിന് കൂനാനിയേൽ കുട്ടായിക്ക് ശിക്ഷ കിട്ടിയിട്ടുണ്ട്. 1926ലാണ് ഈ പഞ്ചായത്തിലൂടെ ആദ്യമായി യാത്രാബസ് ഓടിത്തുടങ്ങിയത്. 8 പേർക്ക് ഇരുന്നു യാത്ര ചെയ്യാവുന്ന 'ബീറാൾ' എന്ന ഈ വണ്ടിയുടെ വശങ്ങളിൽ അഴി പിടിപ്പിച്ചിരുന്നു.

നമ്മുടെ നാട്ടിലേക്കാവശ്യമായ കുട്ട, വട്ടി, പനമ്പ്, ഓലക്കുട, ചിരവ, കയിൽ, കടകോൽ, മരഭരണി തുടങ്ങിയ എല്ലാ വസ്തുക്കളും ഇവിടെത്തന്നെ ഉല്പാദിപ്പിച്ചുപോന്നു. തോട്ടിറമ്പുകളിലെല്ലാം കൈതധാരാളം വളർന്നിരുന്നു. മിക്ക പറമ്പുകളിലും മുളയും ഈറ്റയും പുല്ലാന്നിയും ഉണ്ടായിരുന്നതുകൊണ്ട് അസംസ്കൃതവസ്തുക്കൾ സുലഭം. പാരമ്പര്യവ്യവസായം തഴച്ചുവളർന്നു.

ആയുർവ്വേദവിദഗ്ദ്ധരായിരുന്ന ശ്രീ. മാധവക്കൈയ്മൾ കവണപ്പള്ളിൽ, ശ്രീ. മാധവക്കൈയ്മൾ കാണക്കാരി, ശ്രീ. ജോസഫ് വൈദ്യൻ കൊച്ചുകിഴക്കേൽ ബാലചികിത്സയിൽ പ്രാവീണ്യം നേടിയ കടപ്പൂർ ശ്രീ. രാമൻ വൈദ്യൻ, മർമ്മചികിത്സാ വിദഗ്ദ്ധനായിരുന്ന കൊച്ചുപുരയ്ക്കൽ ശ്രീ. ഗോവിന്ദൻനായർ, കളപ്പുരയ്ക്കൽ ശ്രീ. നീലകണ്ഠപിള്ള തുടങ്ങിയവർ ഇവിടെ ജീവിച്ചിരുന്നു.

ആധുനിക ചികിത്സാരംഗത്ത് നമ്മുടെ പഞ്ചാ

യത്തിൽ ആദ്യമുണ്ടായ സ്ഥാപനം സെന്റ് മോനിക്കാസ് ആശുപത്രിയാണ്. കാണക്കാരിയിൽ 1947ൽ ഡാ. ജസ്സർ ഡേവിഡ് എന്ന വനിതാ മിഷനറിയാണ് ഇതാരംഭിച്ചത്. ഇപ്പോൾ ഈ സ്ഥാപനം പ്രവർത്തിക്കുന്നില്ല.

ഹൈന്ദവ ക്രൈസ്തവദേവാലയങ്ങൾ നമ്മുടെ സാംസ്കാരിക മണ്ഡലങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

പഞ്ചായത്ത് ഭരണസാരഥികൾ

1953 ജൂലൈ 31 നാണ് ആദ്യത്തെ പഞ്ചായത്തുകമ്മറ്റി രൂപീകരിച്ചത്. അന്ന് വെമ്പള്ളി നാഗമ്മറ്റം ബിൽഡിംഗ്സിലാണ് ഓഫീസ് പ്രവർത്തിച്ചത്.

ശ്രീ. രാമക്കൈയ്മൾ മാച്ചിത്താഴത്ത് (പ്രസിഡന്റ്)
" കെ.വി. മത്തായി (വൈസ്പ്രസിഡന്റ്)
" കെ.എം. ജോസഫ് (മെമ്പർ)
" പി.കെ. ഇമ്മാനുവൽ "
" ടി.പി. നാരായണൻ "
" ഡി. കുര്യൻ "
" എ.ജെ. ജോസഫ് "

ദേഹാസ്വാസ്ഥ്യം മൂലവും മറ്റസൗകര്യങ്ങൾ മൂലവും 9.12.55ൽ ശ്രീ. രാമക്കൈയ്മൾ പ്രസിഡന്റ് സ്ഥാനം രാജിവച്ചു. 2.1.56ൽ ശ്രീ. കെ.എം. ജോസഫിനെ പ്രസിഡന്റായി തെരഞ്ഞെടുത്തു.

1964 ൽ നടന്ന പൊതു തെരഞ്ഞെടുപ്പ്

ശ്രീ. ടി. പോൾ മണ്ണാനിക്കാട് (പ്രസിഡന്റ്)
" കെ.വി. മത്തായി (വൈസ് പ്രസിഡന്റ്)
" മാണി കുഴികണ്ടത്തിൽ (മെമ്പർ)
" എം.എൻ. ഗോപാലകൃഷ്ണൻനായർ "
" കെ.ജി. കരുണാകരൻനായർ "
" സാമുവൽ ലൂക്കോസ് "
" ജോസഫ് ആലപ്പാട്ട് "
" എ.എൻ. കരുണാകരക്കൈയ്മൾ "
ശ്രീമതി റോസമ്മ ജോസഫ് (വനിതാ പ്രതിനിധി)

25.1.65ൽ ശ്രീ. എ.എൻ. കരുണാകരക്കൈയ്മൾ രാജിവച്ച ഒഴിവിലേക്ക് ശ്രീ. നീലകണ്ഠക്കൈയ്മളെ തെരഞ്ഞെടുത്തു. 29.1.66ൽ ശ്രീ. സാമുവൽ ലൂക്കോസിന്റെ രാജിയെത്തുടർന്ന് തൽസ്ഥാനത്തേക്ക് ശ്രീ. കെ. നാരായണൻനായരെ തെരഞ്ഞെടുത്തു.

1969 ൽ ശ്രീ. കെ.വി. മത്തായിയുടെ നിര്യാണത്തെത്തുടർന്ന് ശ്രീ. എംഎൻ. ഗോപാലകൃഷ്ണൻനായരെ വൈസ്പ്രസിഡണ്ടായി തെരഞ്ഞെടുത്തു.

1979 ൽ നടന്ന പൊതു തെരഞ്ഞെടുപ്പ്

ശ്രീ. സെബാസ്റ്റ്യൻ ജെ. ആലപ്പാട്ട് (പ്രസിഡന്റ്)
" എൻ.എം. എബ്രഹാം (വൈസ് പ്രസിഡന്റ്)
" തോമസ് ചാക്കോ
ശ്രീമതി എം.എൻ. ലീലാദേവി അന്തർജ്ജനം
ശ്രീ. കെ.ജി. കരുണാകരൻനായർ
" സണ്ണി തെക്കേടം
" കെ.ജെ. ജോസഫ്
" സെബാസ്റ്റ്യൻ ജോസഫ്
" തോമസ് ജോസഫ്

1988ൽ നടന്ന പൊതുതെരഞ്ഞെടുപ്പ്

ശ്രീ. സണ്ണി തെക്കേടം (പ്രസിഡന്റ്)
" എം.എം. ദേവരാജൻ (വൈസ് പ്രസിഡന്റ്)
" കുര്യാക്കോസ് തോട്ടം (മെമ്പർ)
" കെ.ടി. മത്തായി "
" തോമ്മാ വർക്കി "
ശ്രീമതി ലീലാ കൃഷ്ണൻ "
ശ്രീ. പി.ജെ. ജോസഫ് "
ശ്രീമതി. ഭവാനി ജെ. കുഞ്ഞൻ "
ശ്രീ. കെ.കെ. ജനാർദ്ദനൻനായർ "
ശ്രീ. സണ്ണി പുലിപ്ര "

1995 ൽ തെരഞ്ഞെടുക്കപ്പെട്ട നിലവിലുള്ള ഭരണസമിതിയംഗങ്ങൾ

ശ്രീമതി. സൂസമ്മ തോമസ് (പ്രസിഡന്റ്)
ശ്രീമതി. എം.എൻ. ലീലാദേവി അന്തർജ്ജനം (വൈസ് പ്രസിഡന്റ്)
ശ്രീ. സി.എൻ. ശശിധരൻ (സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)
" ജോർജ്ജ് വർക്കി (മെമ്പർ)
" എ.എം. ജോസഫ് "
ശ്രീമതി ത്രേസ്യാമ്മ സെബാസ്റ്റ്യൻ "
ശ്രീ. ജോണി ചാത്തൻചിറ "
" എ.കെ. ജയപ്രകാശ് "
ശ്രീമതി. തങ്കമ്മ രാഘവൻ "
ശ്രീ. സണ്ണി പുലിപ്ര "

പഞ്ചായത്തു സെക്രട്ടറി :ശ്രീ. എ.കെ. ശശികുമാർ

(ഗ്രാമസഭാസംഘാടനം, ദ്വിതീയവിവരശേഖരണം തുടങ്ങിയ ഘട്ടങ്ങളിൽ ശ്രീ. സണ്ണി ഫിലിപ്പായിരുന്നു സെക്രട്ടറി)

4

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് കേരളത്തെ മലനാട്, ഇടനാട്, തീരപ്രദേശം എന്നുവേർതിരിച്ചിട്ടുള്ളതിൽ ഇടനാട്ടിൽപ്പെട്ട പ്രദേശമാണ് കാണക്കാരി പഞ്ചായത്ത്. 2322.95 ഹെക്ടറാണ് ആകെ ഭൂവിസ്തൃതി. ഇതിൽ 1856 ഹെക്ടർ 78 ആർ 10 ച.മീ. കരഭൂമിയും ബാക്കി പാടപ്രദേശങ്ങളുമാണ്.

കുന്നിൻപ്രദേശം	290 ഹെക്ടർ
ചരിവുതലം	812 ഹെ. 78 ആർ 10 ച.മീ
സമതലം	754 ഹെക്ടർ
പാടശേഖരം	361 ഹെ. 42 ആർ 8 ച.മീ.

കുതിരക്കാട്ടുകുന്ന്
മന്നത്താൻകുന്ന്
പട്ടിത്താനംകുന്ന്
കരിമ്പനക്കുന്ന്
കൊടികുത്തിമല
ഓലിക്കമല
ചെന്തിട്ടകുന്ന്
എണ്ണശ്ശേരിമലകൾ
ചേലവാലേൽകുന്ന്

എന്നീ ഉയർന്ന പ്രദേശങ്ങൾ കാണക്കാരി പഞ്ചായത്തിന്റെ നിമ്നോന്നതസ്ഥിതിയെ കാണിക്കുന്നു. മൈക്രോവേവ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന കൊടികുത്തിമലയ്ക്ക് സമുദ്രനിരപ്പിൽനിന്നും 125 മീറ്റർ ഉയരമുണ്ട്.

1749-ൽ മാർത്താണ്ഡവർമ്മ മഹാരാജാവ് വടക്കുംകൂർ പ്രദേശം പിടിച്ചെടുത്തു വേണാടിനോടു ചേർത്തു. വടക്കുംകൂർ രാജ്യത്തിന്റെ തെക്കുപടിഞ്ഞാറുഭാഗത്തു സ്ഥിതി ചെയ്തിരുന്ന കാണക്കാരി പ്രദേശം ഇന്നു മീനച്ചിൽ താലൂക്കിന്റെ പടിഞ്ഞാറെ അതിരാണ്

അതിരുകൾ

വടക്ക്	കുറവിലങ്ങാടുപഞ്ചായത്ത്
കിഴക്ക്	കടപ്ലാമറ്റം, മരങ്ങാട്ടുപള്ളി, കിടങ്ങൂർ
തെക്ക്	കോട്ടയം താലൂക്കിൽപ്പെട്ട ഏറ്റുമാനൂർ അതിരുമ്പുഴ പഞ്ചായത്തുകൾ.
പടിഞ്ഞാറ്	നീണ്ടൂർ വൈക്കം താലൂക്കിൽപ്പെട്ട മാഞ്ഞൂർ പഞ്ചായത്ത്

തെക്കു ഭാഗത്ത്, മറ്റു പഞ്ചായത്തുകളിൽ നിന്നു കാണക്കാരിയെ വേർതിരിക്കുന്നത് ചെത്തിത്തോടാണ്.

കാലാവസ്ഥ

ഉത്തര അക്ഷാംശം 9^0 യ്ക്കും 9.5^0 യ്ക്കും മദ്ധ്യേ പൂർവ്വരേഖാംശം 76^0 യ്ക്കും 77^0 യ്ക്കും മദ്ധ്യേ കാണക്കാരി പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. തെക്കു പടിഞ്ഞാറൻ കാലവർഷക്കാറ്റ് അടിച്ചു തുടങ്ങുന്നതോടെ (മെയ് -ജൂൺ) ആരംഭിക്കുന്ന ഇടവപ്പാതിയും വടക്കു കിഴക്കൻ കാലവർഷക്കാറിന്റെ ഫലമായ (ഒക്ടോബർ- നവംബർ) തുലാവർഷവുമാണ് ലഭ്യമാകുന്നത്. മൺസൂൺ കാലവർഷത്തിന്റെ അനിശ്ചിതത്വം നമ്മുടെ കാർഷികമേഖലയെ പലപ്പോഴും പ്രതികൂലമായി ബാധിക്കാറുണ്ട്. മൺസൂൺ കാറ്റുകളുടെ അധികരിച്ച ഗതിവേഗം പലപ്പോഴും പ്രകൃതിക്ഷോഭത്തിനും കൃഷിനാശത്തിനും കാരണമാകുന്നു.

ഡിസംബർ, ജനുവരി മാസങ്ങൾ മഞ്ഞുകാലമാണ്. ഫെബ്രുവരി മുതൽ മെയ് വരെയാണ് വേനൽക്കാലം.

സമുദ്രസാമീപ്യം

സമുദ്രത്തിൽ നിന്ന് 50 കി.മീ കിഴക്കുമാറിയാണ് കാണക്കാരി പഞ്ചായത്തിന്റെ സ്ഥാനം.

ജനപ്രകൃതി

1991-ലെ സെൻസസ് അനുസരിച്ച് 20585 ആണ് ജനസംഖ്യ. ഇതിൽ 10153 പുരുഷന്മാരും 10432 സ്ത്രീകളുമാണ്. പുരുഷന്മാരെക്കാൾ 279 സ്ത്രീകൾ കൂടുതലുണ്ട്.

പട്ടികജാതി ജനസംഖ്യ 1375 ആണ്. ഇവരിൽ സ്ത്രീകളെക്കാൾ എണ്ണത്തിൽ പുരുഷന്മാരാണു കൂടുതൽ പുരുഷന്മാർ 692 സ്ത്രീകൾ 683

മൺതരങ്ങൾ

കുറുമള്ളൂർ പടിഞ്ഞാറു ഭാഗത്തുള്ള പാടശേഖരങ്ങളിൽ ചേറുകലർന്ന കരിമണ്ണും മറ്റുപാടങ്ങളിൽ എക്കൽ നിറഞ്ഞപശിമരാശിമണ്ണും കാണപ്പെടുന്നു. വെമ്പള്ളിയിലെ ചിലപാടങ്ങളിൽ മണലുകലർന്ന ചെളിമണ്ണുണ്ട്. 4, 6, 7, 8, 9, 10 വാർഡുകളിൽ പലസ്ഥലത്തും ഉപരിതലത്തിൽ തന്നെ കരിങ്കലും ചീങ്കണ്ണിപ്പാറയും കാണാം. കരഭൂമികളിൽ പൊതുവെ ചെങ്കല്ലുകലർന്ന മണ്ണാണുള്ളത്. പട്ടിത്താനം, കടപ്പൂർ, വെമ്പള്ളി, കളത്തൂർ എന്നീ പ്രദേശങ്ങളിൽ കരിങ്കല്ലും കാണക്കാരി, പട്ടിത്താനം കുറുമള്ളൂർ പ്രദേശങ്ങളിൽ വെട്ടുകല്ലും വ്യാവസായികാടിസ്ഥാനത്തിൽ ഖനനം ചെയ്യുന്നുണ്ട്.

ജലപ്രകൃതി

വർഷത്തിൽ ശരാശരി 3227 മി.മീ. മഴ ലഭിക്കുന്നുണ്ട് ജൂൺ ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴലഭിക്കുന്നത്. ജൂൺ മുതൽ ആറുമാസം മഴക്കാലമാണ്. വെമ്പള്ളി കട്ടച്ചിറത്തോട് പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സാണ്. ആറ്, ഏഴ്, എട്ട് എന്നീ വാർഡുകളിലൂടെ അതിരു കുറിച്ചു കടന്നു പോകുന്ന ഈ തോട് പടിഞ്ഞാറുനിന്നു കിഴക്കോട്ടൊഴുകി മീനച്ചിലാറ്റിൽ ചേരുന്നു. വർഷകാലത്തു മീനച്ചിലാറ്റിൽ നിന്നു മലമ്പാമ്പും കഴുനായും കയറിവന്ന സംഭവങ്ങൾ അടുത്ത കാലത്തും ഉണ്ടായിട്ടുണ്ട്. പട്ടിത്താനം കുന്നിലെ പൊയ്കപ്പുറത്തു നിന്നു ആരംഭിക്കുന്ന ചെത്തിത്തോട് അഞ്ച്, മൂന്ന്, രണ്ട് എന്നീ വാർഡുകളിലൂടെ ഒഴുകി കുഴിയാഞ്ഞാലുവഴി വേമ്പനാട്ടു കായലിലെത്തുന്നു. ആറ്റുതകരയും വയൽച്ചുള്ളിയും ഈ തോടിന്റെ ഇറമ്പുകളിൽ കാണപ്പെടുന്നുണ്ട്.

പുലിയള ഇലഞ്ഞിവേലിമുക്കു തോട്, ഇലയ്ക്കാടു കടപ്പൂരുതോട്, എത്തൽത്തോട് പുന്നിലത്തോട്, തുരുത്തേൽതോട്, നാടുകുന്നേൽതോട്, കട്ടച്ചിറ വെമ്പള്ളിത്തോട് എന്നിവയാണു മറ്റുജലസ്രോതസ്സുകൾ. എന്നാൽ തുരുത്തേൽതോടൊഴികെ ബാക്കിയെല്ലാം ജനുവരിയോടെ വറ്റിവരളും.

1908-ലെ സെറ്റിൽമെന്റു രേഖയനുസരിച്ച് 364-3 സർവ്വേനമ്പറിൽ 3 ഏക്കർ 67 സെന്റു വിസ്തൃതിയുള്ള കാണക്കാരി ചിറക്കുളമാണ് ഈ പ്രദേശത്തെ ഏറ്റവും വലിയ ജലാശയം. ഇപ്പോൾ ഇതിന്റെ വിസ്തൃതി 1 ഹെക്ടർ 47 ആർ 80 ച.മീ. ആണ്. ആസൂത്രിതമായി സംരക്ഷിച്ച് സമീപപ്രദേശങ്ങളിലെ പാടശേഖരങ്ങളിൽ ജലസേചനത്തിനുള്ള പദ്ധതികൾ ഇതുമായി ബന്ധപ്പെട്ടു ആവിഷ്ക്കരിക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇരുപതോളം സ്വകാര്യപാറമടകളുണ്ട്. വേനൽക്കാലത്ത് ഇവയിൽ വെള്ളം വറ്റുന്നതായി കാണുന്നില്ല ഉറവയുടെ അളവ് തിട്ടപ്പെടുത്തുകയും ജലസേചനത്തിനു പയുക്തമാക്കാനുള്ള സാധ്യത പരിശോധിക്കുകയും ചെയ്യണം.



5-1

കൃഷി-ജലസേചനം

കാണക്കാരി പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് നെല്ലും തെങ്ങുമായിരുന്നു പ്രധാനകൃഷി. ജനങ്ങൾ കൃഷിയെ മാത്രം ആശ്രയിച്ചു ജീവിച്ചിരുന്നു. കുറഞ്ഞ ജനസംഖ്യ കൃഷി ഭൂമി സുലഭം. അതുകൊണ്ട് മിക്ക കർഷകരും നെടും കൃഷിരീതി സ്വീകരിച്ചിരുന്നു. അക്കാലത്ത് മണ്ണിൽ പ്രത്യേക വളപ്രയോഗം വേണ്ടിയിരുന്നില്ല. മണ്ണിന്റെ ഫലപുഷ്ടി ക്രമേണ കുറഞ്ഞു വന്നപ്പോൾ ചാരം, ചാണകം, ചവർ മുതലായ ജൈവവളങ്ങൾ പ്രയോഗിച്ചു തുടങ്ങി. പാടങ്ങളിൽ മാത്രമല്ല കരയിലും നെൽകൃഷി ചെയ്തിരുന്നു. വെള്ളാരൻ, വെളുത്തചെട്ടി തുടങ്ങിയ നെൽ വിത്തിനങ്ങളും വരക്, പഞ്ചപ്പുല്ല്, ചാമ തുടങ്ങിയ ധാന്യങ്ങളും കരകൃഷിക്ക് ഉപയോഗിച്ചിരുന്നു. ചെന്നെല്ല്. ആര്യൻ, കാറ്റാടി, അതിക്കിരാലി കുട്ടുമുണ്ടകൻ, ചെമ്പാവ് കാരാര്യൻ, കുളപ്പാല, ചാര, മുണ്ടകക്കണ്ണൻ, ഇട്ടിക്കണ്ടപ്പൻ മുതലായ വയായിരുന്നു പാടത്തുപയോഗിച്ചിരുന്ന വിത്തിനങ്ങൾ നെൽചെടികൾക്ക് കാര്യമായ രോഗബാധ ഉണ്ടാകാറില്ല. കരപ്രദേശങ്ങളിൽ ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷി ചെയ്തിരുന്നു.

കന്നുകാലികളെ സ്വതന്ത്രമായി അഴിച്ചു വിട്ടു മേച്ചിരുന്നതിനാൽ വിളസംരക്ഷണത്തിന് കർഷകർ വേലികെട്ടണമായിരുന്നു. ഇല്ലിമുള്ളുകൊണ്ടായിരുന്നു വേലി കെട്ടിയിരുന്നത്. ഇതിനു വേണ്ടി പ്രത്യേകമായി ഇല്ലിക്കൂട്ടങ്ങൾ സംരക്ഷിക്കപ്പെട്ടിരുന്നു, ജനസംഖ്യയുടെ വർദ്ധനവിനനുസരിച്ച് കൃഷി ഭൂമി വർദ്ധനവില്ലാത്തതിനാൽ കർഷകർക്ക് ക്രമേണ കടും കൃഷിയെ ആശ്രയിക്കേണ്ടി വന്നു. ഈ ഘട്ടത്തിൽ കൃഷിക്ക് കീടബാധയും വ്യാപകമായിത്തുടങ്ങി. ഓലചുരുട്ടിപ്പുഴു, കുട്ടൻകുർത്ത തുടങ്ങിയവയായിരുന്നു കീടങ്ങൾ. കാളകളെ ഉപയോഗിച്ചായിരുന്നു ഉഴവ്. മിക്ക കർഷകർക്കും സ്വന്തമായി ഉഴവുകാളകളുണ്ടായിരുന്നു. നാണയങ്ങൾ നിലവിലുണ്ടായിരുന്നെങ്കിലും ക്രയവിക്രയം ഉൽപന്ന കൈമാറ്റ (ബാർട്ടർ സിസ്റ്റം) സമ്പ്രദായത്തിലായിരുന്നു. ജോലിക്കു കൂലി കൊടുക്കുന്നതും ഉൽപന്നങ്ങൾ തന്നെ. കരപ്രദേശങ്ങളിൽ ഇഞ്ചി, കപ്പ, വരക്, വാഴ എന്നിവ ഓരോ വർഷവും മാറി മാറി കൃഷിചെയ്യും. മഞ്ഞൾ കൃഷിയും ഉണ്ടായിരുന്നു. ചില പ്രദേശങ്ങളിൽ കച്ചോലം വിപണനാടിസ്ഥാനത്തിൽ കൃഷി ചെയ്തിരുന്നതായി അറിഞ്ഞു. പൊങ്ങൻ, എരുപ്പൻ, കണ്ണൻ, കറുത്തകണ്ണൻ, ഏത്തൻ, കട്ടൻ എന്നിവയായിരുന്നു മരച്ചീനി ഇനങ്ങൾ. ചെറുകിഴങ്ങ്, നനക്കിഴങ്ങ്, ചേന, ചെറുചേമ്പ്, ശീമച്ചേമ്പ് കണ്ണൻ ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും കൃഷിചെയ്തു പോന്നു. അന്ന് പങ്കുകൃഷിരീതിയും നിലവിലുണ്ടായിരുന്നു. വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ അതതുവീട്ടിൽ കൃഷി ചെയ്യും. ഇന്ന് അപൂർവ്വംചില പാടശേഖരങ്ങളിൽ മാത്രമായി ഈ കൃഷി ഒതുങ്ങി. കാർഷികോല്പന്നങ്ങളുടെ വിപണന കേന്ദ്രം അതിരമ്പുഴയായിരുന്നു. തലച്ചുമടായോ കാളവണ്ടിയിലോ ആണ് സാധനങ്ങൾ ചന്തയിൽ കൊണ്ടുപോയിരുന്നത്.

ജലസേചനത്തിന് ആദ്യകാലത്ത് തേപ്പാളയും തുലാപ്പാളയുമാണ് ഉപയോഗിച്ചിരുന്നത്. ചതുപ്പുനിലങ്ങളിലെ വെള്ളം വറ്റിക്കാൻ ചക്രങ്ങൾ ഉപയോഗിച്ചിരുന്നു. ചക്രം ചവിട്ട് ശ്രമകരമായ ജോലിയാണ്. ഊഴം വച്ചാണ് ചക്രം ചവിട്ടുന്നത്. സമയമറിയാൻ നാഴികവട്ട ഉപയോഗിച്ചിരുന്നു. നേരിയ ദ്വാരമുള്ള ചിരട്ട വെള്ളത്തിലിട്ട് ചിരട്ടയിൽ വെള്ളം കയറി നിറയുന്നതു കണക്കാക്കിയാണ് സമയം അളന്നിരുന്നത്. ഇ

താണ് നാഴികവട്ട. പാടശേഖരങ്ങളോടു ചേർന്നുള്ള നടവരമ്പുകളായിരുന്നു പ്രധാന ഗതാഗതമാർഗ്ഗം.

മെതിക്കളങ്ങളിൽ ചങ്ങഴി, തൂണി എന്നീ അളവുപാത്രങ്ങൾ തന്നെയാണ് ഉപയോഗിച്ചിരുന്നത്. തൂക്കത്തിന്റെ അളവ്, മന്നും റാത്തലുമായിരുന്നു. 28 റാത്തൽ ഒരു മന്ന്. കരിങ്കല്ലിൽ കൊത്തിയെടുത്ത മന്നു കട്ടികൾ ഇപ്പോഴും ചില വീടുകളിൽ കാണാം. സാധനങ്ങൾ തൂക്കിയെടുക്കാൻ ചേളാകം ഉപയോഗിച്ചിരുന്നു.

മിക്ക പുരയിടങ്ങളിലും കുടപ്പനകളുണ്ടാകും. പനയോലയും തെങ്ങോലയും പുല്ലും പുരമേയുവാൻ ഉപയോഗിച്ചിരുന്നു. കുടപ്പന അറഞ്ഞ് കഷണങ്ങളാക്കി ഉണക്കി ചാക്കിൽ കെട്ടി സൂക്ഷിക്കാറുണ്ട്. അതിടിച്ച് നൂറെടുത്ത് പനങ്കഞ്ഞിയാക്കിയും പലഹാരങ്ങളാക്കിയും ഭക്ഷണത്തിനുപയോഗിച്ചിരുന്നു, വിശേഷിച്ച് പഞ്ഞമാസങ്ങളായ മിഥുനം കർക്കിടക മാസങ്ങളിൽ. നല്ല വിഭാഗമാളുകൾ കുടിയാന്മാരായ കർഷകരായിരുന്നു. കൃഷിഭൂമിയുടെ ഫലപുഷ്ടി കുറഞ്ഞു കുറഞ്ഞു വന്നതുകൊണ്ട് ഈ നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ രാസവള പ്രയോഗത്തിലേയ്ക്ക് കർഷകർ മാറി. സർക്കാരും വിവിധ ഏജൻസികളും അത്യുൽപാദന വിത്തിനങ്ങളുടെയും രാസവളത്തിന്റെയും കീടനാശിനികളുടെയും പ്രയോഗത്തിന് വ്യാപകമായ പ്രചരണം നൽകി. ആദ്യഘട്ടത്തിൽ രാസവളപ്രയോഗത്തിന് കർഷകർ അറച്ചുനിന്നുവെങ്കിലും പിന്നീട് ഈ രീതി വ്യാപകമായി അവലംബിച്ചു. രാസവളപ്രയോഗത്തോടൊപ്പം ജൈവവളം ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. കമ്പോസ്റ്റ് വളത്തിന്റെ നിർമ്മാണത്തിന് ഗവൺമെന്റ് പ്രോത്സാഹനവും നൽകി. ഇതിനുവേണ്ടി ശീമക്കൊന്ന കിലുക്കുത്തി മുതലായവ വിതരണം ചെയ്തിരുന്നു. പക്ഷേ ജൈവവള പ്രയോഗത്തിൽ കാര്യമായ ശ്രദ്ധ കർഷകർ കൊടുത്തില്ല. രാസവളപ്രയോഗത്തിന്റെ ആദിഘട്ടത്തിൽ ഉൽപാദനവർദ്ധനവിൽ ഒരു കുതിച്ചു ചാട്ടം തന്നെയുണ്ടായി. അതുകൊണ്ട് ഈ രീതി സാർവ്വത്രികമായി. ജൈവവളപ്രയോഗത്തിൽ വേണ്ടത്ര ശ്രദ്ധിച്ചില്ല. രാസവളം അമിതമായി ഉപയോഗിക്കുകയും ചെയ്തു. ഇത് മണ്ണിനെ നിർവ്വീര്യമാക്കി. വിളവുകുറഞ്ഞു. നെൽകൃഷി നഷ്ടമായി. തൊഴിലാളികളുടെ കൂലി നിരക്കുയർന്നതും രാസവളം കീടനാശിനി മുതലായവയുടെ വില വർദ്ധനവും കാലാവസ്ഥയുടെ ഗതിമാറ്റവും നഷ്ടത്തിന് ആക്കംകൂട്ടി. ജന്മികുടിയാൻ ബന്ധങ്ങളിൽ ഉടമസ്ഥതയെ ചൊല്ലി ഇടക്കാലത്ത് ഉലച്ചിൽ ഉണ്ടായി. ജന്മിമാർ കുടിയൊഴിപ്പിക്കലിനു കോടതിയെ സമീപിക്കുന്ന സംഭവങ്ങളുണ്ടായി. ഭൂപരിഷ്കരണ നിയമത്തിലൂടെ കുടിയാന് കൃഷിഭൂമി സ്വന്തമാകുന്ന സ്ഥിതി വന്നു. ഇതു കാർഷിക മേഖലയുടെ വളർച്ചയ്ക്കു വഴിതെളിച്ചു. ഇതോടെ കൂടുതൽ ആദായകരവും സ്ഥായിയുമായ കൃഷിയിലേയ്ക്കു കൃഷിക്കാരൻ തിരിഞ്ഞെങ്കിലും തുണ്ടു ഭൂമികളുടെ എണ്ണം കൂടി. ഭൂവുടമസ്ഥത പാർപ്പിട സൗകര്യത്തിനു മാത്രമെന്നു കുറെപ്പേർ കരുതി. കൃഷി മാന്യത കുറഞ്ഞ തൊഴിലാണെന്ന തോന്നൽ ഉണ്ടായി. അതുകൊണ്ടു പലരും മറ്റു തൊഴിലുകളിലേയ്ക്ക് ചേക്കേറി. കൂലി നിലവാരം ഉയർന്നുവരുന്നതനുസരിച്ച് കൃഷിഭൂമിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിന്റെ അളവ് ക്രമേണ കുറഞ്ഞു വന്നു. ഇതിന്റെ ഫലമായി ഭക്ഷ്യധാന്യവിളകളിൽ നിന്നും നാണ്യവിളകൃഷിയിലേയ്ക്ക് കൃഷിക്കാർ മാറി. പ്രധാനമായി റബ്ബർ കൃഷിയാണ് ചെയ്തത്. ഇവയുടെയെല്ലാം ഫലമായി ഭക്ഷ്യധാന്യ കൃഷിമേഖലയിൽ മുരടിപ്പുണ്ടായി.

പ്രശ്നങ്ങൾ

1. കർഷകതൊഴിലാളികളുടെ എണ്ണം കുറഞ്ഞു.
2. ഭൂമി തുണ്ടുതുണ്ടാകുന്നതുമൂലം ചെലവുകൂടുന്നു.
3. വിത്തിനങ്ങൾ വേണ്ടത്ര ലഭ്യമാകുന്നില്ല.
4. കാർഷിക സബ്സിഡി കൃഷിക്കുപയുക്തമായ രീതിയിൽ സമയോചിതമായി ലഭിക്കുന്നില്ല.
5. കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമല്ല. കാർഷിക വിദഗ്ദ്ധർ കൃഷിഭൂമി നേരിട്ട് സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുന്നില്ല.
6. കൃഷി രീതികളെ സംബന്ധിച്ച ശാസ്ത്രീയമായ അറിവു കിട്ടുന്നില്ല.
7. കൃഷിക്കാവശ്യമായ വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ
8. കൃഷിയിറക്കുവാൻ ആവശ്യമായ ജലസേചനമില്ല
9. വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന കൃഷിനാശം
10. ആവശ്യമായ തോടുകളുടെയും ചാണകളുടെയും അപര്യാപ്തത. ഉള്ള തോടുകളുടെയും ചാണകളുടെയും വിസ്തൃതി കുറയുന്നു.
11. തോട്ടുപുറമ്പോക്കുകൾ അനധികൃതമായി കയ്യേറുന്നതിനാൽ മടവീഴ്ചയുണ്ടായി കൃഷിനാശമുണ്ടാകുന്നു.
12. ജല സേചനത്തിനുവേണ്ടി നിർമ്മിച്ച കുളങ്ങൾ അന്യാധീനപ്പെട്ടു പോകുന്നു. ജലലഭ്യത ഇല്ലാതാകുന്നു.

13. വേണ്ടത്ര നീർവിഴ്ച ഇല്ലാത്തതിനാൽ കൃഷി നാശം സംഭവിക്കുന്നു.
14. ചില പാടശേഖരങ്ങളിലേയ്ക്കു ടില്ലർ ട്രാക്റ്റർ തുടങ്ങിയ യന്ത്രങ്ങൾ ഇറക്കുവാൻ മാർഗ്ഗമില്ല.
15. പഴം പച്ചക്കറികൾ സംസ്ക്കരിക്കുന്നതിനും ശേഖരിച്ചു സൂക്ഷിക്കുന്നതിനും മാർഗ്ഗമില്ല.
16. മണ്ണു പരിശോധനാകേന്ദ്രങ്ങളുടെ അഭാവം പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും അനുഭവപ്പെടുന്നു.
17. ചരിവുതലപ്രദേശങ്ങളിൽ മണ്ണൊലിപ്പുമൂലം മേൽമണ്ണു നഷ്ടപ്പെടുന്നു. ഇതുകൊണ്ട് മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുന്നു.
18. വാർഡുതലത്തിൽ കർഷകസംഘങ്ങൾ രൂപീകരിച്ചിട്ടില്ലാത്തതിനാൽ കൃഷി വികസന പദ്ധതികൾ യഥാസമയം കൃഷിക്കാർ അറിയുന്നില്ല.
19. നിലവിലുള്ള കാർഷികാനുകൂല്യങ്ങൾ ജനങ്ങൾ മനസ്സിലാക്കുന്നില്ല.
20. ഗവൺമെന്റിൽ നിന്നും സബ്സിഡി ഇനത്തിൽ കാർഷികോപകരണങ്ങൾ വിതരണം ചെയ്യുമ്പോൾ സ്വതന്ത്രമായി അത്തരം ഉപകരണങ്ങൾ വാങ്ങുന്നതിന് കർഷകന് അനുവാദമില്ല.
21. കാർഷികവൃത്തി കൊണ്ടുമാത്രം ഉപജീവനം നടത്തുന്നവർക്ക് ആനുകൂല്യങ്ങളിൽ മുൻഗണന ലഭിക്കുന്നില്ല.
22. കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി പാടേ കുറഞ്ഞുകൊണ്ടിരിക്കുന്നു.
23. കൃഷിവിദഗ്ദ്ധന്മാരുടെ മാർഗ്ഗനിർദ്ദേശങ്ങൾ കൃഷിക്കാർക്ക് ലഭിക്കുന്നില്ല.
24. കൃഷിക്ക് മഴയെ മാത്രം ആശ്രയിക്കേണ്ടിവരുന്ന ഗതികേടാണുള്ളത്. ഫലപ്രദമായ സ്ഥലജല മാനേജുമെന്റില്ല.
25. നെൽകൃഷി ഇപ്പോൾ ആദായകരമാകുന്നില്ല.
26. അമിതമായ രാസവളപ്രയോഗം ഗുണമേന്മയെ തകർത്തു. പരിസ്ഥിതി മലിനീകരണത്തിനു കാരണമായി.
27. കാർഷികോൽപന്നങ്ങളുടെ ആത്യന്തിക ആദായം കർഷകനു ലഭ്യമാക്കുവാൻ ഇടനിലക്കാരനെ പരിപൂർണ്ണമായും ഒഴിവാക്കുവാൻ സംവിധാനമില്ല.
28. ബഹുഭൂരിപക്ഷം കുടുംബങ്ങളും പച്ചക്കറിയുൽപന്നങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടിയിട്ടില്ല.
29. വിളവുവർദ്ധനയുടെ കാര്യത്തിൽ മത്സരം സംജാതമാകുവാനുള്ള സംവിധാനങ്ങൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.
30. നാടൻ പച്ചക്കറിയുടെ ഗുണമേൻമയെക്കുറിച്ച് ബോധവൽക്കരണങ്ങൾ ഉണ്ടാകുന്നില്ല.
31. റബ്ബർ കൃഷിക്ക് ഫംഗസ്, ഇലചുരുളൻ, പട്ടമരപ്പ് തുടങ്ങിയ രോഗങ്ങൾ കൃഷിയുടെ നാശത്തിന് ഇടയാകുന്നു.
32. റബ്ബർ, തെങ്ങ് എന്നിവയുടെ ഇടവിളകൃഷിക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.
33. ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്ന റബ്ബർ ഉൽപന്നങ്ങൾ വ്യവസായവൽക്കരിക്കുവാൻ സംവിധാനങ്ങൾ പഞ്ചായത്തിൽ നിലവിലില്ല.
34. റബ്ബർ ഉൽപന്നങ്ങളുടെ ആദായം ഇടനിലക്കാർ കൈക്കലാക്കുന്നതുമൂലം റബ്ബർ കർഷകർ ചൂഷണം ചെയ്യപ്പെടുന്നു.
35. തെങ്ങുരോഗങ്ങൾക്ക് ഫലപ്രദമായ നിവാരണമാർഗ്ഗങ്ങളില്ല.
36. രോഗംമൂലം വെട്ടിമാറ്റി പുതിയ തെങ്ങുകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള ധനസഹായം എല്ലാവർക്കും ലഭ്യമാകുന്നില്ല.
37. തെങ്ങുകൃഷിക്കാവശ്യമായ ജലസേചനസൗകര്യങ്ങൾ ലഭ്യമല്ല.
38. നാളികേര ഉൽപന്നങ്ങൾകൊണ്ടുള്ള വ്യവസായങ്ങൾ ഇല്ലാത്തതുമൂലം നാളികേരത്തിന് അർഹമായ വില ലഭ്യമാകുന്നില്ല.
39. പുഷ്പകൃഷിക്കാവശ്യമായ സാങ്കേതികവിദ്യയും സഹായവും ലഭ്യമാകുന്നില്ല.
40 ഔഷധസസ്യങ്ങളുടെ നടീൽ വസ്തുക്കൾ ആവശ്യത്തിനു ലഭിക്കുന്നില്ല.
41. കൂണിന്റെ പോഷകമൂല്യം സാധാരണ ജനതയ്ക്ക് അറിയില്ല. ലഭ്യത വളരെ കുറവാണ്.
42. കൊക്കോ വികസനത്തിനും വിപണനത്തിനും ആവശ്യമായ സഹായം ലഭിക്കുന്നില്ല.
43. കൊക്കോ സംഭരണത്തിനും സംസ്ക്കരണത്തിനും സംവിധാനം നിലവിലില്ല.
44. ജാതി, ഗ്രാമ്പൂ, കറുവാപട്ട ഇവയുടെ കൃഷിപരിപാലനത്തിന് ആവശ്യമായ സഹായം ലഭിക്കുന്നില്ല. ഇവയുടെ സംസ്കരണത്തിനുള്ള സാങ്കേതികവിദ്യ ലഭിക്കുന്നില്ല.
45. കരുമുളകു കൃഷിപാടേ നശിച്ചുകൊണ്ടിരിക്കുന്നു. ഇവയ്ക്കുണ്ടാകുന്ന രോഗങ്ങൾക്ക് ഫലപ്രദമായ നിവാരണമാർഗ്ഗങ്ങൾ ഇല്ലാത്തതിനാൽ

കൃഷിക്കാർ നിരാശരാണ്.

46. എലിശല്യം മൂലം വിളനാശമുണ്ടാകുന്നുണ്ട്. ലഭ്യമാകുന്ന എലിവിഷം ഫലപ്രദമായി കാണുന്നില്ല.

പരിഹാരമാർഗ്ഗങ്ങൾ

1. കൃഷിപ്പണികൾക്കും കൊയ്ത്തുമെതിക്കും യന്ത്രങ്ങൾ ഉപയോഗിക്കണം.
2. ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതി കാര്യക്ഷമമാക്കുകയും അവയിലൂടെ ഉൽപാദനോപാധികൾ വിതരണം ചെയ്യുകയും വേണം.
3. സബ്സിഡികൾ വേണ്ടസമയത്തു വിതരണം ചെയ്യണം. ലളിതമായ വ്യവസ്ഥകളിൽ ഓരോ വാർഡിലും ഓരോ കേന്ദ്രത്തിൽ നിന്നും വിതരണം ചെയ്യുവാൻ ഏർപ്പാടുണ്ടാക്കണം.
4. കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.
5. എല്ലാവാർഡിലുള്ളവർക്കും കൃഷിഭവനുമായി ബന്ധപ്പെടാൻ സൗകര്യം ഉണ്ടാകണം.
6. കൃഷിയെ സംബന്ധിച്ച ശാസ്ത്രീയ വിവരങ്ങളും കൃഷി രീതികളും കർഷകർക്കും കർഷകതൊഴിലാളികൾക്കും നൽകണം.
7. ആവശ്യമായ സാമ്പത്തിക വായ്പ നൽകണം. നിയമങ്ങൾ ലളിതവൽക്കരിക്കണം.
8. വെമ്പള്ളി കട്ടച്ചിറ തോട്ടിൽ ഞാറവേലി ഭാഗത്തും ഇലഞ്ഞിവേലി മാളേയ്ക്കൽ പടിക്കുമദ്ധ്യേയും രണ്ടു തോടുകൂടിയ ഭാഗത്തും ഈരൂട്ടുഭാഗത്തും ചീർപ്പുപണിയുക.
9. പുലിയള ഇലഞ്ഞിവേലി മുക്കുതോട്ടിൽ മുതിരക്കാലാ ജംഗ്ഷനിലുള്ള ചീർപ്പും ഓടയും നന്നാക്കണം.
10. കരിമ്പും കാലായിൽ നിന്നും ഇലഞ്ഞിവേലി മുക്കുവരെയുള്ള പുറം ബണ്ട് വീതികൂട്ടി ട്രാക്ടർ നെൽവയലുകളിൽ ഇറക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുക. അവിടെ, അക്കരെപ്പാടത്തേക്ക് ട്രാക്ടർ ഇറക്കത്തക്കവിധത്തിലുള്ള ഫുട് ബ്രിഡ്ജ് പണിയുക.
11. കണിയാം പടിയ്ക്കൽ നിന്നും മാളിയേക്കൽ പടിവരെയുള്ള റോഡിന്റെ അവസാന ഭാഗത്ത് തോടിനു കുറുകെ ട്രാക്ടർ കടക്കുന്നതിന് പാലം പണിയുക.
12. വല്യമനം, ചെറുമനം പാടശേഖരങ്ങളിലേയ്ക്ക് വട്ടുകുളത്തിൽ നിന്നും മൂർഖൻകാവുവരെ വഴിയുണ്ടാക്കുക.
13. മുതിരക്കാലാ ചെട്ടിപ്പറമ്പു കൈത്തോട് പുനർനിർമ്മാണം നടത്തണം.
14. വല്യതോട്, ചാത്തമല മുതൽ പുന്നിലം പാടംവരെ തോടിന്റെ ഇരുവശത്തും സംരക്ഷണഭിത്തി തീർത്ത് പാടത്തെ മടവീഴ്ച തടയുക.
15. വെമ്പള്ളി, കട്ടച്ചിറ തോട്ടിലുള്ള മുതലച്ചേരി ചീർപ്പ് വല്യമനം ചീർപ്പ്, പൂവപ്പാടം ചീർപ്പ് മാധവപ്പള്ളി ചീർപ്പ് എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തുക. കുറവിലങ്ങാട് കട്ടച്ചിറതോട്ടിൽ വില്ലൂടം പാടത്തിനു മുകൾ ഭാഗത്തായി ഒരു ചീർപ്പ് കെട്ടണം.
16. ഇണ്ടാറപ്പടിക്കലും എത്തൽപാടത്തും പൂഴിപ്പാടത്തും ഒരോ ചീർപ്പിടുക.
17. പുക്കറ, അഞ്ചാല, വളൊത്തൊളി, മുല്ലപ്പള്ളി ഭാഗത്തുകൂടിയുള്ള തോട് വീതികൂട്ടി തെക്കേടത്ത് പടിക്കൽ ചീർപ്പ് ഉണ്ടാക്കുക.
18. കോഴ, കട്ടച്ചിറ തോട്ടിൽ കാണക്കാരി പഞ്ചായത്തിൽ തുടങ്ങുന്ന മാധവപ്പള്ളി മുതൽ കാണക്കാരി പഞ്ചായത്തിന്റെ അതിർത്തിയായ കൂടല്ലൂർ വലിയ പാലംവരെ തോടിന് ആഴം കൂട്ടിയും വീതികൂട്ടിയും ഇരുവശങ്ങളിലും സംരക്ഷണഭിത്തി തീർക്കുക. 6,7,8,9,10 എന്നീ വാർഡുകൾക്ക് മൊത്തം പ്രയോജനം ലഭിക്കും.
19. ഇലയ്ക്കാട് കൊല്ലം കടവ് തോടിന്റെ വശങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കുക.
20. പട്ടിത്താനം മുതൽ 5-ാം വാർഡിന്റെ അതിർത്തിവരെയുള്ള ചെത്തിത്തോട് വീതിയുള്ളതും ജനുവരി വരെ വെള്ളം കിട്ടുന്നതുമായിരുന്നു. തോടിന്റെ ഇരുവശങ്ങളും കൈയ്യേറിയതിനാൽ തോടിന്റെ വീതികുറഞ്ഞു ഇതിന്റെ ഫലമായി മഴക്കാലത്തുണ്ടാകുന്ന വെള്ളം പല ഭാഗത്തേയ്ക്ക് ഒലിച്ചു പോകുന്നു. സർവ്വേ നടത്തി കൈയ്യേറ്റക്കാരിൽ നിന്നും തിരിച്ചെടുത്ത് ആഴവും വീതിയും കൂട്ടണം. മഴക്കാലത്ത് ഒഴുകിവരുന്ന ജലം പവ്വർഹൗസിനു പടിഞ്ഞാറുവശത്തുള്ള അനുയോജ്യമായ സ്ഥലത്ത് ബണ്ടു തീർത്ത് കൃഷിക്ക് ഉപയോഗിക്കണം. 2,3,5 എന്നീ വാർഡുകൾക്ക് ഇതുകൊണ്ടു പ്രയോജനം ഉണ്ടാകും.
21. മൂവാറ്റുപുഴ പദ്ധതിയുടെ അനുബന്ധകനാൽ 4,8,9,10 വാർഡുകളിലൂടെ തീർക്കണം.

കുളങ്ങൾ

1. 10-ാം വാർഡിലെ പഞ്ചായത്തുവക പൊതുചാലുകൾ താഴ്ത്തി മോട്ടോർ വെച്ച് ജലസേചനത്തിനു സൗകര്യപ്പെടുത്തുക. പറയരുകുഴി ഭാഗത്ത് കുളം കുഴിച്ച് മോട്ടോർ വയ്ക്കുക.
2. മണ്ണാർ വേലിഭാഗത്തും കണ്ണംപാടം ഭാഗത്തും ഓരോ കുളംകുഴിച്ച് മോട്ടോർ വയ്ക്കുക.
3. കോതോടം ഭാഗത്ത് അന്യാധീനപ്പെട്ടുപോയ കുളംതിരികെ പഞ്ചായത്തു കൈവശപ്പെടുത്തി കുളം നിർമ്മിക്കുക.
4. വെമ്പള്ളി കട്ടച്ചിറ തോട്ടിൽ 10-ാം വാർഡിൽ വട്ടുകുളം മുതൽ ചെറുചാൽവരെ തോടിന്റെ സംരക്ഷണഭിത്തികെട്ടുക.
5. വട്ടുകുളംചാലിന്റെ കരയോരം ഭാഗത്ത് കുളം തീർത്ത് മോട്ടോർ വയ്ക്കുക.
6. പഞ്ചായത്തുവക കൂട്ടമല കുളം ആഴം കൂട്ടി കൈത്തോട് (ചാണ) താഴ്ന്ന ഭാഗത്തേയ്ക്കു തീർത്ത് മോട്ടോർ വയ്ക്കുക.
7. കടപ്പൂർ ഭാഗത്ത് നിലവിലുള്ള ഇടശ്ശേരി പദ്ധതി ഉപയോഗത്തിലല്ല. കുളം താഴ്ത്തി പെരുമാപ്പാടത്ത് ജലസേചനം ലഭ്യമാക്കുക.
8. പഞ്ചായത്തിൽ നിലവിലുള്ള സ്വകാര്യ പാറക്കുളങ്ങളിലെ വെള്ളം പമ്പു ചെയ്ത് കൃഷിക്കുപയുക്തമാക്കണം.
9. കട്ടിപ്പറമ്പു കുളം ഐക്കരക്കുളം കല്ലാലികുളം കാവും പറമ്പിൽകുളം എന്നീ സ്വകാര്യകുളങ്ങൾ ആഴവും വിസ്തൃതിയും കൂട്ടി ജലസേചന സൗകര്യമുണ്ടാക്കുക.
10. മാധവപ്പള്ളി പാടത്ത് വല്യചാലിൽ ഒരു കുളം നിർമ്മിച്ച് മോട്ടോർ വയ്ക്കുക. പഞ്ചായത്തുവക കുട്ടൻ ചിറകുളവും പൂമുഖത്തുപാറ കുളവും ആഴം കൂട്ടുക.
11. കാണക്കാരി ജംഗ്ഷനിലുള്ള പഞ്ചായത്തുചിറക്കുളം ചേറു(ചെളി)വാരി ആഴം കൂട്ടുക. ജലസേചന സൗകര്യമുണ്ടാക്കുക.
12. പൂവഴിപ്പാടത്തിന്റെ തലയ്ക്കലും എത്തൽപാടത്തിന്റെ തലയ്ക്കലും കുളം കുഴിച്ച് മോട്ടോർ വയ്ക്കുക. പുറമറ്റം പാടത്തുള്ള പഞ്ചായത്തു കുളം ആഴംകൂട്ടി മോട്ടോർ വയ്ക്കണം.
13. പുക്കറപ്പടി, മുല്ലപ്പള്ളി ഭാഗം കുഴിക്കാട്ടു തലയ്ക്കൽ എന്നിവിടങ്ങളിൽ (സ്വകാര്യ) കുളം കുഴിച്ച് മോട്ടോർ വയ്ക്കണം.

കൈത്തോടുകൾ
വെള്ളം വാർന്നു പോകുന്നതിന്

1. ആനയൊക്കിയേൽ ചാലിൽ നിന്നും കൈത്തോടുണ്ടാക്കി വെമ്പള്ളി കട്ടച്ചിറത്തോട്ടിൽ യോജിപ്പിക്കുക.
2. കളത്തുചാലിൽ നിന്നും കൈത്തോടുകൾവെട്ടി ഇടച്ചേരി തോട്ടിൽ ചേർക്കുക.
3. വാളോച്ചാലിൽ നിന്നും ഇലഞ്ഞിവേലിമുക്കുവരെയുള്ള പുറംകൈത്തോട് ഇരുവശവും കെട്ടിജലം വാർന്നു പോകാൻ സൗകര്യമുണ്ടാക്കുക.
4. വെമ്പള്ളി പാലം മുതൽ മാളിയേക്കൽ പടിവരെ ഏകദേശം 1.5 കിലോമീറ്റർ നീളമുള്ള കൈത്തോട് 2 അടി വീതിയിൽ പാടത്തിനു നടുവിലൂടെ തീർക്കുക.
5. മുതുകുളം പാടത്തിന്റെ കരയരികിലൂടെ മുതുകുളം മുതൽ മാളിയേക്കൽ പടിവരെ 2 കിലോമീറ്റർ നീളത്തിലും 2 അടിവീതിയിലും കൈത്തോടു തീർക്കുക, (പുതിയത്). ഇത് കരവെള്ളച്ചാട്ടത്തിന്റെ കെടുതി ഒഴിവാക്കുവാൻ സഹായിക്കും.
6. വെമ്പള്ളി പാടത്തിന്റെ തെക്കടുത്ത് തോട്ടരികിലൂടെ നിലവിൽ ഇടച്ചേരി വരെയുള്ള കൈതോട് ഇലഞ്ഞിവേലി മുക്കുവരെ നീട്ടുക.
7. പാലമറ്റം പടിമുതൽ മാളിയേക്കൽപടിവരെ നിലവിലുള്ള അരികുകൈത്തോട് 3 അടി വീതിയിൽ വിസ്താരപ്പെടുത്തി ഭിത്തി കെട്ടി സംരക്ഷിക്കണം.
8. പൊന്നാകുഴി പൂവാഴി കൈത്തോടിന്റെ സംരക്ഷണഭിത്തികൾ തീർക്കുക.
9. കുമ്പിളു മൂട്ടിൽ പടി പുന്നിലം കൈത്തോടിന്റെ സംരക്ഷണഭിത്തികൾ തീർത്ത് മടവീഴ്ച തടയുക.
10. കുരീക്കാട്ടു പാടത്തിന്റെ നടുവിലൂടെയുള്ള തോടുതാഴ്ത്തി കോൺക്രീറ്റു ചെയ്യുക. (ഏകദേശം1.5 കിലോമീറ്റർ)
11. കിണറ്റുകാപ്പള്ളി പാടത്തിന്റെകിഴക്കരികിലൂടെയുള്ള കൈത്തോട് ഇല്ലിമൂട്ടിൽ പടിമുതൽ കൂറ്റൻ ചിറവരെ കോൺക്രീറ്റു ചെയ്യുക.
12. കല്ലാലി പാലത്തിനു മുകൾവശമുള്ള മുഴുനിലം മുതൽ കാരോത്തുപടിവരെ 2 അടി വീതിയിൽ നിലവിലുള്ള കൈത്തോട് കോൺക്രീറ്റുചെയ്യുക.
13. പല്ലാമറ്റം പാടത്തേയ്ക്ക് റോഡിൽ നിന്നും വരുന്നവെള്ളം ഒഴിച്ചു വിടുന്നതിന് പാടത്തിന്റെ കിഴക്കുവശത്തുകൂടി വെമ്പള്ളിതോടുവരെ കൈത്തോടുണ്ടാക്കുക.

14. കുറപ്പനാട്ടു തലമുതൽ കുന്നലം തോടുവരെയുള്ള കൈച്ചാണ പുറമ്പോക്കു തിരിച്ചെടുത്ത് വശം കെട്ടിത്തീർക്കുക.
15. പാടങ്ങളിലേയക്ക് ടില്ലർ, ട്രാക്റ്റർ തുടങ്ങിയവ പ്രവേശിക്കുന്നതിന് ആവശ്യമായ സ്ലാബുകൾ വാർത്തിടുക.
16. പച്ചക്കറി വിപണന കേന്ദ്രങ്ങൾ കല്ലമ്പാറ, കാണക്കാരി, കാണക്കാരി ആശുപത്രിപ്പടി, വെമ്പള്ളി, കടപ്പൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കുക.
17. പഴം പച്ചക്കറിശീതികരണകേന്ദ്രങ്ങൾ സ്ഥാപിക്കുക
18. മണ്ണു പരിശോധനാകേന്ദ്രം സ്ഥാപിക്കുക. ഈ പഞ്ചായത്തിലെ V.H.S, H.S.S എന്നിവയുമായി ബന്ധപ്പെട്ട് ഇത് പ്രവർത്തിപ്പിക്കാവുന്നതാണ്.
19. മണ്ണൊലിപ്പും നീരൊഴുക്കും തടയുന്നതിനുള്ള പ്രായോഗിക പദ്ധതികൾ പഞ്ചായത്തിൽ മുഴുവനായി നടത്തുക. കാർഷിക പ്രസിദ്ധീകരണങ്ങൾ ലൈബ്രറികളിൽ ലഭ്യമാക്കുക.
20. സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ്, നാളികേരവികസന ബോർഡ് എന്നിങ്ങനെ കൃഷിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കേന്ദ്രങ്ങളെ പഞ്ചായത്തുതലത്തിൽ കൃഷിഭവനുമായി ബന്ധിപ്പിക്കുകയും വിവരങ്ങൾ കർഷകരെ അറിയിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
21. നെൽവിത്തിനങ്ങൾ വേണ്ട സമയത്ത് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കുകയും വളം കീടനാശിനി എന്നിവയുടെ സബ്സിഡി വർദ്ധിപ്പിക്കുകയും ചെയ്യുക.
22. കാർഷികോപകരണങ്ങൾ കൃഷിക്കാർക്ക് സൗജന്യനിരക്കിൽ കൊടുക്കുക. സബ്സിഡി നിരക്കിൽ കൊടുക്കുന്ന മോട്ടോർ പമ്പുസെറ്റുകൾ തെരഞ്ഞെടുക്കുവാനുള്ള അവകാശം കർഷകരിൽ നിക്ഷിപ്തമാക്കുക.
23. ആനുകൂല്യങ്ങൾ യഥാർത്ഥകൃഷിക്കാരനു ലഭ്യമാക്കാൻ കഴിയണം.
24. നടുതല കൃഷി ചേന, കപ്പ, കാച്ചിൽ, ചേമ്പ്,കിഴങ്ങ്, മഞ്ഞൾ തുടങ്ങിയ കൃഷികൾ നിലനിർത്താനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക.
25. കൃഷിശാസ്ത്രജ്ഞർ സാങ്കേതിക വിദഗ്ദ്ധർ തുടങ്ങിയവർ കൃഷിയിടങ്ങൾ സന്ദർശിച്ച് ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകാൻ സംവിധാനമുണ്ടാക്കുക.
26. കാലാകാലങ്ങളിൽ നെൽകൃഷിക്ക് അനുവദിക്കുന്ന സഹായങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുക. വാട്ടർ ഷെഡ്ഡ് പദ്ധതിയിൽ പഞ്ചായത്തിനെ ഉൾപ്പെടുത്തുക.
27. ജൈവവളം ജൈവകീടനാശിനി എന്നിവയുടെ നിർമ്മാണത്തിനും പ്രയോഗത്തിനും പ്രോത്സാഹനം നൽകുക.
28. കാർഷികോൽപന്നങ്ങൾക്ക് അടിസ്ഥാന വിലനിശ്ചയിക്കുക ഇടനിലക്കാരെ ഒഴിവാക്കുക. സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ എല്ലാ വീടുകളിലും വളം വിത്ത് എന്നിവ വിതരണം ചെയ്ത് അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കുവാൻ പരിപാടി ആസൂത്രണം ചെയ്യുക.
29. കൃഷിക്കാർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുക. നാടൻ പച്ചക്കറികളുടെ ഗുണമേന്മ ഉചിതമായ മാർഗ്ഗങ്ങളിലൂടെ പ്രചരിപ്പിക്കുക.
30. പച്ചക്കറി, പഴവർഗ്ഗങ്ങൾ തുടങ്ങിയവ സംസ്ക്കരിച്ചു വിപണനം നടത്തുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.
31. റബ്ബർ തെങ്ങ് എന്നിവയ്ക്ക് ഇടവിളയായി ഔഷധകൃഷി കൈതകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക. ഇവ വിപണനത്തിനുള്ള സൗകര്യമുണ്ടാക്കുക.
32. റബ്ബറിനും നാളികേരത്തിനും തറവില പുതുക്കി നിശ്ചയിക്കുക. റബ്ബറുൽപാദകസംഘം കാര്യക്ഷമമാക്കുക.
33. കാറ്റുവീഴ്ച. കൂമ്പുചീയൽ, മണ്ടയടപ്പ് തുടങ്ങിയ തെങ്ങു രോഗങ്ങൾ നിവാരണം ചെയ്യുവാനുള്ള തീവ്രയജ്ഞ നടപടി സ്വീകരിക്കുക കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുകയും അവയ്ക്ക് ധനസഹായം ലഭ്യമാക്കുകയും ചെയ്യുക.
34. കൂലി നിരക്ക് പഞ്ചായത്തിൽ ഏകീകരിക്കുക.
35. പഞ്ചായത്തു തലത്തിൽ തൊഴിലാളികൾ രജിസ്റ്റർ ചെയ്യുവാനും ആവശ്യത്തിന് ഓരോ മേഖലയിലും തൊഴിലാളികളെ ലഭ്യമാക്കുവാനും പരിപാടി തയ്യാറാക്കുക.
36. ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല തുടങ്ങിയ കൃഷികൾക്ക് ആവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യവും പ്രോത്സാഹനവും നൽകുക.
37. ഔഷധ സസ്യങ്ങൾ ഓരോ വീട്ടിലും നട്ടുവ

ളർത്തുവാൻ പ്രോത്സാഹിപ്പിക്കണം.

38. കൂൺകൃഷി പ്രോത്സാഹിപ്പിക്കുക.
39. കൊക്കോ, ഗ്രാമ്പൂ, ജാതി തുടങ്ങിയവ സംസ്ക്കരിക്കാനുള്ള വിദഗ്ദ്ധപരിശീലനം നൽകുക.
40. തെങ്ങുകൃഷിക്ക് ഇടവിളയായി കുരുമുളകുകൃഷി പ്രോത്സാഹിപ്പിക്കുക. തെങ്ങിന് ഇടവിളയായി 'കാവേരി' കാപ്പി കൃഷിക്ക് തൈകൾ വിതരണം ചെയ്യുക.
41. എലി നശീകരണത്തിന് ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക. അന്യാധീനപ്പെട്ടുപോയ പുറമ്പോക്കു സ്ഥലങ്ങൾ വീണ്ടെടുക്കുവാൻ ഉടൻ നപടികൾ ഉണ്ടാവണം.
42. പഞ്ചായത്തിലെ പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കാർഷികവൃത്തിയിൽ താത്പര്യമുള്ള വീട്ടമ്മമാർക്കും തൊഴിൽ രഹിതർക്കും തൊഴിൽ മാർഗ്ഗമെന്നനിലയിലും പഞ്ചായത്തിൽ സമഗ്രമായ ഒരു ജനകീയ പച്ചക്കറി കൃഷിക്ക് കൃഷിഭവന്റെ സഹായത്തോടെ രൂപം നൽകുക.



5-2

മൃഗസംരക്ഷണം, മത്സ്യബന്ധനം

കാർഷികമേഖലയായ കാണക്കാരി പഞ്ചായത്തിൽ കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലി വളർത്തൽ. നിലമുഴുന്നതിനും വണ്ടി വലിക്കുന്നതിനും പാലുല്പാദിപ്പിക്കുന്നതിനും വേണ്ടിയാണ് പ്രധാനമായും കന്നുകാലികളെ വളർത്തിയിരുന്നത്. കൂടാതെ കൃഷിക്കാവശ്യമായ ജൈവവളത്തിനും മാംസത്തിനുംവേണ്ടി കന്നുകാലികളെ സംരക്ഷിച്ചുപോന്നിരുന്നു. എന്നാൽ കന്നുകാലി വളർത്തൽ മുഖ്യതൊഴിലാക്കിയവർ ഇവിടെ കുറവായിരുന്നു. നെൽകൃഷി കഴിഞ്ഞ് പാടം ഒഴിഞ്ഞാൽ കാലികളെ മേക്കുവാൻ സൗകര്യമായിരുന്നു. കരഭൂമികളിൽ ഹ്രസ്വകാലവിളകൾ കൃഷി ചെയ്തിരുന്നതുകൊണ്ട് വിളവെടുപ്പിനുശേഷം അവിടെയും കന്നുകാലികളെ മേയ്ക്കുമായിരുന്നു.

കാലികളെ സ്വന്തമായി വാങ്ങുവാൻ കഴിവില്ലാത്തവർ കിടാവുകളെ വളർത്തുവാൻ വാങ്ങുന്ന രീതി നിലവിലുണ്ടായിരുന്നു. കിടാരികളെ ഉടമസ്ഥൻ താഴ്ന്നവരുമാനക്കാർക്ക് വളർത്താൻ കൊടുക്കും. ഇതനുസരിച്ച് വളർത്തുവാൻ ഏറ്റെടുക്കുന്ന കിടാവിനെ വളർത്തി പ്രസവിച്ചാൽ ആദ്യപ്രസവത്തിലെ കുഞ്ഞിനെ വളർത്തുകാരനെടുക്കാം. രണ്ടാം പ്രസവത്തോടെ പശുവിനേയും കുട്ടിയേയും ഉടമസ്ഥന് തിരിച്ച് ഏല്പിക്കുകയും ചെയ്തിരുന്നു.

പാടങ്ങൾ പലതും നികത്തി തെങ്ങും റബ്ബറും കൃഷി ചെയ്തു. വൈക്കോൽ, പുല്ല് എന്നിവയുടെ ലഭ്യത കുറഞ്ഞു. കുട്ടനാട്ടിൽനിന്നും സമീപ പ്രദേശങ്ങളിൽ നിന്നും വൈക്കോൽ വാങ്ങേണ്ട സ്ഥിതിയായി. അതോടുകൂടി കന്നുകാലി വളർത്തൽ കുറഞ്ഞുവന്നു. ഈ സാഹചര്യത്തിൽ പോഷകസമൃദ്ധമായ കാലിത്തീറ്റകൾ വിപണിയിൽ സുലഭമാവുകയും ഉല്പാദനക്ഷമത കൂടിയ പശുക്കൾ ലഭ്യമാവുകയും ചെയ്തതിന്റെ ഫലമായി പശുക്കളെ വളർത്തൽ പഞ്ചായത്തിൽ സജീവമായി തുടങ്ങി. ഇതിന്റെ ഫലമായി പാലിന്റെ ഉല്പാദനത്തിലും ഉപഭോഗത്തിലും വർദ്ധനയുണ്ടായി.

1991-ലെ കന്നുകാലി സെൻസസ് അനുസരിച്ച് നാടൻ പശുക്കൾ ചുരുക്കമാണ്. ഒരുപാട് നേട്ടങ്ങൾ മൃഗസംരക്ഷണ ക്ഷീരോല്പാദനരംഗത്തുണ്ടായിട്ടുണ്ടെങ്കിലും സമൂഹത്തിന്റെ താഴെതട്ടിലേക്ക് വളരെ കുറച്ചേ എത്തിച്ചേർന്നിട്ടുള്ളു. ഉയർന്ന ജനിതകഗുണങ്ങളുള്ള സങ്കരയിനം കന്നുകാലികൾക്ക് പോഷകമൂല്യമുള്ള തീറ്റ, അവയുടെ പരിചരണത്തിന് പരിശീലനം ഇവ ആവശ്യമാണ്. എന്നാൽ ഇത് ചെലവേറിയതാണ്. അതുകൊണ്ടുതന്നെ സാധാരണകർഷകനു സാധിക്കുന്നില്ല. അതിനാൽ താരതമ്യേന സാമ്പത്തികമായി മേലേക്കിടയിലുള്ള കർഷകനേ ഉയർന്ന സങ്കരയിനം പശുക്കളെ വളർത്തി ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുന്നുള്ളു.

പുത്തൻ സാങ്കേതികവിദ്യയുടെ പ്രയോഗം ഉദ്ദേശിച്ച ഫലങ്ങൾ നൽകണമെങ്കിൽ ഉയർന്ന ഉല്പാദനക്ഷമതയുള്ള മൃഗങ്ങളെ ഉല്പാദിപ്പിക്കുകയും മറ്റു ഘടകങ്ങളായ കാലിത്തീറ്റ, ശരിയായ ചികിത്സ, ശാസ്ത്രീയമായ പരിപാലനം എന്നിവ ഉറപ്പാക്കുകയും തീറ്റപുൽകൃഷി ജനങ്ങളുടെ ഇടയിൽ തീവ്രമായി പ്രചരിപ്പിക്കുകയും വേണം. നാട്ടിൽ ലഭിക്കുന്ന വിഭവങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ ഉണ്ടാക്കണം.

ഒരു വർഷം ഏതാണ്ട് ആയിരത്തിഇരുനൂറോളം ഉരുക്കളെ കശാപ്പുചെയ്യുന്നതിനായി മറ്റുസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നുണ്ട്. മൃഗങ്ങൾ പലതും രോഗം ബാധിച്ചവയാണ്. അതുകൊണ്ടുതന്നെ കശാപ്പാവശ്യങ്ങൾക്കുവേണ്ട മൃഗങ്ങളെ വളർത്തുന്നതിനും ശാസ്ത്രീയമായ രീതിയിൽ മാംസ ഉൽപാദനവും സംസ്കരണവും നടത്തുന്നതിനും ജനങ്ങളെ പ്രോത്സാഹിപ്പിക്കണം. അതുവഴി ജനതയുടെ ക്രയശേഷി വർദ്ധിക്കും. പഞ്ചായത്തിന്റെ സാമ്പത്തിക ഉന്നമനവും സാധ്യമാകും. തോൽ, മാംസം, രക്തം, എല്ല് തുടങ്ങിയവ ഉപയോഗിച്ചുള്ള വ്യവസായ യൂണിറ്റുകൾക്ക് രൂപം കൊടുക്കുകയും വേണം.

കോഴിമുട്ടയുടെയും ഇറച്ചിയുടെയും ഉപയോഗം വർദ്ധിക്കുന്നതിന് അനുസരിച്ചുള്ള ഉല്പാദനം നടക്കുന്നില്ല. കോഴിവസന്തയെ പ്രതിരോധിക്കാൻ സംവിധാനം വേണം. മുൻകാലങ്ങളിൽ മറ്റു പ്രദേശങ്ങളിൽ നിന്നും താറാവിനെ കൊയ്ത്തുകഴിഞ്ഞ പാടങ്ങളിൽ കൊണ്ടുവന്നു തീറ്റിക്കുമായിരുന്നു. താറാവ് കൃഷിക്ക് ആവശ്യമായ പ്രോത്സാഹനം നൽകിയാൽ പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ താറാവുകൃഷി വികസിപ്പിക്കുവാൻ സാധിക്കും. അതുപോലെ തന്നെ ആദായകരമായി നടത്തുവാൻ സാധിക്കുന്ന ആട്, പന്നി, ഇറച്ചിക്കോഴി തുടങ്ങിയ ഇനങ്ങളെ വളർത്താനും പ്രോത്സാഹനം നൽകണം.

നിർദ്ദേശങ്ങൾ

- പശുവിനെ സൗജന്യമായി ഇൻഷുർ ചെയ്യുക
- സൗജന്യനിരക്കിൽ കാലിത്തീറ്റ വിതരണം നടത്തുക
- പാലിന് ന്യായമായ വില ലഭ്യമാക്കുക
- വാർഡുകളിൽ മിൽക്ക് സൊസൈറ്റികൾ സ്ഥാപിച്ച് പാലുല്പന്നങ്ങൾ നിർമ്മിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക
- സങ്കര ഇനം പശുക്കുട്ടികളെ സൗജന്യനിരക്കിൽ വിതരണം ചെയ്യുക
- കാലിത്തീറ്റ, കോഴിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക (ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത്)
- മൃഗാശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക
- കാണക്കാരി, കുറുമുള്ളൂർ പ്രദേശങ്ങളുടെ സൗകര്യാർത്ഥം ഒരു I.C.D.P സെന്റർ സ്ഥാപിക്കുക.
- തെങ്ങിന് ഇടവിളയായും തരിശായി കിടക്കുന്ന സ്ഥലങ്ങളിലും തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുക. (ഉദാ. കോട്ടയം ടെക്സ്റ്റൈൽസിന്റെ വകയായി കിടക്കുന്ന തരിശുഭൂമി)
- പുൽവിത്തും വളവും സൗജന്യമായി നൽകുക.
- ഓരോ വാർഡിലും ഒരു മൃഗസംരക്ഷണസമിതി ഉണ്ടാക്കണം. അതിൽകൂടി പാൽ, മുട്ട, കോഴി, പന്നി, പശു, ഇറച്ചി ഇവയുടെ ശേഖരണവിതരണ കേന്ദ്രം സ്ഥാപിക്കുക.
- തേനീച്ച വളർത്തൽ, പട്ടുനൂൽപുഴു വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുക.
- ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക.
- കഴിയുന്നത്ര വീടുകളിൽ സങ്കരയിനം മുട്ടക്കോഴികളെ വിതരണം ചെയ്യുക.
- മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുക, വീട്ടമ്മമാർക്ക് ഇക്കാര്യത്തിൽ പരിശീലനം നൽകുക.
- കാടവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുവാൻ കാടക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക.
- പഞ്ചായത്തിൽ ഒരു മിനിഹാച്ചറി സ്ഥാപിക്കുക. (5000 മുട്ട വിരിയിക്കാനുള്ള ഇൻകുബേറ്റർ സ്ഥാപിക്കണം)
- പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കുക
- ആടിന് കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം ഉണ്ടാക്കുക.
- പശുവളർത്തലിനോടൊപ്പം ഗോബർഗ്യാസ് യൂണിറ്റുകൾ സ്ഥാപിക്കുവാൻ ധനസഹായവും പ്രോത്സാഹനവും നൽകുക.
- ആധുനിക രീതിയിലുള്ള കശാപ്പുശാലകൾ സ്ഥാപിക്കുക
- പേവിഷവിമുക്ത പഞ്ചായത്ത് ആക്കുവാൻ നടപടി എടുക്കുക. വളർത്തുനായ്ക്കൾക്ക് പ്രതിരോധകുത്തിവയ്പ് നിർബന്ധമാക്കുക. അലഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കുക. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുക.
- എലി നശീകരണം നടപ്പാക്കുക
- മൃഗാശുപത്രികളിൽ പ്രതിരോധകുത്തിവയ്പിനുള്ള മരുന്ന്, അത്യാവശ്യം മറ്റു മരുന്നുകൾ ഇവ ലഭ്യമാക്കുക.
- താറാവു വളർത്തൽ പ്രോത്സാഹിപ്പിക്കുക
- ശാസ്ത്രീയമായ പശുക്കറവ പരിശീലിപ്പിക്കുക.

മത്സ്യബന്ധനം

മത്സ്യബന്ധനം ഉപജീവനമാർഗ്ഗമാക്കിയവർ ഇല്ല. എന്നാൽ ഭക്ഷണത്തിനുള്ള മീൻ തോടുകളിൽ നിന്നു പിടിക്കുന്നവരുണ്ട്. പ്രത്യേകിച്ച് പുതുമഴ പെയ്ത് വെള്ളം പൊങ്ങുന്ന സമയത്താണ് ഇത് പ്രധാനമായും ചെയ്യുന്നത്. കൃഷിക്കായി പുഞ്ചയിൽ വെള്ളം വറിക്കുമ്പോൾ മീൻ പിടിക്കുവാൻ ധാരാളം ആൾക്കാർ പോകാറുണ്ട്.

മത്സ്യവിപണനത്തിനായി മത്സ്യമാർക്കറ്റുകളൊന്നും നമ്മുടെ പഞ്ചായത്തിലില്ല. മത്സ്യവിപണനം തൊഴിലാക്കിയവർ വളരെ ചുരുക്കമാണ്. ഏറ്റുമാനൂർ മത്സ്യമാർക്കറ്റിൽ നിന്നുമാണ് ഇവിടെ വിപണനത്തിന് ആവശ്യമായ മത്സ്യം കൊണ്ടുവരുന്നത്.

മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നത് പ്രധാനമായും കോരുവല, വീശുവല, ഒറ്റാൽ, കൂട്, ചൂണ്ട, ഉടക്കുവല ഇവയാണ്. തെറ്റാലിയും, അമ്പും വില്ലും ഉപയോഗിക്കുന്നവരും ഉണ്ട്.

മത്സ്യം വളർത്തുന്നതിനാവശ്യമായ കുളങ്ങൾ, തോടുകൾ ഇവയുണ്ട് (പഞ്ചായത്തു വകയും സ്വകാര്യവും). ദു:ഖശനിയാഴ്ച ജനങ്ങൾ കൂട്ടമായി വന്ന് മത്സ്യബന്ധനം നടത്തിവന്നിരുന്ന തുരുത്തേൽ തോടാണ് മത്സ്യം വളർത്തുന്നതിന് അനുയോജ്യമായ തോട്. പഞ്ചായത്തുവക കുളങ്ങളിലും തോടുകളിലും മത്സ്യകൃഷിയിൽ താല്പര്യമുള്ളവരുടെ ചെറുസംഘങ്ങൾ ഉണ്ടാക്കി മത്സ്യകൃഷി അഭിവൃദ്ധിപ്പെടുത്താം. സ്വകാര്യവ്യക്തികളുടെ കൈവശമുള്ള കുളങ്ങൾ, പാട്ടത്തിനെടുത്തോ, അവർ തയ്യാറാണെങ്കിൽ സ്വന്തനിലയിലോ മത്സ്യം വളർത്തുന്നതിന് സഹായം നൽകുക. നമ്മുടെ പരിമിതമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മത്സ്യം വളർത്തുവാൻ ആവശ്യമായ സാഹചര്യം ഒരുക്കുക.



വളർത്തുമൃഗങ്ങളെ സംബന്ധിക്കുന്ന പട്ടിക

വാർഡ്	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
I					2		534	412	2	5		400	285	
II		2					600	543	3	9		475	600	
III		2					394	230	3	2		484	340	
IV		3					600	430				510	230	
V							800	300		2		340	400	
VI							610	384	3			300	300	
VII			1				500	340				335	240	
VIII							700	730				835	400	
IX			1				390	580	3	2		416	300	
X							300	175				340	158	
Total			**7**	**2**		**2**	**5428**	**4124**	**14**	**20**		**4435**	**3253**	

5.3

വ്യവസായം

വ്യാവസായികമായി പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണിത്. കാർഷികമേഖലയാണ് കാണക്കാരി പഞ്ചായത്ത്. അതുകൊണ്ട് വ്യവസായ സംസ്കാരം ജനങ്ങളിൽ വളർന്നുവന്നിട്ടില്ല. സാങ്കേതികവിദഗ്ദ്ധരുടെ അഭാവമുണ്ട്. എന്നാൽ വിദ്യാസമ്പന്നരായ യുവജനങ്ങൾക്ക് വ്യവസായം ആരംഭിക്കാൻ താല്പര്യമുണ്ട്. അവർക്കുവേണ്ട സാങ്കേതികോപദേശവും ആത്മധൈര്യവും നല്കിയാൽ ചെറുകിട വ്യവസായങ്ങൾ വളരാനുള്ള സാധ്യതയുണ്ട്.

ഈ പഞ്ചായത്തിലെ പ്രധാനവ്യവസായ സ്ഥാപനം കേരളസർക്കാർ ഉടമസ്ഥതയിലുള്ള കോട്ടയം ടെക്സ്റ്റൈൽസ് ആണ്. 1.11.68 ൽ ഇതു സഹകാര്യമേഖലയിലാണ് ആരംഭിച്ചതെങ്കിലും 3.9.78-ൽ സർക്കാർ ഏറ്റെടുക്കുകയാണുണ്ടായത്. നൂൽ ഉല്പാദിപ്പിക്കാൻ പറ്റിയ ഈർപ്പമുള്ള അന്തരീക്ഷമുണ്ടെന്നുള്ളതാണ് ഈ വ്യവസായം ഇവിടെ ആരംഭിക്കാൻ കാരണം. വർഷങ്ങൾക്കുമുമ്പുതന്നെ കൈത്തറി വ്യവസായം കാണക്കാരിയിൽ പുഷ്ടി പ്രാപിച്ചിരുന്നു. കൈത്തറി വസ്ത്രനിർമ്മാണവുമായി ബന്ധപ്പെട്ട ഒരു സഹകരണസംഘം ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

അസംസ്കൃതപദാർത്ഥങ്ങളുടെ അഭാവം, പ്ലാസ്റ്റിക്, റബർ മുതലായവ കൊണ്ടുണ്ടാക്കിയ ഉപകരണങ്ങളുടെ രംഗപ്രവേശം എന്നിവ കുട്ട, വട്ടി, പായ തുടങ്ങിയവ നിർമ്മിക്കുന്ന പരമ്പരാഗത വ്യവസായത്തെ തളർത്തി. ഇരുമ്പുപണി, മരപ്പണി, സ്വർണ്ണപ്പണി മുതലായ കുടിൽ വ്യവസായങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ഈ രംഗങ്ങളിൽ യന്ത്രവല്ക്കരണ സംവിധാനങ്ങൾ വ്യാപകമായി ഉപയോഗിച്ചുതുടങ്ങിയിട്ടില്ല.

സാധ്യതകൾ

- ഇവിടത്തെ പ്രധാനകൃഷി റബറാണ്. റബറധിഷ്ഠിത വ്യവസായങ്ങൾക്ക് വളരെ സാധ്യതയുണ്ട്.
- ഗതാഗത സൗകര്യങ്ങൾ വേണ്ടത്രയുണ്ട്.
- കരിങ്കൽ വ്യവസായത്തിനാവശ്യമായ വൻശേഖരമുണ്ട്.
- ഇഷ്ടികനിർമ്മാണത്തിനുയോജിച്ച മണ്ണ് പാടശേഖരങ്ങളിൽ കാണുന്നു.
- പത്ത് കുന്നിൻ പ്രദേശങ്ങളുണ്ട്. കാറ്റിൽ നിന്നു വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള സാധ്യത പഠന വിഷയമാക്കേണ്ടതുണ്ട്.
- ബയോഗ്യാസ് ഉല്പാദനത്തിന് ആവശ്യമായ ഊർജ്ജദായക വസ്തുക്കളുണ്ട്.
- വൈദ്യുതിക്ഷാമമുണ്ട്.
- 127 വ്യവസായ സ്ഥാപനങ്ങളിലായി 1535 തൊഴിലാളികൾ പണിയെടുക്കുന്നു. കാർഷിക വ്യാവസായിക സേവന നിർമ്മാണ തൊഴിൽ രംഗങ്ങളിലായി ഏകദേശം 4600 പേർ ജോലി ചെയ്യുന്നു. ഭാഗികമായി തൊഴിൽ ചെയ്യുന്നവരും തൊഴിൽ രഹിതരുമായി ആറായിരത്തിലധികം പേരുണ്ട്. കാർഷികമേഖലയെക്കാൾ ചെറുകിടവ്യവസായമേഖലകളിൽ കൂലി കുറവാണെങ്കിലും ജോലിസ്ഥിരത, സാമൂഹ്യപദവി എന്നിവ പരിഗണിച്ച് വ്യാവസായികമേഖലയെ തൊഴിലാളികൾ കൂടുതൽ ഇഷ്ടപ്പെടുന്നു.

നിർദ്ദേശങ്ങൾ

* വ്യവസായ എസ്റ്റേറ്റു സ്ഥാപിക്കുക
* റബറധിഷ്ഠിത വ്യവസായങ്ങൾ കൂടുതൽ ആരംഭിക്കുക.
* പഴം പച്ചക്കറി സംസ്കരണയൂണിറ്റുകൾ സ്ഥാപിക്കുക
* റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുക
* കരിപൗഡർ നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുക.
* തടിവ്യവസായ യൂണിറ്റുകൾ ആരംഭിക്കുക
* സിമൻറുപയോഗിച്ചുള്ള ഗൃഹനിർമ്മാണോപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക.
* ആധുനികരീതിയിലുള്ള അരി ഉല്പാദനയൂണിറ്റുകൾ തുടങ്ങുക.
* ആധുനികയന്ത്രോപകരണങ്ങളുപയോഗിച്ചുള്ള

നിലവിലുള്ള വ്യവസായസ്ഥാപനങ്ങൾ

	വ്യവസായസ്ഥാപനങ്ങൾ		എണ്ണം	തൊഴിലാളികൾ		
	പേര്	ഇനം		പുരുഷൻ	സ്ത്രീ	ആകെ
1.	ഇരുമ്പുപണി	പാരമ്പര്യകുടിൽ	27	42	12	54
2.	സ്വർണ്ണപണി	”	5	15		15
3.	പപ്പടനിർമ്മാണം	”	7	12	23	35
4.	കുട്ട, പരമ്പ് നിർമ്മാണം	”	3	4	11	15
5.	ചായക്കടകൾ	ആധുനിക കുടിൽ	34	72	40	112
6.	പലഹാരനിർമ്മാണം	”	4	5	12	17
7.	ഹോട്ടലുകൾ	ആധുനിക ചെറുകിട	18	46	27	73
8	ബേക്കറികൾ	ആധുനിക സ്വകാര്യ ചെറുകിട	4	4	6	10
9.	റൈസ്മില്ലുകൾ	”	11	15		15
10.	സോമില്ലുകൾ	”	7	120		120
11.	ഓയിൽ മില്ലുകൾ	”	6	70		70
12.	ഫ്ലവർ മില്ലുകൾ	”	7	7		7
13.	ഗൃഹനിർമ്മാണ ഉപകരണങ്ങൾ(തടി)	”	2	12		12
14.	ഗൃഹനിർമ്മാണ ഉപകരണങ്ങൾ(സിമന്റ്)	”	3	8	5	13
15.	റബർബാന്റ് നിർമ്മാണം	”	4	12	140	152
16.	തീപ്പെട്ടി നിർമ്മാണം	”	5	22	92	114
17.	തടി വ്യവസായം ഫർണ്ണിച്ചർ	”	4	18		18
18.	ക്ലീനിംഗ് ബ്രഷ് നിർമ്മാണം	”	1		12	12
19.	ലതർ ചെരുപ്പുനിർമ്മാണം	”	3	8		8
20.	റബർ ചെരുപ്പ് നിർമ്മാണം	”	1	18		18
21.	പ്രിന്റിംഗ് പ്രസ്	”	2	8		8
22.	വെൽഡിംഗ് സെന്റർ	”	5	12		12
23.	റേഡിയോ റിപ്പയറിംഗ്	”	1	2		2
24.	മെറ്റൽ വർക്ക്ഷോപ്പ്	”	6	38		38
25.	ഇലാസ്റ്റിക് ത്രെഡ് നിർമ്മാണം	”	2	5		5
26.	മോട്ടോർ വർക്ക് ഷോപ്പ്	”	4	14		14
27.	സോപ്പുനിർമ്മാണം	”	2	3	8	11
28.	സോഡാ ഫാക്ടറി	”	4	7		7
29.	സ്ക്രാപ്പുനിർമ്മാണം	”	1	3		3
30.	ഫൈബർഗ്ലാസ് നിർമ്മാണം	”	2	15		15
31.	ബുക്ക് ബയന്റിംഗ്	”	1	2	4	6
32.	പ്ലാസ്റ്റിക് വ്യവസായം	”	3	16	16	
33.	പാറപൊട്ടിക്കൽ വ്യവസായം	”	12	40	90	130
34.	ലതർ ബാഗുനിർമ്മാണം	”	1	4		4
35.	ലാറക്സ് വർക്ക്സ്	”	1	3		3
36.	കല്ലുവെട്ട്	”	4	18		18
37.	യന്ത്രം ഉപയോഗിച്ചുള്ള കല്ലുവെട്ട്		7	15		15
38.	കോട്ടയം ടെക്സ്റ്റൈൽസ്	പൊതുമേഖലാ വൻകിട	1	391	10	401
	ആകെ		127			1535

കൊപ്രാസംസ്കരണയൂണിററുകൾ ആരംഭിക്കുക.

* വെളിച്ചെണ്ണ സംസ്കരിച്ചു ഗുണമേന്മയുള്ള ബ്രാന്റു കളിലാക്കി വിപണിയിലിറക്കുന്ന യൂണിററുകൾ സ്ഥാപിക്കുക.
* കന്നുകാലിത്തീററ നിർമ്മാണയൂണിററുകൾ ആരംഭിക്കുക.
* റബ്ബർ ചെരുപ്പ്, ബലൂൺ, റബർ ബാൻഡ് നിർമ്മാണയൂണിററുകൾ സ്ഥാപിക്കുക.
* കരിങ്കല്ലുകീറി ഇഷ്ടിക വേലിക്കല്ല് മുതലായവ ഉണ്ടാക്കുന്ന യൂണിററുകൾ ആരംഭിക്കുക.
* സോപ്പുനിർമ്മാണ വ്യവസായ യൂണിററുകൾ തുടങ്ങണം.
* പ്ലാസ്റ്റിക് കൊണ്ടുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന വ്യവസായ യൂണിററുകൾ ആരംഭിക്കുക.
* കുടനിർമ്മാണ യൂണിററുകളാരംഭിക്കുക.
* ചൂരലുപയോഗിച്ചുള്ള വ്യവസായം ആരംഭിക്കണം.
* കുട്ട, പനമ്പ്, പായ മുതലായ ഉപകരണങ്ങൾ നിർമ്മിക്കുന്ന യൂണിററുകൾ ആരംഭിക്കുക.
* ക്രമ്പുറബർ നിർമ്മാണയൂണിററുകൾ സ്ഥാപിക്കുക.
* ബ്രോയിലർ ഫാമുകൾ തുടങ്ങുക
* അലുമിനിയ പാത്രനിർമ്മാണയൂണിററുകൾ സ്ഥാപിക്കുക.
* ക്ഷീരോല്പന്നങ്ങൾ സംസ്കരിക്കുന്ന യൂണിററുകൾ ആരംഭിക്കുക.
* വാഹനസർവ്വീസിംഗ് സ്റ്റേഷനുകൾ ആരംഭിക്കുക.
* ഇലക്ട്രോണിക് ഉപകരണങ്ങൾ നിർമ്മിക്കുന്ന യൂണിററുകൾ ആരംഭിക്കുക.
* ആധുനികവത്കരിച്ച പപ്പടനിർമ്മാണത്തിനുള്ള യൂണിററുകൾ തുടങ്ങുക.
* ആയുർവേദ ഔഷധനിർമ്മാണയൂണിററു സ്ഥാപിക്കുക.
* കാർഷികോപകരണനിർമ്മാണ യൂണിററ് ആരംഭിക്കുക. ഫർണ്ണിച്ചർ നിർമ്മാണയൂണിററ് ആരംഭിക്കുക.
* ഇപ്പോൾ കലിഞ്ഞാലിയിൽ പ്രവർത്തിക്കുന്ന ഖാദി ബോർഡ് യൂണിററ് നവീകരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
* നാലാം വാർഡിൽ പ്രവർത്തനരഹിതമായികിടക്കുന്ന വനിതാ പ്ലാസ്റ്റിക് വ്യവസായ യൂണിററ് പ്രവർത്തനക്ഷമമാക്കുക.
* മെഴുകുതിരി നിർമ്മാണയൂണിററുകൾ സ്ഥാപിക്കുക.
* തേനീച്ച വളർത്തലിനാവശ്യമായ സഹായങ്ങൾ ചെയ്യുക.
* ടെയിലറിംഗ് സ്കൂൾ സ്ഥാപിക്കുക.
* ബേക്കറി സ്ഥാപിക്കുക.
* ഓട്ടോമൊബൈൽ പെയിന്റിംഗ് യൂണിററ് സ്ഥാപിക്കുക.
* തീപ്പെട്ടി നിർമ്മാണയൂണിററ് സ്ഥാപിക്കുക.
* റബ്ബർപാൽ സംഭരിക്കുന്നതിനും ഇതുപയോഗിച്ച് ഗ്രേഡുഷീററു നിർമ്മിക്കുന്നതിനുമുള്ള യൂണിററ് ആരംഭിക്കുക.
* റീ ട്രെഡിംഗ് യൂണിററുകൾ ആരംഭിക്കുക.
* സ്റ്റോൺ ക്രഷർ ആരംഭിക്കുക,
* ബീഡി നിർമ്മാണ യൂണിററുകൾ ആരംഭിക്കുക.
* കാണക്കാരി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലിനോടനുബന്ധിച്ച് ഒരു വീവിംഗ് മിൽ കൂടി പ്രവർത്തനം ആരംഭിക്കുക.
* മാർക്കററിംഗ് & ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക.
* വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഏറുമാനൂർ 66 കെ.വി സബ്സ്റ്റേഷന്റെ ശേഷി 220/66 കെ.വി. ആക്കണം. ഇപ്പോൾ വിതരണം നടത്തുന്നത് 10 MVA വീതമുള്ള രണ്ടു ട്രാൻസ്ഫോർമറുകൾ വച്ചാണ്. ഓവർലോഡുമൂലം പലപ്പോഴും വിതരണം നിലയ്ക്കുന്നു. ഒരു 5 MVA ട്രാൻസ്ഫോർമർ കൂടി വച്ചു പ്രവർത്തിപ്പിച്ചാൽ ഉള്ള വൈദ്യുതി, തടസ്സം കൂടാതെ വിതരണം ചെയ്യാൻ കഴിയും.
* റബ്ബർത്തടി സംസ്കരിച്ച് ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക.
* ടയർ ഫാക്ടറി സ്ഥാപിക്കുക.

5.4

വിദ്യാഭ്യാസം

വളരെക്കാലം മുൻപുമുതൽ തന്നെ പഞ്ചായത്തിന്റെ പലഭാഗത്തും നാട്ടാശാന്മാർ കളരികൾ സ്ഥാപിച്ച് ഭാഷയും കണക്കും പഠിപ്പിച്ചിരുന്നു. എഴുതുന്നതിന് ഓലയും നാരായവുമാണ് ഉപയോഗിച്ചിരുന്നത്. ആശാൻ ഓലയിലെഴുതിക്കൊടുക്കുന്ന അക്ഷരങ്ങൾ വിദ്യാർത്ഥികൾ മണലിലെഴുതി ഉച്ചരിച്ച് മനസ്സിലുറപ്പിക്കും.

ഇന്ന് സെന്റ് മോനിക്കാസ് വനിതാ ഹോസ്റ്റൽ സ്ഥിതി ചെയ്യുന്ന വളപ്പിൽ ഈ നൂറ്റാണ്ടാദ്യം സി.എം.എസ്സ്. മിഷനറിമാർ ഒരു പള്ളിയും പള്ളിക്കൂടവും സ്ഥാപിച്ചു. പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാലയം അതാണ്. എല്ലാ വിഭാഗങ്ങളിലുംപെട്ട വിദ്യാർത്ഥികൾക്ക് വേണ്ടിയാണ് ഈ സ്കൂൾ ആരംഭിച്ചതെങ്കിലും പുലയസമുദായത്തിൽപ്പെട്ടവർ മാത്രമാണ് ഇവിടെ പഠിക്കാനെത്തിയത്. കാണക്കാരിയിൽ ഓടുമേഞ്ഞ ആദ്യത്തെ കെട്ടിടം ഈ വിദ്യാലയമാണ്. അന്നത്തെ ഓടുകൾക്ക് മംഗലാപുരം ഓട് എന്നായിരുന്നു പേര് . ഇവിടെ ഒന്നും, രണ്ടും ക്ലാസ്സുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വൈകിട്ട് നാല് മണിക്കാണ് ഹാജരെടുപ്പ്. കാരണം കുട്ടികൾ ക്ലാസ്സിലെത്തുന്നതിന് സമയക്ലിപ്തതയില്ല. പാടത്തും, പറമ്പിലും പണിയെടുക്കുന്ന മാതാപിതാക്കൾക്ക് കപ്പയും കഞ്ഞിയും എത്തിക്കേണ്ടത് അവരുടെ ചുമതലയായിരുന്നു. കന്നുകാലികളെ മേയ്ക്കേണ്ട ജോലിയും അവർക്കുണ്ടായിരുന്നു ഉച്ചക്കുശേഷം എല്ലാവരും ക്ലാസ്സിലുണ്ടാകും.

വെമ്പള്ളി ഗവഃ എൽ.പി.സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ പൊതുമേഖലാ വിദ്യാലയം, 1914 ഒക്ടോബർ 14 നാണ് സർക്കാർ ഏറ്റെടുത്തതെങ്കിലും കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനപാദത്തിൽതന്നെ ഈ സ്കൂൾ പ്രവർത്തനമാരംഭിച്ചു. അന്ന് നാട്ടുകൂട്ടത്തിന്റെ നിയന്ത്രണത്തിലായിരുന്നു സ്കൂൾ. വെമ്പള്ളി വടക്കേക്കവലയ്ക്കടുത്താണ് ആദ്യം പ്രവർത്തിച്ചത്. പിന്നീട്, ഇന്ന് സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് (കാവുംപറമ്പിൽ ശ്രീ. മാത്തനാണ് സ്ഥലം സംഭാവന ചെയ്തത്) മാറ്റിസ്ഥാപിച്ചെങ്കിലും മേൽക്കൂര വീണുപോയതുകൊണ്ട് താല്ക്കാലികമായി മണ്ണാനിക്കാട്ട് ശ്രീ. കോര തൊമ്മന്റെ കളപ്പുരയിലും കല്ലുങ്കൽ ശ്രീ. രാമക്കൈയ്മളുടെ വീട്ടിലുമായി സ്കൂൾ പ്രവർത്തിച്ചു തുടർന്ന് കെട്ടിടങ്ങൾ നിർമ്മിച്ച് ഇന്നു വിദ്യാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്കുമാറി. 1981 ൽ ഇത് യു.പി. സ്കൂളായി ഉയർത്തി.

26-8-1916-ൽ കാണക്കാരിയിൽ ഒരു ഗവഃ എൽ.പി. സ്കൂൾ പ്രവർത്തനമാരംഭിച്ചു. ആദ്യഘട്ടത്തിൽ കൊച്ചുപുരയ്ക്കലെ കളപ്പുരയിലായിരുന്നു സ്കൂളിന്റെ പ്രവർത്തനം. ആദ്യത്തെ അദ്ധ്യാപകൻ മറ്റക്കര മനക്കോത്തു ശ്രീ കേശവപിള്ളയായിരുന്നു. അഴകൻമാടത്തു ശ്രീ. അയ്യപ്പൻനായർ കൊടുത്ത സ്ഥലത്തേക്ക് പിന്നീട് സ്കൂൾ മാറ്റിസ്ഥാപിച്ചു. ഇത് 1963-ൽ അപ്പർപ്രൈമറിയായും 1966-ൽ ഹൈസ്കൂളും 1983-ൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളായും ഉയർന്നു. V.H.S വിഭാഗത്തിൽ അഗ്രിക്കൾച്ചർ, ഡയറിയിംഗ് എന്നീ കോഴ്സുകളാണുള്ളത്. ഹൈസ്കൂൾ ഉദ്ഘാടനം ചെയ്തത് അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീമതി. ഇന്ദിരാഗാന്ധിയാണ്.

പട്ടിത്താനം സെന്റ് ബോനിഫസ് സ്കൂളിന്റെ പ്രവർത്തനം 15-5-1918-ൽ തുടങ്ങി. 1984-ൽ യു.പി. സ്കൂളായി ഉയർത്തി.

നായർ സമാജത്തിന്റെ വകയായി ഒരു കുടിപ്പള്ളിക്കൂടമായി പ്രവർത്തനമാരംഭിച്ചതാണ് ഇന്നത്തെ കടപ്പൂർ ഗവഃ ഹയർ സെക്കണ്ടറി സ്കൂൾ പിന്നീട് മൂന്നര ഏക്കർ സ്ഥലവും കെട്ടിടവും സർക്കാരിനുവിട്ടുകൊടുത്തു. യശഃശരീരനായ കൂട്ടമല ഗോവിന്ദൻ നായരാണ് പള്ളിക്കൂടത്തിന്റെ സ്ഥാപകൻ 15-5-1919-ൽ സ്ഥാപിച്ച സ്കൂൾ 53-ൽ U.P യായും 1966-ൽ ഹൈസ്കൂളായും ഉയർന്നു 1991-ൽ പ്ലസ്ടു കോഴ്സ് ആരംഭിച്ചു. പ്ലസ്ടു വിഭാഗത്തിൽ

ഹ്യൂമാനിറ്റീസ് ആണ് പഠനവിഷയം.

7-6-1927-ലാണ് കുറുമുള്ളൂർ സെന്റ് തോമസ് എൽ.പി. സ്കൂൾ ആരംഭിച്ചത്. തുടർന്ന് 1955-ൽ യു.പി. സ്കൂളായി ഉയർത്തി. 1942-ൽ കേംബ്രിഡ്ജ് എന്ന പേരിൽ കളത്തൂർ ആരംഭിച്ച സ്കൂളാണ് 1948-ൽ ഗവഃ അംഗീകാരമുള്ള സെന്റ് മേരീസ് യു.പി. സ്കൂളായി മാറിയത്. 1949-ൽ ഇവിടെ എൽ.പി. വിഭാഗം പ്രവർത്തനം തുടങ്ങി. പ്രീ പ്രൈമറി വിദ്യാലയവും ഇതിനോടനുബന്ധിച്ച് പ്രവർത്തിക്കുന്നു.

1976-ൽ പ്രവർത്തനം തുടങ്ങിയെങ്കിലും 15-10-84-ലാണ് പട്ടിത്താനം അൽഫോൻസാ ഇംഗ്ലീഷ് മീഡിയം എൽ.പി. സ്കൂളിന് അംഗീകാരം കിട്ടിയത്. ഫാ. അലക്സാണ്ടർ നീരാക്കലാണ് സ്ഥലം സംഭാവന ചെയ്തത്.

നന്മ്യാകുളത്ത് സഹകാര്യമേഖലയിൽ ഒരു കമ്പ്യൂട്ടർ സെന്റർ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 4 ടൈപ്പ് റൈറ്റിംഹ് ഇൻസ്റ്റിറ്റ്യൂട്ടുകളും 10 ആശാൻ കളരികളും (8 എണ്ണം രജിസ്ട്രേഷനുള്ളത്) ഉണ്ട്.

L.P,U.P വിഭാഗങ്ങളിൽ മാത്രമായി 440 വിദ്യാർത്ഥികൾ പഞ്ചായത്തിനു പുറത്തുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്.

എസ്.എസ്.എൽ.സി. പരീക്ഷക്ക് വിജയശതമാനം.				
സ്കൂൾ	92-93	93-94	94-95	95-96
V.H.S കാണക്കാരി	56%	62%	66%	66%
H.S.S കടപ്പൂർ	56%	52%	39%	49%

പഞ്ചായത്തിലെ സ്കൂളുകൾ

1. ഗവ. യു.പി. സ്കൂൾ, വെമ്പള്ളി
2. ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ കാണക്കാരി
3. സെന്റ് ബോനിഫസ് യു.പി. സ്കൂൾ, പട്ടിത്താനം
4. ഗവ. ഹയർ സെക്കന്ററി സ്കൂൾ, കടപ്പൂർ
5. സെന്റ് മേരീസ് യു.പി.സ്കൂൾ, കളത്തൂർ
6. സെന്റ് മേരീസ് എൽ.പി. സ്കൂൾ, കളത്തൂർ
7. ഗവ. എൽ.പി. സ്കൂൾ, കാണക്കാരി
8. അൽഫോൻസാ ഇംഗ്ലീഷ് മീഡിയം എൽ.പി.സ്കൂൾ, പട്ടിത്താനം.

വിദ്യാർത്ഥികൾ, അദ്ധ്യാപകർ

നമ്പർ	സ്കൂൾ	വിദ്യാർത്ഥികൾ			അദ്ധ്യാപകർ	മാനേജ്മെന്റ്
		ആൺ	പെൺ	ആകെ		
1.	G.H.S.S കടപ്പൂർ	226	237	463	30	സർക്കാർ
2.	ഗവ.ഹൈസ്കൂൾ കാണക്കാരി V.H.S.E	293	370	663	23	"
3.	ഗവ. എൽ.പി.എസ് കാണക്കാരി	102	118	220	8	"
4.	സെന്റ് മേരീസ് എൽ.പി.എസ് കളത്തൂർ	59	61	120	4	സഹകാര്യം
5.	സെന്റ് മേരീസ് യു.പി.എസ് കളത്തൂർ	65	52	117	5	"
6.	സെന്റ് ബോനിഫസ് യു.പി., പട്ടിത്താനം	214	246	460	14	"
7.	അൽഫോൻസ്	91	73	164	4	"
8.	സെന്റ് തോമസ് യു.പി. എസ്, കുറുമുള്ളൂർ	192	234	426	16	"
9	ഗവ. യു.പി. എസ് കുറുമുള്ളൂർ	142	135	277	4	സർക്കാർ
	ആകെ	1384	1526	2910	112	

പ്രശ്നങ്ങൾ

1. നേരിയ തോതിലാണെങ്കിലും കൊഴിഞ്ഞു പോക്കുണ്ട്. ഹൈസ്കൂൾ വിഭാഗത്തിൽ കൊഴിഞ്ഞു പോക്ക് താരതമ്യേന കൂടുതലായുണ്ട്.

വിഭാഗം	കൊഴിയൽ
L.P. വിഭാഗം	0.2%
U.P വിഭാഗം	0.7%
H.S. വിഭാഗം	2.18%

2. ഉയർന്ന ക്ലാസ്സിലെത്തുമ്പോൾ പഠനനിലവാരം താഴുന്നതായി കാണാം. മാർക്കുലിസ്റ്റു പരിശോധിച്ചതിൽ യു.പി. വിഭാഗത്തിൽ 50% കൂടുതൽ മാർക്കു വാങ്ങിയവർ 65% ഉണ്ട്. പത്താംതരത്തിൽ ഈ കണക്കിനുമാറ്റം വരുന്നു. 65% വിദ്യാർത്ഥികൾക്ക് 40%ത്തിൽ കുറവാണുമാർക്ക്.

3. ശാസ്ത്രപഠനത്തിൽ അവിഭാജ്യഘടകമാണ് പരീക്ഷണശാല. ഈ സൗകര്യങ്ങൾ ഒരുക്കുന്നതിൽ സ്കൂളുകൾക്ക് ഏറെ പരിമിതികളുണ്ട്. സ്പെഷ്യൽ ഫീസ് ഇനത്തിൽ ഈടാക്കുന്നതുക ഇതിനു മതിയായതല്ല. അതുകൊണ്ട് ശാസ്ത്രപഠനത്തിൽ അവശ്യം വേണ്ട പ്രത്യുൽപന്നമതിത്വമോ ജിജ്ഞാസയോ സ്കൂൾ തലത്തിൽ വെച്ചു നമ്മുടെ ഭൂരിപക്ഷം വിദ്യാർത്ഥികളിലും സൃഷ്ടിക്കപ്പെടുന്നില്ല. പരീക്ഷണങ്ങൾ കുട്ടികളുടെ മുൻ കൈയോടെ നടത്താൻ കഴിയുന്നില്ല.

4. എൽ.പി. യു.പി. വിഭാഗങ്ങളിൽ ലൈബ്രറി സൗകര്യങ്ങൾ വേണ്ടത്രയില്ല എന്നത് ഒരു കുറവുതന്നെയാണ്. ബാലസാഹിത്യ ഗ്രന്ഥങ്ങൾ ധാരാളമുള്ള ഇക്കാലത്ത് എല്ലാ സ്കൂളുകളിലും കുട്ടികൾക്ക് അധികവായനയ്ക്ക് പുസ്തകങ്ങൾ ലഭ്യമാക്കുകയും വായനയിൽ താൽപര്യമുളവാക്കുകയും ചെയ്യേണ്ടതുണ്ട്.

5. ഒരു സാമ്പിൾ സർവ്വേയുടെ അടിസ്ഥാനത്തിൽ 18.5%വിദ്യാർത്ഥികളാണ് സ്ഥിരമായി വർത്തമാനപ്പത്രം വായിക്കുന്നതായി മനസ്സിലാകുന്നത്. പെൺകുട്ടികൾ പൊതുവെ ഇക്കാര്യത്തിൽ പിന്നിലാണ്. 11.3%. വർത്തമാനപ്പത്രങ്ങളുടെ വർദ്ധിച്ച വില പലകുടുംബങ്ങൾക്കും താങ്ങാനവത്തതാണ്. അതുകൊണ്ട് അത്യാവശ്യങ്ങളുടെ പട്ടികയിൽ വർത്തമാനപ്പത്രം ഉൾപ്പെടുന്നില്ല. എല്ലാകുട്ടികൾക്കും പ്രയോജനപ്പെടുംവിധം സ്കൂളുകളിൽ വായനശാലകളില്ല.

6. പി.റ്റി.എ. മാതൃസംഗമം എന്നിവ എല്ലാ സ്കൂളുകളിലും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഓരോ വിദ്യാർത്ഥിയുടെയും വ്യക്തിഗത അക്കാദമിക്ക് നിലവാരം വിലയിരുത്തികൊണ്ടുള്ള നിർദ്ദേശങ്ങൾ ഉണ്ടാകാറില്ല.

7. കാണക്കാരി ഗവ. എൽ.പി. സ്കൂളിലും പട്ടിത്താനം ബോനിഫസ് യു.പി. സ്കൂളിലും ക്ലാസ്സുകൾ നടത്താനാവശ്യമായ സ്ഥല സൗകര്യങ്ങൾ കൂടുതലായി ഉണ്ടാകേണ്ടതുണ്ട്.

8. പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള കക്കൂസുകളോ മൂത്രപ്പുരകളോ വേണ്ടത്രയില്ല. 4 സ്കൂളുകളിൽ ജലസംഭരണികളും പൈപ്പുസംവിധാനവും ഏർപ്പെടുത്തേണ്ടതുണ്ട് കിണറ്റിൽ നിന്നു വെള്ളം കോരിയെടുക്കേണ്ടതുകൊണ്ട് കുട്ടികൾക്ക് അസൗകര്യവും ബുദ്ധിമുട്ടും ഉണ്ടാകുന്നു.

9. കളത്തൂർ സെന്റ് മേരീസ് യു.പി. എസ്സിനു മാത്രമാണ് പണിപൂർത്തിയായ ചുറ്റുമതിലുള്ളത് ബാക്കി സ്കൂളുകൾക്ക് ചുറ്റുമതിലുകൾ ഇല്ലാത്തതുകൊണ്ട് സാമൂഹികദ്രോഹികളുടെ അനാശാസ്യപ്രവർത്തനങ്ങൾക്ക് രാത്രികാലങ്ങളിൽ സ്കൂളുകൾ വേദിയാകുന്നു.

10. വട്ടുകുളം ഗവ. ഹയർ സെക്കന്ററി സ്കൂളിൽ എൽ.പി. യു.പി. വിഭാഗങ്ങളും പ്രവർത്തിക്കുന്നുണ്ട് വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം പാകം ചെയ്യുവാൻ കഞ്ഞിപ്പുരയില്ല.

11. കാണക്കാരി ഗവ. എൽ.പി.സ്കൂളിലെ ഷെഡ് ആസ്ബസ്റ്റോസ് മേഞ്ഞതാണ്. വേനൽക്കാലങ്ങളിൽ അസഹ്യമായ ചൂടനുഭവപ്പെടുന്നതുകൊണ്ട് കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ട്.

12. സ്കൂൾ കെട്ടിടങ്ങൾക്ക് യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതു കൊണ്ട് അധികച്ചെലവും അസൗകര്യങ്ങളും ഉണ്ടാകുന്നു. കാണക്കാരി ഗവ. വി.എച്ച്.എസ്സിലെ മേൽക്കൂര വിള്ളൽ വീണു ജീർണ്ണിച്ചിരിക്കുന്നു.

13. 1994-95-ലെ കണക്കനുസരിച്ച് ജില്ലാതല മത്സരങ്ങളിൽ സമ്മാനാർഹരായ വരുടെ എണ്ണം

വിഭാഗം	കായികം	പ്രവൃത്തി പരിചയം	ശാസ്ത്ര പ്രദർശനം
ഹൈസ്കൂൾ	ഇല്ല	ഇല്ല	ഇല്ല
യു.പി.എസ്	5	3	2
എൽ.പി.എസ്	2	ഇല്ല	ഇല്ല

കലാരംഗത്ത് ജില്ലാതലത്തിൽ ആരും സമ്മാനാർഹരായിട്ടില്ല പട്ടികയനുസരിച്ച് മറ്റു രംഗങ്ങളിലും കുട്ടികൾ താൽപര്യത്തോടെ പങ്കെടുക്കുന്നതായി കാണുന്നില്ല.

14. ഹൈസ്കൂളുകളിൽ ഓഡിയോ-വിഷ്വൽ സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട കാസറ്റുകളോ ഫിലിമുകളോ വേണ്ടത്ര ലഭിക്കാത്തതാണു കാരണം. ഇവപ്രവർത്തിപ്പിക്കാൻ ആവശ്യമായ പരിശീലനം എല്ലാ സ്കൂളുകളിലുമുള്ള (എൽ.പി. യു.പി. ഉൾപ്പെടെ) ബന്ധപ്പെട്ട അദ്ധ്യാപകർക്ക് കിട്ടേണ്ടതുണ്ട്. പഞ്ചായത്തിലുള്ള എൽ.പി. യുപി. സ്കൂളുകൾക്ക് ഇവയുടെ പ്രയോജനം കിട്ടുന്നില്ല.

15. ജനാധിപത്യ രാജ്യമായ ഭാരതത്തിലെ ഓരോ പൗരനും രാജ്യത്തെ ഭരണക്രമങ്ങളെക്കുറിച്ച് ബോധവാനാകേണ്ടതുണ്ട്. വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ ഇക്കാര്യത്തിൽ സാമാന്യ ധാരണ ഉണ്ടാകത്തക്കവിധത്തിൽ പരിശീലനം ഇന്നു സിദ്ധിക്കുന്നില്ല.

16. പഠനത്തിൽ മുന്നിട്ടുനിൽക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ലോണുകൾ സ്കോളർഷിപ്പുകൾ ഇവ നിലവിലുണ്ടെങ്കിലും കാര്യക്ഷമമല്ല.

17. ഉന്നത വിദ്യാഭ്യാസതുറകളെക്കുറിച്ച് ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും രക്ഷിതാക്കളും അജ്ഞരാണ്.

18. മാതൃശിശുസംരക്ഷണ പ്രവർത്തനങ്ങൾ അപര്യാപ്തമാണ്. പ്രാദേശികാവശ്യങ്ങൾ കണക്കിലെടുത്ത് അംഗൻവാടി, അംഗണവാടി, ബാലവാടി, നേഴ്സറി തുടങ്ങിയവ സംഘടിപ്പിച്ചിട്ടില്ല. പ്രീ പ്രൈമറി തലത്തിൽ പഠിക്കുന്നവരിൽ പല അദ്ധ്യാപകരും പരിശീലനം സിദ്ധിച്ചവരല്ല.

19. സാക്ഷരതാ ക്ലാസ്സുകൾ നടക്കുന്നില്ല. നവസാക്ഷരർക്ക് തുടർ വിദ്യാഭ്യാസ സൗകര്യങ്ങളില്ല.

20. പഞ്ചായത്തിലെ സ്കൂളുകളിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവു വന്നിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1. കൊഴിഞ്ഞുപോക്കിനു കാരണമാരാഞ്ഞ് ഫലപ്രദമായ നടപടി സ്വീകരിക്കുക.

2. പഠനനിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠിക്കുവാൻ ഉപകരിക്കത്തക്കവിധത്തിൽ ട്യൂഷനുള്ള സംവിധാനമുണ്ടാകണം.

3. ശാസ്ത്രപഠനം കുട്ടികളുടെ മുൻകൈയോടെ നടത്താൻ കഴിയുന്ന ലബോറട്ടറി സൗകര്യം എല്ലാ സ്കൂളുകളിലും ഉണ്ടാകണം.

4. എല്ലാ സ്കൂളുകളിലും ലൈബ്രറികൾ സ്ഥാപിക്കുക. ലൈബ്രറി നോട്ടെഴുതുവാൻ പ്രോത്സാഹിപ്പിക്കുക.

5. സ്കൂളുകളിൽ വായനശാലകൾ സ്ഥാപിക്കുകയും വിജ്ഞാനപ്രദമായ വാർത്തകളെ അടിസ്ഥാനമാക്കി മാസം തോറും ക്വിസ്സ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക.

6. പി.ടി.എ. മാതൃസംഗമം എന്നിവ സുശക്തമാക്കുക. അക്കാദമിക്ക് നിലവാരത്തെക്കുറിച്ചുള്ള വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഉണ്ടാകണം.

7. ആവശ്യമുള്ള സ്കൂളുകളിൽ കെട്ടിടങ്ങൾ തീർക്കുക.

8. എല്ലാ സ്കൂളുകളിലും മതിയായ കക്കൂസുകളും മൂത്രപ്പുരകളും നിർമ്മിക്കുക. ജലവിതരണം സുഗമമാക്കണം.

9. സ്കൂളുകൾക്ക് ചുറ്റുമതിലുകൾ നിർമ്മിക്കണം.

10. വട്ടുകുളം ഗവ.ഹയർ സെക്കന്ററി സ്കൂളിൽ കഞ്ഞിപ്പുര പണിയണം.

11. കാണക്കാരി, കടപ്പൂർ, ഗവ. എൽ.പി. സ്കൂളുകളിലെ ആസ്ബസ്റ്റോസ് കെട്ടിടത്തിന് സീലിംഗ് ഉണ്ടാക്കണം.

12. സ്കൂളുകൾക്ക് യഥാസമയം അറ്റകുറ്റപ്പണികൾ നടത്തണം.

13. വട്ടുകുളം ഗവ. ഹയർ സെക്കന്ററി സ്കൂളിലേക്ക് കളത്തൂർ സെന്റ് മേരീസ് യു.പി. സ്കൂളിലേയ്ക്കും വാഹന സൗകര്യം ഉണ്ടാകണം.

14. ലോവർ പ്രൈമറി വിഭാഗത്തോടനുബന്ധിച്ച് അക്ഷരവേദികൾ സംഘടിപ്പിക്കുക. ഹൈസ്കൂളുകളെ കേന്ദ്രീകരിച്ച് പൊതു ജനങ്ങൾക്ക് കൂടി പ്രയോജനപ്പെടുംവിധം നക്ഷത്ര നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

15. റബ്ബർ ടെക്നോളജി പരിശീലനത്തിനുള്ള ആസൂത്രണം വേണം.
16. ശാസ്ത്ര, കലാ കായിക രംഗങ്ങളിൽ കൂടുതൽ പരിശീലനവും പ്രോത്സാഹനവും നൽകണം.
17. പഞ്ചായത്തിലുള്ള ഹൈസ്കൂളുകളിലെ ഓഡിയോ വിഷ്വൽ സൗകര്യങ്ങൾ എൽ.പി.യു.പി. സ്കൂളുകൾക്കു കൂടി പ്രയോജനപ്പെടുത്തണം.
18. സ്കൂൾ കോംപ്ലക്സുകൾ കാര്യക്ഷമമാക്കണം.
19. മോഡൽ പാർലമെന്റുകൾ സ്കൂളുകളിൽ ഏർപ്പെടുത്തണം ഇതിൽ കക്ഷിരാഷ്ട്രീയം കടന്നു വരാൻ അനുവദിക്കരുത്.
20. ആഴ്ചതോറും സാഹിത്യസമാജങ്ങൾ സംഘടിപ്പിക്കണം. കൈയെഴുത്തു മാസിക, ചർച്ചാക്ലാസ്സുകൾ ഇവവഴി നേതൃത്വപരിശീലനവും നടക്കണം.
21. പഠനനിലവാരത്തിൽ മുന്നിട്ടുനിൽക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് തുടർവിദ്യാഭ്യാസത്തിനുവേണ്ടി വായ്പ നൽകണം.
22. കരിയർ ഗൈഡൻസ് സംവിധാനം ഏർപ്പെടുത്തണം. ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർക്ക് പുനഃ പരിശീലനം നൽകുക.
23. സ്കൂളുകളിൽ യഥാസമയം പാഠപുസ്തകങ്ങൾ ലഭ്യമാക്കുക.
24. ഗ്രാമത്തിന്റെ എല്ലാ വാർഡുകളിലും അംഗനവാടികളും അംഗൻവാടികളും സ്ഥാപിക്കുക.
25. പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ സേവനം പ്രീ പ്രൈമറി കേന്ദ്രങ്ങളിൽ ലഭ്യമാക്കണം.
26. വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കണം.
27. ആധുനിക സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കണം. പാരാമെഡിക്കൽ, കമ്പ്യൂട്ടർ ഇലക്ട്രോണിക്സ്, പോളിമർ ടെക്നോളജി തുടങ്ങിയ വിഷയങ്ങൾക്ക് പ്രാധാന്യം കൊടുക്കണം.
28. പഠനത്തിൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് പഞ്ചായത്തുതലത്തിൽ സ്കോളർഷിപ്പ് ഏർപ്പെടുത്തണം.
29. സാക്ഷരതാ ക്ലാസ്സുകളും തുടർവിദ്യാകേന്ദ്രങ്ങളും ഏർപ്പെടുത്തണം
30. സ്കൂളുകളിൽ ആവശ്യമായ ഫർണിച്ചർ ലഭ്യമാക്കുക. യഥാസമയം അദ്ധ്യാപകരെ നിയമിക്കുക. അദ്ധ്യാപകർ രണ്ടുമാസത്തിലധികരിച്ച അവധിയിൽ പ്രവേശിച്ചൽ പകരം അദ്ധ്യാപകരെ നിയമിക്കണം.
31. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് കുട, പഠനോപകരണങ്ങൾ യൂണിഫോറം എന്നിവ സൗജന്യമായി കൊടുക്കുക.
32. പഞ്ചായത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിൽ ഉണ്ടായിരിക്കുന്ന കുറവ് ശാസ്ത്രീയമായി പരിശോധിക്കപ്പെടണം. നിലവിലുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളിലെ പഠന പാഠ്യേതര രംഗത്ത് മാറ്റം വരുത്തി വിദ്യാർത്ഥികളെ പഞ്ചായത്തിലെ സ്കൂളുകളിലേക്ക് ആകർഷിക്കാൻ കഴിയുന്ന തരത്തിലുള്ള സമഗ്രമായ പദ്ധതിക്ക് രൂപംനൽകണം.
33. പഞ്ചായത്തിലെ പ്രീ. പ്രൈമറി സ്ഥാപനങ്ങളിലെ പഠന സമ്പ്രദായത്തിന് പൊതുരീതി ഉണ്ടാകണം. എല്ലാ സ്കൂളുകളോടും അനുബന്ധിച്ച് പ്രീ പ്രൈമറി സ്ഥാപനങ്ങൾ ആരംഭിക്കണം.
34. കടപ്പൂർ ഗവ.ഹയർ സെക്കന്ററി സ്കൂളിലെ പ്ലസ്ടു വിഭാഗത്തിൽ സയൻസ്ഗ്രൂപ്പുകൾ പഠനവിഷയമാക്കിയുള്ള കോഴ്സുകൾ കൂടി ആരംഭിക്കണം.

5.5

കുടിവെള്ളം, പൊതുജനാരോഗ്യം

വലുതും ചെറുതുമായി 23 തോടുകളും 74 കുളങ്ങളും പഞ്ചായത്തിലുണ്ട്. മിക്കവീടുകളിലും സ്വകാര്യകിണറുകളുമുണ്ട്. കുറുമുള്ളൂരുള്ള ചില ഭാഗങ്ങളൊഴിച്ചാൽ എല്ലാ പ്രദേശങ്ങളിലും കുടിവെള്ളം ക്ഷാമം രൂക്ഷമാണ്. ഫെബ്രുവരിയോടെ തോടുകളും ജലാശയങ്ങളും വറ്റിവരളും.

മൂന്ന്പതിറ്റാണ്ടുമുൻപ് കടുത്ത വേനലിലും വറ്റാത്ത കിണറുകൾ നമ്മുടെ നാട്ടിൽ ധാരാളമായിരുന്നു. ഇന്ന് മഴ അധികരിച്ചു പെയ്യുന്ന വർഷങ്ങളിലും വേനലിൽ ജലക്ഷാമമുണ്ട്. ജനസാന്ദ്രത വർദ്ധിച്ചു. ആളോഹരി ജല ഉപഭോഗം കൂടി. പാർപ്പിടങ്ങളുടെ എണ്ണം പല ഇരട്ടികളായി. മുൻപ് മഴയെ മാത്രം ആശ്രയിച്ചായിരുന്നു കൃഷി. ഇന്ന് ജലസേചനം പ്രധാനമായി. ജലസംഭരണികളായിരുന്ന കുളങ്ങൾ മിക്കതും തൂർന്നു. വെള്ളം കെട്ടി നിന്ന് ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങാൻ അനുവദിക്കുന്നില്ല. പ്രകൃതിദത്ത ജലസംഭരണികളായ പാടങ്ങൾ നികത്തി റബ്ബറും തെങ്ങും മറ്റു ദീർഘകാലവിളകളും വച്ചുപിടിപ്പിച്ചു. 432.16 ഹെക്ടറാണ് നമ്മുടെ പഞ്ചായത്തിലെ നെൽപാടങ്ങളുടെ വിസ്തൃതി. ഇതിൽ നാണ്യവിളകൾക്കുവേണ്ടി മാത്രം 162.96 ഹെക്ടർ നികത്തിക്കഴിഞ്ഞു. കെട്ടിടനിർമ്മാണത്തിനു വേണ്ടി വേറെയും. ഈ പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടിരിക്കുന്നു.

ഓരോ വർഷവും കിണറുകളിലും കുളങ്ങളിലും ജലനിരപ്പുതാഴുന്നതായാണ് അനുഭവം. മിക്കകിണറുകളുടേയും അടിത്തട്ടിൽ കരിങ്കൽപാറകളാണ്. പാറ താഴ്ത്തി ആഴം കൂട്ടാൻ ഏറെ ചെലവുവേണ്ടിവരുന്നു. നിലവിലുള്ള ജലസ്രോതസ്സുകൾ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുകയോ പുതിയ സ്രോതസ്സുകൾ കണ്ടെത്തുകയോ ചെയ്യേണ്ടതുണ്ട്.

ജലക്ഷാമം പരിഹരിക്കാൻ ആസൂത്രീതമായ പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കിയിട്ടില്ല. പ്രശ്നം രൂക്ഷമാകുമ്പോൾ ലോറിയിൽ വെള്ളം ഓരോ പ്രദേശത്തും വിതരണം ചെയ്യുന്നരീതിയാണ് ഇന്നുള്ളത്. ഇതാകട്ടെ തീരെ അപര്യാപ്തവുമാണ്.

പൈപ്പുവഴിയുള്ള കുടിവെള്ളവിതരണപദ്ധതി ഒരെണ്ണമാണ് നിലവിലുള്ളത്. വെമ്പള്ളി ക്ഷേത്രപരിസരത്തുകുഴിച്ചിട്ടുള്ള കുഴൽക്കിണറ്റിൽ നിന്ന് പമ്പു ചെയ്തു പട്ടിത്താനത്തുള്ള ടാങ്കിൽ വെള്ള മെത്തിക്കും. ഇവിടെ നിന്നും 5,7,8 എന്നീവാർഡുകളിലെ ഏതാനും ഭാഗത്ത് ജലവിതരണമുണ്ട്. മിക്കവാറും വെള്ളം കിട്ടുന്നില്ല. ഇവയ്ക്കു പുറമേ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി 7 കുഴൽകിണറുകൾ കൂടിയുണ്ട്. ഇവയിൽ 5 എണ്ണത്തിൽ നിന്നേ ജലം ലഭിക്കുന്നുള്ളൂ. വാർഡ് നമ്പർ 3,10 എന്നിവിടങ്ങളിലുള്ള കുഴൽ കിണറുകൾ പ്രവർത്തിക്കുന്നുമില്ല.

പഞ്ചായത്തിലാകെ 15 പൊതുക്കിണറുകളുണ്ട്. ആണ്ടു മുഴുവൻ വെള്ളം കിട്ടുന്നത് ഒന്നുമാത്രം.

ഗ്രാമസഭകളിൽ ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുത്തത് കുടിവെള്ളവിഭാഗത്തിലാണ്. ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരമാർഗ്ഗങ്ങൾ പലതും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പ്രശ്നബാധിത പ്രദേശങ്ങൾ

മാതാജംഗ്ഷൻ
പനച്ചിക്കുന്ന്
കല്ലമ്പാറ
കലങ്ങോല ഭാഗം
കല്ലമ്പാറലക്ഷം വീട് ഭാഗം

കുതിരക്കാട്ടുകുന്ന്
കുറുമുള്ളൂർ പോസ്റ്റ്ഓഫീസ് ഭാഗം
ചാത്തമല
വെള്ളാപ്പള്ളിക്കുന്നേൽ
കാണക്കാരി എൽ.പി.സ്കൂൾ
കാണക്കാരി ഹൈസ്കൂളിനു പിന്നിലുള്ള പ്രദേശം
കാണക്കാരി വെമ്പള്ളി പ്രദേശം
മുള്ളംകുഴിലക്ഷം വീടു കോളനി
ഗിരിഭവൻ കണ്ണാന്തോട്ടം
ആശുപത്രിപ്പടി ഹൗസിംഗ് കോളനി
ആശുപത്രി ജംഗ്ഷനുപടിഞ്ഞാറു ഭാഗം
കുളവക്കാട്ടു ഗിരിഭവൻ വാഴക്കാലാ പ്രദേശങ്ങൾ
പുള്ളുവേലി
മന്നത്താൻ കുന്ന്
കല്ലിരി ഭാഗം
കളത്തൂർ പ്രദേശം മുഴുവൻ
ചാത്തഞ്ചിറ ഉൾപ്പെടുന്ന പ്രദേശം
പൂവക്കുളംജംഗ്ഷൻ മുതൽ കോയിപ്പുറം കുന്നത്തു പ്രദേശം
എണ്ണച്ചേരിമല കാഞ്ഞിരം മണിയേൽ
നാരകംപടി കൊട്ടാരംപടി പ്രദേശം
നരിക്കുഴി നാലുതൊട്ടി പ്രദേശം
കുപ്പക്കരത്തടം ചാമക്കാല
വെമ്പള്ളി വടക്കേകവല കല്ലാലിപ്പാലം
വാറ്റുപുര ഭാഗം
വെമ്പള്ളിലക്ഷം വീടുഭാഗം
ഉറുകുഴി
കുന്താർമണിയേൽ ഭാഗം
ചാണകപ്പാറ കൂത്തോടി
പട്ടിത്താനം ഉറുകുഴി
കോനാടൻ നിരപ്പേൽ താഴപ്പള്ളി
കുഴിക്കാട്ടുപടി തറപ്പേൽ ഭാഗം
കരിമ്പുംകാലാ പടിഞ്ഞാറുഭാഗം
മുളംകുന്ന്
പുതക്കുഴി
മാളോല
കടുവാക്കുഴി
കോഴിമുള്ളോരം
വള്ളോമ്പ്രാഭാഗം
മാളോല കിഴക്കുംഭാഗം
പന്തനാഴി ഭാഗം
മഠത്തിപ്പറമ്പിനുപടിഞ്ഞാറുഭാഗം
കോനാടൻ നിരപ്പ് പതിയിരിക്കുംപറമ്പ് ഭാഗം
മുകളേൽപടി
സ്പിന്നിംഗ്മിൽ കിഴക്കുഭാഗം
മില്ലുംപടി ഐക്കരഭാഗം

പരിഹാരമാർഗ്ഗങ്ങൾ

ഓരോ പ്രദേശത്തുമുള്ള പ്രശ്നം പരിഹരിക്കാൻ താഴെപ്പറയുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

മാതാംജംഗ്ഷൻ, പനച്ചിക്കുന്നേൽ, കല്ലമ്പാറ, കൈതയ്ക്കൽ ഭാഗം, കൊച്ചുകിഴക്കേൽഭാഗം, കളത്തൂർപള്ളി ഭാഗം, കൊച്ചോലിഭാഗം, എണ്ണച്ചേരി മല, കൂനാനി ഭാഗം, നാരകംപടി, കാഞ്ഞിരംകുന്ന്, പിണ്ടിപ്പുഴ, വട്ടുകുളം, തറപ്പിൽ, ചാണകപ്പാറ, വാറ്റുപുര, കുരീച്ചിറ, കല്ലിരി, വെള്ളാപ്പള്ളികുന്ന്, കുരങ്ങംപുഴ എന്നീ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.

കാണക്കാരി ചിറക്കുളത്തിൽ ആധുനിക രീതിയിൽ കിണർകുഴിച്ച് ചേലവാലേൽഭാഗത്തോ കളത്തൂർ ആശുപത്രി ഭാഗത്തോ ഉയർന്ന സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് മൂന്ന്, നാല്, ആറ് വാർഡുകളിൽ ജലക്ഷാമം പരിഹരിക്കാൻ കഴിയും.

പൊന്നാകുഴി പാടത്ത് കുളം കുഴിച്ചു കലങ്ങാല ഭാഗത്തു ജലമെത്തിക്കാം.

കുതിരക്കാട്ടേൽ കിണറുതീർക്കണം. ചാത്തമല ഹരിജൻ കോളനിയ്ക്കടുത്ത് വെള്ളം കൂടുതൽ കിട്ടുന്നസ്ഥലത്ത് കിണർ കുഴിച്ച് ചാത്തമല കല്ലിരി, വെള്ളാപ്പള്ളി ഭാഗത്തും വെള്ളമെത്തിക്കാം, ലഭ്യതയനുസരിച്ച് അമ്പലം ജംഗ്ഷനിലും അഞ്ചാം വാർഡിലും വിതരണം ചെയ്യാം.

കാണക്കാരി കവലയിൽ അവസാനിക്കുന്ന വാട്ടർസപ്ലൈ ലൈൻ മൂന്ന് നാല്, ആറ്, വാർഡുകൾക്കു ഉപയോഗിക്കത്തക്കവിധം മന്നത്താൻകുന്നിൽ വാട്ടർ ടാങ്കുനിർമ്മിച്ച് വെള്ളം സംഭരിച്ച് വിതരണം ചെയ്യുക.

ഓലിക്കര നിലവിലുള്ള കുളം വിസ്തൃതമാക്കി പമ്പുവെച്ച് നാലാം വാർഡിൽ വെള്ളമെത്തിക്കാം.

കാണക്കാരി എൽ.പി. സ്കൂളിലെ ജലക്ഷാമം വി.എച്ച്.എസ്സിലെ പി.ടി.എ.യുമായി സഹകരിച്ച് വി.എച്ച്.എസ്സിലെ കുടിവെള്ളസംവിധാനം എൽ.പി. സ്കൂളിനും ലഭ്യമാക്കുക.

നിലവിലുള്ള പൈപ്പു ലൈൻ കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കണമെന്ന് നിർദ്ദേശമുണ്ട്.

മുള്ളൻകുഴി ലക്ഷംവീടുകോളനിയിലേക്കും

സി.എസ്.ഐ പള്ളി വഴി ഹൗസിംഗ് ബോർഡ് കോള നിവരെയും പൈപ്പുലൈൻ നീട്ടുക.

ആശുപത്രിപടി മുതൽ പടിഞ്ഞാറ് പഞ്ചായത്തതിർത്തിവരെയും, മാപ്പിളേട്ടുവരെയും ഗിരിഭവൻ വാഴക്കാലാ റോഡിലും അമ്പലക്കവല മുതൽ ചാത്തമല വരെയും പൈപ്പുലൈൻ നീട്ടുക.

ചാത്തൻചിറപ്പടിയിൽ നിന്നും ഊരാശ്ശേരിപടി വരെയും പൂവക്കുളം റോഡിൽ കോയിപ്പുറം മുതൽ കുനാനി ഭാഗംവരെ 1 കി.മീറ്ററും ചാത്തൻ ചിറപടിയിൽ നിന്നും എണ്ണച്ചേരിമല വഴി കാഞ്ഞിരം മണിയേൽ വരെ 1 കിലോമീറ്ററും. റാരകംപടിയിൽനിന്നും കൊട്ടാരംപടിവരെ 800 മീറ്ററും നരിക്കുഴി ഭാഗത്തു നിന്നും നാലു തൊട്ടി വരെ 1 കിലോ മീറ്ററും കുപ്പക്കരത്തടം മുതൽ ചാമക്കാലാവരെ 500 മീറ്ററും ബാങ്കുകവലയിൽ നിന്നും വയലാവഴി കല്ലാലി പാലംവരെയും വെമ്പള്ളി കുടുംബക്ഷേമകേന്ദ്രത്തിലേയ്ക്കും, പട്ടിത്താനം ഉറുകുഴിറോഡ്, കോനാടൻ നിരപ്പ് താഴപ്പള്ളി റോഡ്, നെടിയമുകൾ മുതിരക്കാലാ റോഡ്, വെമ്പള്ളി വാറ്റുപുര (ഇവിടെ രണ്ടു പൊതുടാപ്പുകൾ വേണം) റോഡിലൂടെയും ഏഴാം വാർഡിൽ എല്ലാ പ്രദേശങ്ങളിലേയ്ക്കും നിലവിലുള്ള പൈപ്പുലൈൻ നീട്ടണമെന്ന് നിർദ്ദേശമുണ്ട്. ഇതു നടപ്പാക്കാൻ പട്ടിത്താനത്തുള്ള ടാങ്കു പര്യാപ്തമല്ലെങ്കിൽ എണ്ണച്ചേരിമലയിൽ ടാങ്കുകെട്ടി വെള്ളം സംഭരിച്ചു വിതരണം ചെയ്യു ലക്ഷ്യം നിറവേറ്റാം.

പട്ടിത്താനത്തുനിലവിലുള്ള വാട്ടർ ടാങ്കിൽ നിന്നും വാറ്റുപുരകോളനിയിൽ ജലവിതരണം നടത്താം. ഏറ്റുമാനൂർ പഞ്ചായത്തിന്റെ ഭാഗമായ പൊയ്കപ്പുറത്ത് കുളം നിർമ്മിച്ചും വാറ്റുപുരയിൽ വെള്ള മെത്തിക്കാവുന്നതാണ്.

വലിയചാൽ, പൂവപ്പടം, നരാന്തക്കുഴി എന്നീ സ്ഥലങ്ങളിലെ ജല ലഭ്യത കണക്കാക്കി അനുയോജ്യമായ സ്ഥലത്തു കുളം നിർമ്മിച്ച് ആശുപത്രിപരിസരത്തോ ചേലവാലേലോ ടാങ്കുനിർമ്മിച്ച് നാല് ആറ് വാർഡുകളിലെ പ്രശ്നം പരിഹരിക്കാം.

വെമ്പള്ളി തെക്കേ ആരംപള്ളിൽ ഭാഗത്ത് ടാങ്കു നിർമ്മിച്ച് നിലവിലുള്ള കുഴൽ കിണറ്റിൽ നിന്നോ മറ്റു സാദ്ധ്യതയുള്ളിടത്തുനിന്നോ വെള്ളമെത്തിച്ച് വെമ്പള്ളി ലക്ഷം വീടുഭാഗത്തെ ക്ഷാമം തീർക്കാം.

വട്ടുകുളം സ്കൂൾ ഗ്രൗണ്ടിലുള്ള കുഴൽ കിണർ താഴ്ത്തിയോ, സ്കൂളിനടുത്തുള്ള ചാലിൽകുളം വെട്ടിയോ എബനേസർ എസ്റ്റേറ്റിലുള്ള പൊയ്കപ്പുറത്തു കുളം താഴ്ത്തിയോ മാളോല ഭാഗത്തു ടാങ്കു കെട്ടി പൈപ്പ് ലൈൻസ്ഥാപിച്ച് 8,9,10 വാർഡുകളിലെ പ്രശ്നം പരിഹരിക്കാം. പൈപ്പുലൈൻ താഴെപറയുന്ന വഴികളിലൂടെയാകണം

കുഴിക്കാട്ടുപടി - മാച്ചേരിപടി
വാറ്റുപുര - കരിമ്പും കാലാ റോഡുവഴി
വാറ്റുപുര - കീപ്പള്ളിപടി റോഡ്
പുന്നയ്ക്കാമറ്റം - കറുത്തപാറ റോഡ്
ഇളമനക്കാവ് - കാഞ്ഞിരപ്പാറ റോഡ്
വട്ടുകുളം - മാളോല റോഡ്
മാളോല -വാറ്റുപുര റോഡ്

മുകളിൽ പറഞ്ഞപദ്ധതി നടപ്പാക്കാൻ കഴിയാതെ വന്നാൽ താഴെപ്പറയുന്നസ്ഥലങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിക്കേണ്ടതാണ്.

പൂതക്കുഴി
മാളോല
തറപ്പേൽ
മാന്നുകാട്ടിൽ
കരിമ്പുംകാലാ പടിഞ്ഞാറുഭാഗം
കുഴിക്കാട്ടിൽ

താഴ്ന്ന പ്രദേശത്തു കുളം കുത്തി ഓലിയ്ക്കമലയിൽ ടാങ്കുകെട്ടി പൈപ്പുലൈൻ സ്ഥാപിക്കണമെന്ന് പത്താം വാർഡിൽ നിന്നും നിർദ്ദേശിക്കുന്നു.

കളപ്പുര-കുറുമണൽ ഭാഗത്തു കുളം കുഴിച്ച് കരിമ്പനക്കുന്നിൽ സംഭരണി നിർമ്മിച്ച് 5-ാം വാർഡിലെ ജലക്ഷാമം പരിഹരിക്കാം.

കിണറുകുത്തുവാൻ സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്ക് സഹായം ചെയ്യുക.

നിലവിലുള്ള പൊതുടാപ്പുകൾ തമ്മിലുള്ള അകലം ആവശ്യാനുസരണം ക്രമപ്പെടുത്തുക.

ശാശ്വതമായി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതുവരെ ജലക്ഷാമം അനുഭവപ്പെടുമ്പോൾ മതിയായത്ര ലോറിവെള്ളം എത്തിക്കുക.

നിലവിലുള്ള ജല വിതരണസംവിധാനങ്ങൾക്ക് യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുക.

പട്ടർമഠം പദ്ധതി ഉടൻ നടപ്പാക്കുക. കൂടുതൽ പ്രദേശങ്ങളിൽ പഞ്ചായത്തു കിണറുകൾ സ്ഥാപിക്കുക.

നിലവിലുള്ള പരമാവധിസാദ്ധ്യതകൾ വാർഡു

കളിൽ നിന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട് ഒരേ പ്രശ്നത്തിനു തന്നെ പലപരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുമുണ്ട്. കൂടുതൽ അനുയോജ്യമായത് തെരഞ്ഞെടുക്കാവുന്നതാണ്.

ജലവിതരണപദ്ധതികൾ നടപ്പാക്കാനുള്ള അവകാശം ഗ്രാമപഞ്ചായത്തുകൾക്ക് പൂർണ്ണമായും കൈമാറുക.

ആരോഗ്യം

പഞ്ചായത്തിലെ ആകെ ജനസംഖ്യ 20585. ആണ് ഇതിൽ പുരുഷന്മാർ 10153. സ്ത്രീകൾ 10432

ജനസംഖ്യക്ക് ആനുപാതികമായ വൈദ്യസഹായം ഇവിടെയില്ല. അതുകൊണ്ട് ബഹുഭൂരിപക്ഷവും പഞ്ചായത്തിനുപുറത്തുള്ള സർക്കാർ-സ്വകാര്യ ആശുപത്രികളെ [illegible]ക്കുന്നു.

പഞ്ചായത്തിലുള്ള പ്രൈമറി ഹെൽത്തുസെന്റർ (PHC) കളത്തൂരാണു പ്രവർത്തിക്കുന്നത്. ഇങ്ങോട്ട് വാഹനസൗകര്യം തീരെയില്ല. കുറുമുള്ളൂരും വെമ്പള്ളിയിലും ഓരോ ഫാമിലി വെൽഫയർ സെന്ററുകളുണ്ട്. ആയുർവേദ ആശുപത്രി 10-ാം വാർഡിൽ കടപ്പൂർ സ്ഥിതി ചെയ്യുന്നു. പ്രൈമറി ഹെൽത്ത് സെന്ററിൽ വേണ്ടത്ര കെട്ടിടങ്ങൾ ഇല്ല. ഇവിടെ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ആവശ്യമാണ്, വേണ്ടത്ര ജീവനക്കാരും ഇല്ല. മുമ്പ് ഇവിടെനിന്നും കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്തിരുന്നു. ഇപ്പോൾ ആ സംവിധാനം നിലച്ചു. ആശുപത്രിയിൽ മതിയായത്ര മരുന്നുകൾ പലപ്പോഴും ലഭ്യമാകുന്നില്ല.

ഫാമിലി വെൽഫയർ സെന്ററുകളിലൊന്ന് വെമ്പള്ളിയിലുള്ളതിന്റെ കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. മേൽകൂര കേടുവന്ന് ചോർന്നൊലിക്കുന്നു. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ കക്കൂസ് സൗകര്യം പോലുമില്ല. ജലലഭ്യതയുമില്ല. 15 സെന്റ് സ്ഥലം ഫാമിലി വെൽഫയർ സെന്ററിന്റേതായുണ്ട്. ഇതിനുചുറ്റുമതിൽ ഇല്ല.

ആരോഗ്യരക്ഷയുടെ അടിസ്ഥാനഘടകമാണു ശുദ്ധജലലഭ്യത. അക്കാര്യത്തിൽ വളരെപിന്നിലാണു പഞ്ചായത്തു പ്രദേശം 40% വീടുകളിൽ കക്കൂസുകളില്ല.

റോഡുകൾക്ക് ഓടകളില്ലാത്തതുകൊണ്ട് മലിനജലം വീട്ടുമുറ്റങ്ങളിലേയ്ക്ക് ഒഴുകിയെത്തുന്നു. ചിലസ്ഥലത്ത് വീടുകളിൽ നിന്നും മലിന ജലം റോഡുകളിലേയ്ക്കും ഒഴുക്കുന്നുണ്ട്.

ആരോഗ്യക്ലാസ്സുകളോ സെമിനാറുകളോ നടക്കുന്നില്ല.

ക്ഷുദ്രജീവികൾ മുഖേനയുള്ള രോഗങ്ങൾ കണ്ടുവരുന്നു. മൂന്ന് എലിപ്പനികേസുകൾ ഈ വർഷം റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

കൊതുകുശല്യം വളരെയേറെ വർദ്ധിച്ചു. ചൊറി, ചിരങ്ങ്, വിരബാധ, മഞ്ഞപ്പിത്തം, ചുമ, പനി, വിളർച്ച, വൈറൽ ഫീവർ, വയറിളക്കം എന്നിവയാണ് കൂടുതലായികണ്ടു വരുന്ന രോഗങ്ങൾ.

പരിഹാരമാർഗ്ഗങ്ങൾ

1. ചികിത്സാസ്ഥാപനങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും പുതിയസ്ഥാപനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യണം.
2. ആരോഗ്യക്ലാസ്സുകൾ, സെമിനാറുകൾ തുടങ്ങിയവയിലൂടെ ബോധവൽക്കരണം നടത്തണം.
3. ആരോഗ്യപ്രവർത്തകർ ഭവനസന്ദർശനം നടത്താനുള്ള സംവിധാനമുണ്ടാക്കണം.
4. എല്ലാകുടുംബങ്ങൾക്കും കക്കൂസ് ലഭ്യമാക്കണം.
5. വേണ്ടത്ര സൗകര്യങ്ങളോടെ ആശുപത്രികൾ സ്ഥാപിക്കണം.
6. പൊതു ശ്മശാനത്തിന് ചുറ്റുമതിൽ കെട്ടണം.
7. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം.
8. പ്രധാനകേന്ദ്രങ്ങളിൽ പൊതുകക്കൂസുകൾ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.
9. റോഡുകൾക്ക് ഓടതീർന്ന് മലിനജലം ഒഴുകിപ്പോകാനുള്ള സംവിധാനം ഉണ്ടാക്കുക. വീടുകളിൽനിന്ന് മലിനജലവും ചപ്പുചവറുകളും റോഡുകളിൽ നിക്ഷേപിക്കുന്നത് തടയുക.
10. ആവശ്യമായ സ്ഥലങ്ങളിൽ വെയ്സ്റ്റുബോക്സുകൾ സ്ഥാപിക്കുക.
11. നമ്പ്യാകുളം ഭാഗത്തുള്ള അസ്ഥിക്കുഴി വളരെയേറെ ദോഷം ചെയ്യുന്നു. സമീപവാസികൾക്കും വഴിയാത്രക്കാർക്കും അനാരോഗ്യകരമാണിത്. ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണം.
12. ആശുപത്രികളുടെ സുഗമമായ നടത്തിപ്പിന് ജനപങ്കാളിത്തം ഉറപ്പുവരുത്തുക.
13. വേണ്ടത്രമരുന്നുകൾ ആശുപത്രികളിൽ ലഭ്യമാക്കണം.

14. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെകൊല്ലുന്നതിന് നടപടി സ്വീകരിക്കണം.
15. രാസവളം കീടനാശിനി എന്നിവയുടെ അമിതോപയോഗം തടയുക.
16. ഈച്ച, കൊതുക് എന്നിവയെ നശിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കുക.
17. യാചകനിരോധനം ഏർപ്പെടുത്തുക.
18. നിലവിലുള്ള ഫാമിലി വെൽഫെയർ സെന്ററുകൾ ആശുപത്രികളായി ഉയർത്തണം.
19. ഹോമിയോ ആശുപത്രി സ്ഥാപിക്കണം.
20. പ്രകൃതി ചികിത്സാ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുക.
21. പ്രാണിക് ഹീലിംഗ്, അക്യൂപംചർ, കാന്തചികിത്സ ആൾട്ടർനേറ്റീവ് മെഡിസിൻ തുടങ്ങിയ ചികിത്സാ രീതികൾ പ്രോത്സാഹിപ്പിക്കുക.
22. കുളത്തൂർ പ്രവർത്തിക്കുന്ന P.H.C യുടെ ചുറ്റുമതിൽ കെട്ടുക
23. കടപ്പൂർ ആയുർവ്വേദ ഡിസ്പെൻസറി പണിതീർത്ത സ്വന്തം കെട്ടിടത്തിലേയ്ക്കു മാറി പ്രവർത്തിക്കണം.
24. ആയുർവ്വേദ ഡിസ്പെൻസറി കോമ്പൗണ്ടിൽ കിണർ തീർക്കണം.
25. നിലവിലുള്ള P.H.C, ആയുർവ്വേദഡിസ്പെൻസറി എന്നിവ രോഗികളെ കിടത്തി ചികിത്സിക്കാൻ കഴിയുന്ന ആശുപത്രികളായി ഉയർത്തുക
26. P.H.C യിൽ ഗൈനക്കോളജി വിഭാഗം ആരംഭിക്കണം.

നാലാം വാർഡ് വിശേഷാൽഗ്രാമസഭ
ബ്ലോക്ക്പഞ്ചായത്തംഗം
ശ്രീ. സെബാസ്റ്റ്യൻ ജെ. ആലപ്പാട്ട്
ഉദ്ഘാടനം ചെയ്യുന്നു.

ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്
ശ്രീ എം.സി. കുര്യാക്കോസ്
4 ാം വാർഡ് ഗ്രാമസഭയെ അഭിവാദ്യം
ചെയ്തു സംസാരിക്കുന്നു

5.6

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഇപ്പോൾ കേരളത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്ന പഴയ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ഹൃദയനാഡിയെന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന മെയിൻ സെൻട്രൽ റോഡ്, കോട്ടയം - എറണാകുളം റോഡ് എന്നിവ കാണക്കാരി പഞ്ചായത്തിലൂടെ കടന്നു പോകുന്നു. ഈ റോഡുകളിൽക്കൂടി ബോംബെ, ബാംഗ്ലൂർ, മദ്രാസ്, മധുര, കോയമ്പത്തൂർ മുതലായ സമീപ സംസ്ഥാനങ്ങളിലെ പ്രധാനപ്പെട്ട നഗരങ്ങളിലേയ്ക്ക് അന്തർസംസ്ഥാന ബസ്സുകൾ ഓടുന്നു എന്നുള്ളതും കാണക്കാരി പഞ്ചായത്തിലെ ഗതാഗത വികസനത്തിന്റെ വ്യാപ്തിയെ കുറിക്കുന്നു.

കാണക്കാരി പഞ്ചായത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി നടന്ന ഏറ്റവും പ്രധാന വികസനപ്രവർത്തനം ഗ്രാമീണറോഡുകളുടെ നിർമ്മാണമായിരുന്നു. ഇതിന്റെ ഫലമായി കേരളാശരാശരിയേക്കാളും ഉയർന്ന റോഡുഗതാഗതലഭ്യത ഇന്നു നമുക്കുണ്ടെന്നുള്ള വസ്തുത സന്തോഷകരംതന്നെ. എന്നാൽ റോഡുകളോട് അനുബന്ധിച്ച് ഓടകൾ തീർക്കാത്തതിനാലും നീർവാർച്ചക്കുവേണ്ടി പാത്തികൾ ഉണ്ടാക്കാത്തതിനാലും വർഷകാലങ്ങളിൽ റോഡുകളിലെ മേൽമണ്ണ് ഒലിച്ചുപോകുകയും അതിന്റെ ഫലമായി പ്രസ്തുത ഗതാഗതം ദുഷ്ക്കരമായിത്തീരുകയും ചെയ്തിട്ടുണ്ട്. ഈ അവസ്ഥ പരിഹരിക്കുന്നതിന് ഉള്ള അറ്റകുറ്റപ്പണികൾ പലപ്പോഴും സമയത്തിന് ചെയ്യാത്തതുകൊണ്ട് പലറോഡുകളുടെയും സ്ഥിതി മെച്ചപ്പെടുന്നില്ലെന്നു വേണം പറയാൻ.

എന്നാൽ വാഹനങ്ങൾ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിച്ചേരുന്നതിനുള്ള സൗകര്യം ഈ റോഡുകൾ സാദ്ധ്യമാക്കുന്നുണ്ട്. പക്ഷേ, പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളെ ബന്ധിച്ചുകൊണ്ടുള്ള പൊതുവാഹനഗതാഗതം ഇല്ലാത്തതുകൊണ്ട് പഞ്ചായത്തിന്റെ ഒരറ്റത്തു നിന്നും മറ്റൊരറ്റത്തേക്ക് പോകുന്നതിന് മുഖ്യമായും ഓട്ടോറിക്ഷകളെ ആശ്രയിക്കേണ്ടിവരുന്നു. ഈ ദുരവസ്ഥ ഒഴിവാക്കുന്നതിന് പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളേയും സ്പർശിച്ചുപോകുന്ന ഒരു സർക്കുലർ ബസ്സർവീസ് ആരംഭിക്കണം. ഇത് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാരാഫീസുകളായ കൃഷിഭവൻ. മൃഗാശുപത്രി, ആയുർവ്വേദാശുപത്രി, പഞ്ചായത്താഫീസ്, വില്ലേജ് ഓഫീസ് സഹകരണ സംഘങ്ങളുടെ ഓഫീസ് പബ്ലിക്ക് ഹെൽത്ത് സെന്റർ മുതലായ സ്ഥാപനങ്ങളിൽ എത്തിച്ചേരുന്നതിന് സൗകര്യപ്രദമായിരിക്കും.

റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് റോഡുകൾക്ക് നടപ്പാതയും ഓടകളും തീർക്കണം. സമയ ബന്ധിതമായി പ്രധാനറോഡുകൾ ടാർ ചെയ്യുകയും വേണം റോഡുകൾ ടാർ ചെയ്യുന്നതിന് സ്പോൺസർമാരെ കിട്ടുമെങ്കിൽ അവരെ പ്രയോജനപ്പെടുത്തണം.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ ദൂരം 111.92 കി.മീറ്ററാണ്. അതിൽ പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള റോഡുകളുടെ ദൈർഘ്യം 82.07 കി.മീറ്റർ ആണ്.

മുപ്പതു വർഷം മുമ്പുവരെ ചരക്കുഗതാഗതം കാളവണ്ടികളെയും മനുഷ്യർ വലിക്കുന്ന പിടിവണ്ടികളെയും തലച്ചുമടിനേയും ആശ്രയിച്ചായിരുന്നു. എന്നാൽ കഴിഞ്ഞ ഇരുപത് വർഷമായി കാളവണ്ടികൾ പഞ്ചായത്തിലില്ല. ബസ്സ് സർവീസുകൾ ധാരാളമുണ്ടായതോടെ തലച്ചുമടും നിലച്ചിരിക്കയാണ്. കഴിഞ്ഞ 20 വർഷങ്ങളായി ചരക്കു ഗതാഗതം ലോറി

യിലും, ജീപ്പിലും, ഓട്ടോകളിലുമാണ് നടക്കുന്നത്.

ഇപ്പോൾ കാണക്കാരികവലയിലും വെമ്പള്ളി കവലകളിലും പഞ്ചായത്തിന്റെ മറ്റു പ്രധാനപ്പെട്ട ജംഗ ഷനുകളിലും ജീപ്പുകളും ലോറികളും വാനുകളും ഓട്ടോ റിക്ഷകളും ധാരാളമായി കാണാം.

എന്നാൽ മേൽപ്പറഞ്ഞ വാഹനങ്ങൾ വഴിയോ രങ്ങളിലാണ് പാർക്കുചെയ്യുന്നത്. ഇതുപലപ്പോഴും വാഹനങ്ങൾക്കും വഴിയാത്രക്കാർക്കും അപകട ഭീഷണി ഉയർത്തുകയും അസൗകര്യങ്ങൾ സൃഷ്ടി ക്കുകയും ചെയ്യുന്നു. അതുകൊണ്ട് വാഹനങ്ങൾ പാർക്കുചെയ്യുന്നതിന് പ്രത്യേകസൗകര്യങ്ങൾ ഉണ്ടാ ക്കണം. ടാക്സി സ്റ്റാന്റുകൾ ഉണ്ടാക്കുന്നത് പൊതു ജനങ്ങൾക്ക് സൗകര്യവും പഞ്ചായത്തിന് വരുമാന വുമാകും.

നമ്മുടെ പഞ്ചായത്തിൽക്കൂടി 3.5 കി.മീ ദൂരം റെയിൽവേലൈൻ കടന്നുപോകുന്നു. ഈ റെയിൽവേ ലൈൻ പഞ്ചായത്തിന്റെ പടിഞ്ഞാറൻ വാർഡുകളായ ഒന്നും രണ്ടും വാർഡുകളെ പഞ്ചായത്തിന്റെ മറ്റുഭാഗ ങ്ങളുമായുള്ള സുഗമായ സമ്പർക്കത്തിന് തടസ്സം സൃഷ്ടിക്കുന്നു. ഇത് ഒഴിവാക്കുന്നതിനായി കല്ലിരി ഭാഗത്ത് ഒരുറെയിൽവേക്രോസ്സോ, ഓവർബ്രിഡ്ജോ നിർമ്മിക്കണമെന്ന ആവശ്യം ജനങ്ങളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. കാണക്കാരിയിൽ നിന്നും കല്ലിരി വഴി കുറ്റമുള്ളൂർക്ക് ഒരു റോഡുപണിതിട്ടുണ്ടെങ്കി ലും ലെവൽ കോസ്സോ ഓവർബ്രിഡ്ജോ ഇല്ലാത്തതു കൊണ്ട് അതിൽക്കൂടി വാഹനഗതാഗതം സാദ്ധ്യമാ കുന്നില്ല. തന്മൂലം കുറുമുള്ളൂരുനിന്നും വാഹനങ്ങൾ കാണക്കാരിക്കുപോകുന്നത് ഏകദേശം 3.5 കി.മീ. മുതൽ 5.5 കി.മീ. വരെ ചുറ്റിയാണ്. വാര്യമാനി ലവൽക്രോസിൽ ഒരു റെയിൽവേ സ്റ്റേഷൻ ആവശ്യ മാണ്.

നിലവിലുള്ള പഞ്ചായത്തു റോഡുകളുടെ അറ്റ കുറ്റപ്പണികൾ നടത്തണം. കോട്ടയം - വൈക്കം റോഡിൽ കാണക്കാരി കവല ഭാഗത്തുള്ള വളവു നിവർക്കണം. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും കൂടു തൽ വാഹന സൗകര്യമുണ്ടാക്കണം. ആവശ്യമായ സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡ്ഡുകളും നിർമ്മിക്കേ ണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ജല ഗതാഗതം തീരെ യില്ല. മുമ്പ് കുറുമുള്ളൂർ പടിഞ്ഞാറുഭാഗത്ത് തോടു മുഖേന ഗതാഗതവും വ്യാപാരവും നടന്നിരുന്നു. ഇന്ന് അവ ഗതാഗത യോഗ്യമല്ല.

പുതിയതായി നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ട റോഡുകൾ

മാത്താളിമുക്ക്	-	പാപ്പനശ്ശേരി
കലിഞ്ഞാലി	-	നടുപ്പറമ്പ്
മാടവന	-	മൂഴിക്കുളങ്ങര
പൂരത്തുംകാലാമറ്റം	-	പുളിയൻതൊട്ടി
കരികുളം	-	കരികുളം പാടശേഖരം
പൊങ്ങാട്ടിൽപടി	-	വൈക്കം റോഡ്
മഞ്ഞക്കാലാ	-	കുറുമുള്ളൂർ പോസ്റ്റാഫീസ്
തുമ്പക്കര	-	കുറുമുള്ളൂർ
ചാത്തമല ശ്മശാനം റോഡ്		
കുറ്റിക്കാട്ടുകുന്നേൽ	-	എത്തൽപ്പാടം
കവനപ്പടി	-	കാവനാപ്പടി
മുള്ളങ്കുഴി	-	കിണ്ണംതൊട്ടി
പുളിക്കൽപ്പടി	-	കരിമ്പനക്കുന്ന്
കിണ്ണംതൊട്ടി	-	വൈയ്ക്കം റോഡ്
കല്ലുറുമ്പേൽ	-	മാളിയേയ്ക്കൽപ്പടി
ചെറുച്ചാൽ	-	പിറയാർ
വട്ടുകുളം	-	കൊല്ലംപറമ്പ്

നിലവിലുള്ള റോഡുകൾ

വാർഡ്	റോഡിന്റെ പേര് നീളം	വീതി	
		മീറ്റർ	മീറ്റർ
I	കല്ലംപാറ ഓണംതുരുത്ത്	1300	5
	പൂരത്തുംകാലാ-സ്പിന്നിംഗ് മിൽ	800	4.20
	വണ്ടപത്തേൽ-അതിരമ്പുഴ(ടാർ)	200	6.80
	കണിയാൻ കിഴക്കേൽ-ഈശ്വരൻതടം (മൺ)	800	4
	കുറുമുള്ളൂർപള്ളി-ഓണംതുരുത്ത്	600	6
	ഊളക്കാവിൽ-അതിരമ്പുഴ (ടാർ)	200	7
	കല്ലംപാറ- പള്ളിത്താഴം	1150	8
	പൂരത്തുംകാലാ- ഇലയ്ക്കാട്ടുപാടം	750	5
	കല്ലംപാറ - പുളിയംതൊട്ടിപ്പാടം	500	4
II.	കരിങ്ങാലി -ഓണംതുരുത്ത്	1500	7
	തുടിയാലി- പട്ടമന	600	4
	കുതിരക്കാട്ടുകുന്ന്-വെള്ളാമറ്റം	1300	5.5
	തെന്നാട്ടുകുഴി തോട്ടിപ്പറമ്പ് ക്ഷേത്രം റോഡ്	700	4

	കല്ലിരി - തുമ്പക്കര	1000	4
	വേദഗിരി- തമ്പക്കര		
	കുരിശുപള്ളി	1500	3.5
	കുറുമുള്ളൂർ പോസ്റ്റാഫീസ്	1200	8
	കല്ലംപാറ		
	കുമ്പിളുമൂട്ടിൽ-അഞ്ചാലപ്പാടം	120	5
	പൂരത്തുംകാല- അഞ്ചാലപ്പാടം	770	6
	ലക്ഷം വീടുകോളനി-	600	3
	കുഴിക്കാട്ടിൽപ്പാടം		
	സ്പിന്നിംഗ്മിൽ പൊന്നാകുഴിപ്പാടം	480	3.5
	മറ്റംപടി - വേദഗിരി	700	3
	കല്ലിരി - മാമൂട്	500	4
	പോസ്റ്റാഫീസ്- തച്ചേഴത്തുപടി	500	3
	പൂവംനിൽക്കുന്നതിൽ-	600	3
	കലങ്ങോല		
	കുമ്പിളുമൂട്ടിൽപ്പടി-	200	3
	പുതിയാകുന്ന്		
III	മൂന്നുമൂല- തട്ടാകുളങ്ങര	1200	4.80
	മറ്റം- ആര്യംകാലാ	600	4
	ടെമ്പിൾ- പാറപ്പുറം	1850	4.5
	ചീരകശ്ശേരിപ്പടി-	400	4.80
	ചാത്തമലകോളനി		
	പാറപ്പുറം- കമുകുംപള്ളി	800	4
	അമ്മിണിശ്ശേരി-	350	2
	പെരുമ്പള്ളി ഭാഗം		
	മാവേലിമുക്ക്- പാറപ്പുറം	400	4
	അമ്പലപ്പടിറെയിൽവേഗേറ്റ്(ടാർ)	900	6
IV	പനാമ- കളത്തൂർ	1300	5.30
	കാണക്കാരി-പേക്കാടൻകുഴി	700	3.60
	കാണക്കാരി പോസ്റ്റാഫീസ്റോഡ്	900	4
	മന്നത്താൻകുന്ന്-	1370	6
	വൈയ്ക്കം റോഡ് ഭാഗം		
	അമ്പാറമാക്കേൽ-	1050	3
	വൈയ്ക്കംറോഡ്		
	കളത്തൂർ നെടിയകാലാ	1300	5
	നന്ത്യാകുളം നെടിയകാലാ	1150	4
	കാണക്കാരി കളത്തൂർ	400	6
	ആരംപള്ളി ചുമടുതാങ്ങി	100	6
	പി.സി. ജോസഫ് മെമ്മോറിയൽ	300	6

V	പട്ടിത്താനം കുളവക്കാട്	1000	5
	പട്ടിത്താനം കുളവക്കാട്	1000	6
	ഗിരിഭവൻ കണ്ണാംതോട്ടം	1000	4
	കണ്ണാംതോട്ടം ആനമല	800	8
	കളരിപ്പടി കാവനാപ്പടി	1000	3
	കണ്ണാന്തോട്ടം മാലിയേപ്പടി	400	3
VI	കാണക്കാരി എം.സി. റോഡ്-	1100	3
	(പട്ടിത്താനം) ചിറക്കുളം		
	ചാലപ്പള്ളി- മേലേട്ട്റോഡ്	1100	3.5
	വെമ്പള്ളി- കളത്തൂർ റോഡ്	1100	5
	മണ്ണാൽവേങ്ങോട്ട്-	700	3
	ഖാദി ബോർഡ് സെന്റർ റോഡ്		
	ചേലവാലേൽറോഡ്	1000	3.5
	തുള്ളുവാൻപറമ്പ് റോഡ്	300	5
	ഇണ്ടാൻകുന്ന്-വട്ടത്തൊട്ടിറോഡ്	500	3
	കളത്തൂർ പള്ളി ഇരട്ടച്ചിറക്കുളം	80	3
	C.Lസെബാസ്റ്റ്യൻ മെമ്മോറിയൽ	260	
	കളത്തൂർ കോതനല്ലൂർ	2300	6
	കാണക്കാരി- കളത്തൂർ	400	6
VII	നാലുതൊട്ടി- നരിക്കുഴിറോഡ്	1000	3
	കാളികാവ്-ചാത്തൻചിററോഡ്	1700	3.5
	നാരകം-കരിമ്പിൻകാലാറോഡ്	1200	3
	കാളികാവ്- ചിറ്റപ്രറോഡ്	900	3
	കുപ്പക്കരപ്പടി-കാളികാവ്റോഡ്	1000	3
	ചാത്തൻചിറ-കന്നുവെട്ടിറോഡ്	800	3
	മുണ്ടുവായിക്കുടുക്കയിൽ -	500	3
	അന്നതുട റോഡ്		
	ഐക്കരറോഡ്	800	3
	(മുതലച്ചേരിപ്പാടംവരെ)		
	അതളം-മുണ്ടുവായിക്കുടുക്ക	500	3
	മുണ്ടുവള്ളേൽപ്പടി-		
	കാണക്കാരിതോട്ടുവാ റോഡ്		
VIII	പട്ടിത്താനം- ഉറുകുഴിറോഡ്	1400	8
	കുത്തോടി-ചാണകപ്പാററോഡ്	800	4
	മില്ലുംപടി- ഐക്കരറോഡ്	500	3.5
	ഏഴേക്കുന്ന്- കോണോടിറോഡ്	1000	4.5
	കാഞ്ഞിരപ്പാറ-കരിമ്പിൻ		
	കാലാറോഡ്	1800	4

	ചെട്ടിപ്പറമ്പ്-കോനാട്ടേൽനിരപ്പ് റോഡ്	1500	8
	മുതുക്കംപ്രാ-മുതിരക്കാലാപ്പടി	500	4
	പന്നിത്തുരുത്ത്-മുതിരക്കാലാ	1200	4
	താഴപ്പള്ളി- പട്ടിത്താനം	900	3
IX	ഇളമനക്കാവ്-തേക്കോലറോഡ്	450	3
	കാഞ്ഞിരപ്പാറ-ഇളമനക്കാവ്റോഡ്	1600	3.5
	കുരീച്ചിറ- മാളോല റോഡ്	2000	8
	മാച്ചേരിപ്പടി- കുഴിക്കാട്ടിപ്പടി	600	4
	പുന്നയ്ക്കാമറ്റം- കറുത്തപാറ	750	4
	കണിയാംപടി-മാളിയേയ്ക്കൽപ്പടി	600	2.8
	കരിയ്ക്കുംതൊട്ടി- പൊയ്യപ്പുറം	600	
	ചൂമടുതാങ്ങി- കടപ്പൂര്	2000	6
	പുലിയള- വട്ടത്തൊട്ടി	300	
	പൂവക്കുളം റോഡ്	300	
	വട്ടുകുളം- ക്ലാമറ്റം	1300	8
	കരിമ്പുകാല-പടിയരപ്പടി	500	2.5
	മാളിയേയ്ക്കൽജംഗ്ഷൻ-പുറപ്പാടം	500	3
	ഈരൂഡ് റോഡ്	700	3.5
	വല്ല്യേട്ടുംപ്ര-പുത്തൻപുരപ്പടി	500	3
	മഠത്തിപ്പറമ്പ്- ചെറുച്ചാൽ	1050	3

ഊർജ്ജം

ഊർജ്ജത്തിനുവേണ്ടി നമ്മുടെ ഗ്രാമവാസികൾ ഉപയോഗിക്കുന്ന വസ്തുക്കൾ വിറക് മണ്ണെണ്ണ, പാചകവാതകം, പെട്രോൾ മുതലായവയാണ്.

പാചകത്തിന് പ്രധാനമായി വിറകുതന്നെയാണ് ഭൂരിപക്ഷം ഗൃഹങ്ങളിലും ഉപയോഗിക്കുന്നത്. തെങ്ങിൻ തോപ്പുകളും പ്ലാവ്, മാവ്, കശുമാവ് മുതലായ ഫലവൃക്ഷങ്ങളും മറ്റു പാഴ്മരങ്ങളും കുറഞ്ഞു. അതുകൊണ്ട് വിറകിന്റെ ലഭ്യത വേണ്ടുവോളമില്ല. വളരെ ചുരുങ്ങിയ ശതമാനം വീടുകളിൽ പാചകത്തിന് മണ്ണെണ്ണയും പാചകവാതകവും ഉപയോഗിക്കുന്നുണ്ട്. ചില വീടുകളിൽ ഗോബർഗ്യാസ് പ്ലാന്റുകൾ ഉണ്ട്. എന്നാൽ അവ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് ഉടമസ്ഥർ ശുഷ്കാന്തി കാണിക്കുന്നില്ല. ചാണകത്തിന്റെ ലഭ്യതക്കുറവും ഈ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സഹായധനം നൽകിയ ഏജൻസികൾ തുടർന്നുള്ള പരിശോധനയും ഉപദേശവും പ്രേരണയും നൽകാത്തതും ഇതിന്റെ ഉപയോഗക്ഷമത കുറഞ്ഞു വരുന്നതിന് കാരണമാണ്. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ ദക്ഷത കൂടിയ പരിഷത്ത് അടുപ്പുകൾ ഏകദേശം 150 വീടുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

റബ്ബർ കൃഷി വ്യാപകമായതോടുകൂടി മറ്റു വൃക്ഷങ്ങൾ പുരയിടത്തിൽ കുറവായി. പഞ്ചായത്തിലെ

ഗ്രാമീണറോഡുകൾ സംബന്ധിച്ച വിവരങ്ങൾ (1995-96)

റോഡിന്റെ സ്വഭാവം (നീളം)				
വാർഡ്	പക്ക	പഞ്ചായത്ത്	P.W.D ടാർ	ആകെ
I	4.500	1.700	3.300	9.500
II	11.310	2.200	2.700	16.210
III	4.700	1.500	1.000	7.200
IV	8.600	2.170	3.000	13.770
V	5.200	- -	2.000	7.200
VI	2.380	5.360	3.800	11.540
VII	8.700	- -	4.000	12.700
VIII	7.700	2.500	4.000	14.200
IX	6.500	2.300	3.250	12.050
X	4.500	- -	2.800	7.550
ആകെ	64.340	17.730	29.850	111.920

ചില വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തീപ്പെട്ടിക്കമ്പനികളിൽ നിന്നും ലഭിക്കുന്ന അവശിഷ്ടങ്ങളും സോമില്ലുകളിൽനിന്നും കിട്ടുന്ന അറക്കപ്പൊടിയും ഏതാനും വീടുകളിൽ ഊർജ്ജത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ട്.

വിറകിനുവേണ്ടി പാഴ്മരങ്ങൾ വച്ചുപിടിപ്പിക്കുകയും ദക്ഷതകൂടിയ പരിഷത്ത് അടുപ്പുകൾ വ്യാപകമാക്കുകയും കഴിയുന്നത്ര വീടുകളിൽ ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്ത് ഇന്ധനക്ഷാമം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

ആകെ പഞ്ചായത്തിൽ വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇവിരുടെ സ്ഥാപിച്ചിട്ടുള്ള 13 ട്രാൻസ്ഫോർമറുകളിൽ നിന്നു ലഭിക്കുന്ന വൈദ്യുതി വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പര്യാപ്തമല്ല. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ഉള്ളവയുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യാതെ എല്ലാ ഉപഭോക്താക്കൾക്കും ആവശ്യത്തിന് വൈദ്യുതി ലഭിക്കുകയില്ല. അതുകൊണ്ട് ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വൈദ്യുതിക്ഷാമം പരിഹരിക്കണം.

കൂടാതെ സൗരോർജ്ജം ഉപയോഗപ്പെടുത്തി വഴിവിളക്കുകൾ സ്ഥാപിക്കണം. വീടുകളിൽ സൗരോന്തൽ ഉപയോഗിക്കാൽ പ്രേരിപ്പിക്കണം. സൗരോർജ്ജപാചക അടുപ്പുകൾ സ്ഥാപിക്കണം. ഫ്ലൂറസന്റ് ബൾബുകൾ കുറഞ്ഞ വില്യക്ക് വിതരണം ചെയ്യണം., മുതലായ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്. അനർട്ടിന്റെ സേവനം പഞ്ചായത്തിൽ ലഭ്യമാക്കുന്നതിന് നടപടി എടുക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഇന്ധനക്ഷമതകൂട്ടുകയും സമയം ലാഭിക്കുകയും ചെയ്യുന്ന പ്രഷർകുക്കറുകൾ ഉല്പാദനകേന്ദ്രങ്ങളിൽ നിന്നുവാങ്ങി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം വേണം.

വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ വിവിധ വാർഡുകളിലുള്ള കുന്നിൻമുകളിൽ വിൻഡ്മില്ലുകൾ സ്ഥാപിച്ച് കഴിയുന്നതോതിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുവേണ്ട സാദ്ധ്യതകൾ ആരായണം.

ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു സബ് എൻജിനിയർ ആഫീസ് പഞ്ചായത്തിൽ സ്ഥാപിച്ച് വൈദ്യുതിബില്ലടയ്ക്കുന്നതിനും വൈദ്യുതിവിതരണം സുഗമമാക്കുന്നതിനും കഴിയണം. ഏറ്റുമാനൂർ സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കണം.

പഞ്ചായത്തിൽ ആവശ്യമുള്ളവർക്കെല്ലാം പാചകവാതകം ലഭ്യമാക്കുന്നതിനുവേണ്ടി ഒരു പാചക വാതകവിതരണകേന്ദ്രം സ്ഥാപിക്കണം. പഞ്ചായത്തിലെ എല്ലാ റോഡുകളിലും വഴിവിളക്കുകൾ സ്ഥാപിക്കണം. വൈദ്യുതിക്കുവേണ്ടി അപേക്ഷിച്ചിട്ടുള്ള എല്ലാ അപേക്ഷകർക്കും കഴിയുന്നതും വേഗം വൈദ്യുതികണക്ഷൻ നൽകണം.

മണ്ണെണ്ണയുടെ ലഭ്യത റേഷൻ കടകളെ ആശ്രയിച്ചാണിരിക്കുന്നത് റേഷൻ കടകൾ വഴി 1 ലിറ്റർ മണ്ണെണ്ണവിതരണം ചെയ്യുന്നു. പലപ്പോഴും ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കാറില്ല എന്ന പരാതിയും ഉണ്ട്. സ്വകാര്യ മണ്ണെണ്ണവില്പനകേന്ദ്രം പഞ്ചായത്തിൽ ഇല്ല. പാചക ആവശ്യത്തിന് കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കണം.

വിളക്കുകളുടെ എണ്ണം

വാർഡ്	വേപ്പർലാമ്പ്	ഫ്ലൂ ട്യൂബ്	ബൾബ്	ആകെ
I	-	2	11	13
II	-	1	9	10
III	1	4	22	27
IV	1	5	12	18
V	1	13	14	28
VI	-	3	8	11
VII	2	16	19	37
VIII	1	29	17	47
IX	-	3	9	12
X	1	4	12	17

അതാതുമാസത്തെ റീഡിംഗ് എടുത്ത് വൈദ്യുതിബില്ല് നൽകുന്ന സമ്പ്രദായം വേണം.

OYC പദ്ധതിയിൽ കണക്ഷൻ കൊടുക്കുമ്പോൾ അത്രയും പേർക്ക് സാധാരണ കണക്ഷനും കൊടുക്കേണ്ടതാണ് OYC യിൽ പണമടച്ചുകഴിഞ്ഞാൽ കണക്ഷൻ കൊടുക്കുമ്പോൾ ഗുണഭോക്താവ് വാങ്ങുന്ന സാധനങ്ങളുടെ പണം ബോർഡ് തിരിച്ചു നൽകണം.

നിലവിലുള്ള ട്രാൻസ്ഫോർമർ 20MVAയ്ക്കു പുറമെ 5MVA യുള്ള ഒരു ട്രാൻസ് ഫോർമർകൂടി സ്ഥാപിച്ചാൽ ഉള്ള വൈദ്യുതി തടസ്സം കൂടാതെ വിതരണം ചെയ്യാൻ കഴിയും

ദുർബല വിഭാഗത്തിൽപ്പെട്ടവർക്കും SC, ST വിഭാഗത്തിൽപ്പെട്ടവർക്കും വികലാംഗർക്കും വീടുകൾ സൗജന്യമായി വൈദ്യുതീകരിച്ചുകൊടുക്കണം.

കളഞ്ഞൂർ പള്ളി ജംഗ്ഷനിൽ നിന്നും കോതനല്ലൂർ റോഡിലൂടെയുള്ള ഒരു കിലോമീറ്റർ ദൂരം സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കിമാറ്റണം.

കളഞ്ഞൂർ ആശുപത്രിപരിസരത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

കാണക്കാരി കളരിപ്പടിക്ക് സമീപമുള്ള കോളനി വീടുകൾ വൈദ്യുതി ലഭിമാക്കുക.

ആറാം വാർഡിന്റെ തെക്കുകിഴക്കു ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വൈദ്യുതി സപ്ലൈ കാണക്കാരികവലയിൽ ഉള്ള ട്രാൻസ്ഫോർമറിൽ നിന്നു വേർപെടുത്തി വെമ്പള്ളി തെക്കെകവലയിലുള്ള ട്രാൻസ്ഫോർമറിൽ ഘടിപ്പിക്കണം.

കല്ലുറുമ്പിൽ ഹരിജൻ കോളനിയിലെ കമ്മ്യൂണിറ്റിഹാളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കണം.

വെമ്പള്ളി കൊണ്ടോടി മുതിരക്കാലാ റോഡിൽ ത്രീഫേസ്ലൈൻനീട്ടി വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും ആ ലൈൻ പഞ്ചായത്തു വഴികളിലൂടെ മാറ്റി സ്ഥാപിക്കുകയും വേണം.

പൊയ്കപ്പുറത്തുള്ള മലനാടുകോളനിവൈദ്യുതീകരിക്കണം. എല്ലാവാർഡുകളിലും സോഡിയം ലാമ്പുകൾ, ട്യൂബ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കണം.

മാർക്കറ്റുകൾ

പഞ്ചായത്തിന്റെ പ്രധാനമാർക്കറ്റ് അതിരമ്പുഴ ചന്തയായിരുന്നു. സസ്യവിളകൾ വിപണനം ചെയ്യുന്നതിന് കുറപ്പുംതറ ചന്തയേയും ആശ്രയിച്ചിരുന്നു. ചുരുക്കം ചില കർഷകർ കോട്ടയം പട്ടണത്തിലുള്ള ചന്തയും ഉപയോഗപ്പെടുത്തിയിരുന്നു. ഇപ്പോഴും ഈ ചന്തകൾ തന്നെയാണ് പ്രധാനമായും കാണക്കാരി നിവാസികൾക്ക് ആശ്രയം.

എന്നാൽ പഞ്ചായത്തിന്റെ ഒന്നാംവാർഡിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒരു ചന്തയുണ്ട്. പക്ഷേ, അതു ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഷെഡുകൾ പുതുക്കി ഷട്ടറുകൾ പിടിപ്പിക്കണം. ഈ മാർക്കറ്റിൽ ഒരു ഷോപ്പിങ്ങ് കോംപ്ലക്സ്, ഓഡിറ്റോറിയം എന്നിവ പണിയണം. ഇവിടെ പ്രവർത്തിക്കുന്ന കശാപ്പുശാല സൗകര്യപ്രദമായ സ്ഥലത്തേയ്ക്കുമാറ്റുകയും മാർക്കറ്റിന് ചുറ്റുമതിലുകെട്ടി സംരക്ഷിക്കുകയും വേണം.

നാലാം വാർഡിലെ കാണക്കാരി ചിറയിൽ ഒരു ചന്ത കുറെ വർഷങ്ങൾക്കു മുൻപ് പ്രവർത്തനമാരംഭിച്ചു എന്നാൽ അതിന്റെ ഉദയവും അസ്തമയവും ഒന്നിച്ചുനടന്നു. അതുകൊണ്ട് 2,3,4,5 എന്നീ വാർഡുകൾക്ക് പ്രത്യേകിച്ചും പഞ്ചായത്തിനു മുഴുവനായും പ്രയോജനപ്പെടുന്ന കാണക്കാരിക്കവലയിൽ പഞ്ചായത്തുവകസ്ഥലത്ത് പ്രവർത്തിച്ചിരുന്ന മാർക്കറ്റ് പുനരാരംഭിക്കണം. ചിറയിൽ ഒരു ഷോപ്പിങ്ങ് കോംപ്ലക്സ് പണിയുകയും ഇതോടനുബന്ധിച്ച് ടാക്സിസ്റ്റാന്റും കംഫർട്ട്സ്റ്റേഷനും നിർമ്മിക്കുകയും വേണം.

കളത്തൂർ പള്ളി പരിസരത്ത് ഒരു മാർക്കറ്റ് സ്ഥാപിക്കണം. ഏഴാം വാർഡിൽ കുടുംബക്ഷേമകേന്ദ്രത്തോടുചേർന്നു കിടക്കുന്ന പഞ്ചായത്തുവകസ്ഥലത്ത് ഒരു വിപണന കേന്ദ്രം ആരംഭിക്കണം.

5.7

പാർപ്പിടം, സാമൂഹ്യക്ഷേമം

പാർപ്പിട നിർമ്മാണ രംഗത്ത് ആർഭാടം അനാവശ്യമാണെന്ന തോന്നൽ ബഹുഭൂരിപക്ഷത്തിനുമുണ്ട്. ചുരുക്കം ചില അപവാദങ്ങളുമുണ്ട്. നാടിനുചേർന്നത് മരവും ഓടും ഉപയോഗിച്ചുള്ള വീടുകളാണെന്നറിയുമെങ്കിൽപ്പോലും വമ്പിച്ച ചെലവും കാലതാമസവും ഭയന്ന് കോൺക്രീറ്റുവീടുകൾ പണിയാൻ ബഹുഭൂരിപക്ഷവും നിർബ്ബന്ധിതമായിരിക്കുന്നു. മര ഉരുപ്പടികൾക്ക് അമിതമായ വിലകൊടുക്കണം. എങ്കിലും കതക്, ജനൽ എന്നിവക്ക് തടിതന്നെയാണ് ഉപയോഗിക്കുന്നത്. കോൺക്രീറ്റു കട്ടിളകളും ജനലുകളും ലഭ്യമാണെങ്കിലും വ്യാപകമായി ഉപയോഗിക്കുന്ന രീതിയില്ല.

പഴയനാലുകെട്ടുകൾ അപൂർവ്വമാണ്. സംരക്ഷണച്ചെലവ് അധികരിച്ചിരിക്കുന്നതിനാൽ നിലനിർത്താൻ ആരും താല്പര്യപ്പെടുന്നില്ല.

കെട്ടിട നിർമ്മാണ രംഗത്ത് ചെലവുകുതിച്ചുയർന്നെങ്കിലും പണച്ചെലവു കുറഞ്ഞസാങ്കേതിക വിദ്യ ഉപയോഗിക്കാൻ ആളുകൾ മടിക്കുന്നു. ഇതിനു പലകാരണങ്ങളുമുണ്ട്. ചെലവുകുറയുമ്പോൾ ബലവും ഈടും കുറയുമെന്നാധാരണ. മാർക്കറ്റിലിറങ്ങുന്ന ഹോളോബ്രിക്സ്, കോൺക്രീറ്റുകട്ടിളകൾ തുടങ്ങിയവയിൽ പലതും വേണ്ടത്ര ഗുണനിലവാരം പുലർത്തുന്നില്ല.

ജനസംഖ്യയുടെ വർദ്ധനവിനനുസരിച്ച് പാർപ്പിടം ആവശ്യമായി വരുന്നതുകൊണ്ട് വീടുവെക്കാൻ പാടങ്ങൾ നികത്തുന്നുണ്ട് എങ്കിലും തെങ്ങ്, റബ്ബർ എന്നിവയുടെ കൃഷിക്കുവേണ്ടി പാടം നികത്തുന്നതുപോലെ വ്യാപകവും ഭീഷണവുമല്ല ഇത്.

ഭവനനിർമ്മാണ രംഗത്ത് പുതിയ സാങ്കേതിക വിദ്യകൾ പലതുമുണ്ടെങ്കിലും നിർമ്മാണത്തൊഴിലാളികളിൽ ഈ അറിവ് എത്തിച്ചേരുന്നില്ല. അതുകൊണ്ട് യാഥാസ്ഥിതിക രീതികൾ തന്നെ മിക്കവരും പിൻതുടരുന്നു. പൊതുജനങ്ങളേയും ഇക്കാര്യത്തിൽ ബോധവല്ക്കരിക്കേണ്ടതുണ്ട്.

കാലാനുസൃതമായ കൂലി വർദ്ധന ഈ രംഗത്തുമുണ്ട് 1935-ൽ ആശാരിക്കു 35 രൂപയും മൈക്കാടിന് 25 രൂപയുമായിരുന്നു കൂലി ഇന്ന് ആശരിക്ക് 150 രൂപ. മൈക്കാടിന് 125 രൂപ. നിർമ്മാണസാമഗ്രികൾക്ക് അമിതമായ വിലവർദ്ധനയാണ്.

ഭവനനിർമ്മാണത്തിനു ധനസഹായം നല്കുന്ന പലപദ്ധതികളുമുണ്ടെങ്കിലും അവക്ക് ഏകോപിത രൂപമില്ല. സഹായങ്ങളെക്കുറിച്ച് ജനങ്ങൾക്കു വേണ്ടത്ര അറിവില്ല. കിട്ടുന്ന സഹായത്തുക കാലോചിതവുമല്ല.

കിടങ്ങൂർ ഭവനനിർമ്മാണ സഹകരണ സംഘത്തിന്റെ പരിധിയിലാണു കാണക്കാരി.

പഞ്ചായത്തിലെ ആകെ ജനസംഖ്യ 20585 കുടുംബങ്ങൾ 3988 വീടുകൾ 3985. ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ 55 എണ്ണം. 934 കോൺക്രീറ്റുകെട്ടിടങ്ങളും 4007 ഓടിട്ട കെട്ടിടങ്ങളും 639 ഓലമേഞ്ഞകെട്ടിടങ്ങളുമുണ്ട്. പഞ്ചായത്ത് ഓഫീസിലെ രേഖകളിൽ നിന്നുള്ള കണക്കാണിത്. വിവിധ ഭവനനിർമ്മാണപദ്ധതികളിലൂടെ 1995-96-ൽ 124 വീടുകൾ തീർത്തിട്ടുണ്ട്.

കാണക്കാരി V.E.O സർക്കിളിൽ IRDP സർവ്വേപ്രകാരം 826 കുടുംബങ്ങളാണു ദാരിദ്രരേഖക്കുതാഴെയുള്ളത്. ഇതിൽ 15 കുടുംബങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നു.

ലഭ്യമായ കണക്കുകൾ യാഥാർത്ഥ്യത്തിനു നിരക്കുന്നതല്ല. വസ്തുനിഷ്ഠമായ സാമൂഹിക-സാമ്പത്തിക സർവ്വേയുടെ അടിസ്ഥാനത്തിൽ മാത്രമേ പദ്ധതി നടപ്പാക്കാൻ കഴിയൂ.

കെട്ടിടങ്ങൾ- വാർഡുതലത്തിൽ

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പുരയുടെ സ്വഭാവം ഒരുനിലയുള്ള കെട്ടിടങ്ങൾ			വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകൾ
			ഓട്	ഓല	കോൺക്രീറ്റ് മറ്റുള്ളവ	
1	447	4	296	40	107	
2	568	2	426	80	60	
3	657	5	501	41	110	
4	504	10	305	69	120	
5	690	8	469	67	146	
6	497	4	364	51	78	
7	530	8	371	55	96	
8	701	4	513	95	89	
9	553	5	376	95	77	
10	488	5	386	46	51	
ആകെ	5635	55	4007	639	934	124

IRDP സർവ്വേപ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വിവരം

വാർഡ്	സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായംലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖക്കുമുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖക്കു താഴെയുള്ള ആകെ കുടുംബങ്ങൾ സഹായം ലഭ്യച്ചവർ ഉൾപ്പെടെ
1	96	3	4	2	2	4
2	141	3	5	3	1	5
3	74	2	3	2	1	3
4	39	1	4	1	0	4
5	105	2	4	2	1	4
6	79	0	2	0	1	2
7	44	0	2	0	1	2
8	76	3	4	2	0	4
9	65	1	3	1	1	3
10	107	0	2	0	0	2

പ്രശ്നങ്ങൾ

- 35% വീടുകളിൽ സാനിട്ടറി കക്കൂസുകളില്ല. 150-ൽ താഴെ വീടുകളിലേ പുകയില്ലാത്ത അടുപ്പുകളുള്ളൂ.
- ഭവനരഹിതരിൽ പലരും ഭൂരഹിതരുമാണ്. ഇവർക്ക് ഭൂമികണ്ടെത്തി പുനഃരധിവസിപ്പിക്കേണ്ടതുണ്ട്.
- ഭൂമിക്ക് അനുദിനം വിലവർദ്ധിക്കുന്നു. സെന്റിന് 10000 രൂപമുതൽ 60000 രൂപവരെ വിലയുണ്ട്.
- പഞ്ചായത്തിലാകെ പരിശോധിച്ചാൽ കെട്ടിട നിർമ്മാണത്തൊഴിലാളികൾ വേണ്ടത്രയില്ല. തമിഴ്നാട്ടിൽ നിന്നുള്ള പണിക്കാരെയാണ് പലപ്പോഴും ആശ്രയിക്കുന്നത്.
- കെട്ടിട നിർമ്മാണസാമഗ്രികളായ കരിങ്കല്ലും ചെങ്കല്ലും ഇവിടെത്തന്നെ ലഭ്യമാണ്. ഒരുപരിധിവരെ തടിയും കിട്ടുന്നുണ്ട്.

നിർദ്ദേശങ്ങൾ

- കാണക്കാരി പഞ്ചായത്തു കേന്ദ്രീകരിച്ച് ഭവന നിർമ്മാണ സഹകരണസംഘം വേണം.
- സ്വന്തമായി ഭൂമിയും വീടുമില്ലാത്തവർക്ക് വീടുനിർമ്മിക്കാനുപയുക്തമായ നടപടി സ്വീകരിക്കുക.
- നിർദ്ധനകുടുംബങ്ങളുടെ കുടിലുകളും വീടുകളും വാസയോഗ്യമായ സൗകര്യത്തോടെ നിർമ്മിക്കുന്നതിന് സഹായം ലഭ്യമാക്കുക.
- ഭവനനിർമ്മാണ പദ്ധതികൾ മുടങ്ങിക്കിടക്കുന്നത് പുനരാരംഭിക്കണം.
- ഭവനനിർമ്മാണ പദ്ധതികൾ നടപ്പാക്കുമ്പോൾ മുൻഗണനാക്രമം നിശ്ചയിക്കുക. വിധവകൾ, അംഗവൈകല്യമുള്ളവർ എന്നിങ്ങനെ.
- സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക് വീടുവെക്കാൻ 50% സബ്സിഡി അനുവദിക്കുക.
- 5 സെന്റിൽ താഴെ ഭൂമിയുള്ളവർക്ക് സൗജന്യമായി വീടുവെച്ചുകൊടുക്കുക.
- ഭവനനിർമ്മാണ വായ്പകൾ ഉദാരമാക്കണം.
- പഞ്ചായത്തിലുള്ള മിച്ചഭൂമി ഭൂരഹിതകുടുംബങ്ങൾക്ക് പതിച്ചു കൊടുക്കുക.
- പഞ്ചായത്തിന്റെ ധനസഹായത്തോടെ നിർമ്മിക്കുന്നവീടുകളിൽ വൈദ്യുതിയും കുടിവെള്ളവും ലഭ്യമാക്കണം.
- നിർമ്മിതി കേന്ദ്രത്തിന്റെ സഹായം പഞ്ചായത്തിൽ ലഭ്യമാക്കണം.
- പൊതുസ്ഥലങ്ങൾ അനധികൃതമായി കൈയേറി വീടുവെക്കുന്ന പ്രവണത തടയണം.
- ഭവനനിർമ്മാണത്തിനുള്ള ധനസഹായം സംബന്ധിച്ചുള്ള ഗൈഡൻസ് പദ്ധതി പഞ്ചായത്തു കേന്ദ്രീകരിച്ചു നടപ്പിലാക്കണം.
- ആരോഗ്യപ്രദമായ ഭവനങ്ങൾ നിർമ്മിക്കുന്നതിനു മാത്രമേ ധനസഹായം നല്കാവൂ.
- ആഡംബരമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് കൂടുതൽ നികുതി ഏർപ്പെടുത്തി ചെറിയ കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കുക.
- ആധുനിക സങ്കേതങ്ങളിൽ നിർമ്മാണത്തൊഴിലാളികൾക്ക് പരിശീലനം കൊടുക്കാൻ സംവിധാനമുണ്ടാക്കുക.
- ഭവനനിർമ്മാണ സാമഗ്രികൾ ന്യായവിലക്കു ലഭ്യമാക്കണം.
- വീടുകൾ നിർമ്മിക്കാൻ അനുവദിക്കുന്ന വായ്പകൾ, അതിനുവേണ്ടി ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കുക.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമപദ്ധതികൾ പലതും നിലവിലുണ്ടെങ്കിലും ജനങ്ങൾക്ക് ഇവയെക്കുറിച്ചു വേണ്ടത്ര അറിവില്ല. അർഹതപ്പെട്ടവർക്കെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഉദ്യോഗസ്ഥതലത്തിൽ നിന്ന് ബോധവല്ക്കരണം കുറവാണ്.

11000 രൂപവരെ വരുമാനമുള്ള കുടുംബങ്ങളെ ദാരിദ്ര്യരേഖക്കുതാഴെയുള്ള കുടുംബങ്ങളായി കണക്കാക്കുന്നു. IRDP സർവ്വേപ്രകാരം 826 കുടുംബങ്ങൾ ഇതിൽ ഉൾപ്പെട്ടിരുന്നു. ഇതിൽ 15 എണ്ണം പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടതാണ്. 13 പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങളുൾപ്പെടെ 33 കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. ഈ സഹായത്താൽ 8 കുടുംബങ്ങൾ ദാരിദ്ര്യരേഖക്കു മുകളിലെത്തി. നിലവിൽ 33 കുടുംബങ്ങളാണ് ദാരിദ്ര്യരേഖക്കു താഴെയുള്ളത്. ഇതിൽ സഹായം ലഭിച്ചവരും ഉൾപ്പെടുന്നു. ലഭ്യമായ കണക്കുകൾ ഇതായിരിക്കെ, നിലവിലുള്ള യഥാർത്ഥസ്ഥിതിമനസ്സിലാക്കാൻ ഒരു സാമൂഹ്യ-സാമ്പത്തിക സർവ്വേ അടിയന്തിരമായി നടത്തേണ്ടതുണ്ട്.

വർഷം	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം	അവശേഷിക്കുന്നവർ
93-94	ഇലക്ട്രീഷ്യൻ ഹാന്റിക്രാഫ്ട് റേഡിയോ, ടിവി.	7	6	1	0
94-95	ഇലക്ട്രീഷ്യൻ എയർകണ്ടീഷൻ ഓട്ടോമൊബൈൽ.	6	4	2	0
95-96	എയർകണ്ടീഷൻ ഓട്ടോമൊബൈൽ ഇലക്ട്രീഷ്യൻ	4	2	2	0
96-97	എംബ്രോയിഡറി ഖാദി	3	പരിശീലനം തുടരുന്നു		

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	സാനിട്ടിറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം(IRDP സർവ്വേപ്രകാരം)	വിവിധപദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (92നു ശേഷം)	പൂർത്തീകരിച്ച വയുടെ എണ്ണം	ഇനികക്കൂസുകൾ വേണ്ടകുടുംബങ്ങളുടെ എണ്ണം
1	11	2	2	9
2	17	1	1	16
3	29	1	1	28
4	14	2	2	12
5	34	3	3	31
6	40	3	3	37
7	17	2	2	15
8	61	5	5	56
9	25	2	2	23
10	21	2	2	19
ആകെ	269	23	23	246

DWCRA

ഗ്രാമീണ വനിതാ ശിശുവികസന പരിപാടി

ഗ്രാമീണ വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി 10 മുതൽ 15 വരെ സ്ത്രീകൾക്ക് വരുമാനം കിട്ടുന്ന പല തൊഴിൽ സംരഭങ്ങളും കൂട്ടായി ചെയ്യുക എന്ന ലക്ഷ്യമാണിതിന് സ്ത്രീകളുടെ സാമ്പത്തികവും സാമൂഹ്യവുമായ പദവി ഉയർത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. ഐ.ആർ.ഡി.പി സർവ്വേ ലിസ്റ്റിൽപ്പെട്ട സ്ത്രീകളാണ് ഇതിന്റെ ഗുണഭോക്താക്കൾ ഇതനുസരിച്ച് മൂന്നു സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചത്.

ട്രൈസം

ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളിൽപ്പെട്ട യുവതീയുവാക്കൾക്ക് ചെറുകിടവ്യവസായസംരഭങ്ങൾ ആരംഭിക്കുന്നതിനുതകുന്ന സാങ്കേതികവും ഭരണപരവുമായ വൈദഗ്ധ്യം വളർത്തിയെടുക്കാനാണ് ട്രൈസം പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് 93-96 കാലഘട്ടത്തിൽ 20 പേർ പരിശീലനം നേടിയിട്ടുണ്ട്. ഇതിൽ 12 പേർ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. 2 പേർ പരിശീലനം തുടരുന്നതേയുള്ളൂ. ശേഷിക്കുന്ന 5പേർ മറ്റുതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു.

സാമൂഹ്യവനവല്ക്കരണത്തിന്റെ ഭാഗമായി 1991-95 കാലത്ത് 2995 തൈകൾ പഞ്ചായത്തിൽ ഉല്പാദിപ്പിച്ചു വിതരണം ചെയ്തിട്ടുണ്ട്.

RAP പദ്ധതിപ്രകാരം, ഗ്രാമീണ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങാൻ 3 പേർക്കു ധനസഹായം ലഭിച്ചിട്ടുണ്ട്. 11 പേർ ശേഷിക്കുന്നു.

പഞ്ചായത്തിൽ അംഗൻ വാടികൾ ഒന്നുമില്ല. 3-ാം വാർഡിൽ ഒരു ബേബിക്രെഷ് പ്രവർത്തിക്കുന്നുണ്ട്.

വിധവകൾക്കും, വികലാംഗർക്കും, കർഷകത്തൊഴിലാളികൾക്കും അവശകലാകാരന്മാർക്കും അനുവദിക്കുന്ന പെൻഷൻ പദ്ധതിപ്രകാരം പഞ്ചായത്തിൽ എത്രപേർക്ക് ആനുകൂല്യങ്ങൾ കിട്ടുന്നു എന്ന് വ്യക്തമായ കണക്കുലഭിച്ചിട്ടില്ല. തൊഴിലില്ലായ്മ വേതനം അനർഹരായവർക്കും കിട്ടുന്നു എന്നു പരാതിയുണ്ട്.

ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായ സ്ഥലത്താവണം റേഷൻ ഷാപ്പുകൾ സ്ഥാപിക്കുന്നത്.

നിർദ്ദേശങ്ങൾ

- സർക്കാർ തലത്തിലുള്ള വിവിധ പെൻഷനുകൾ യഥാസമയം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യണം
- പൊതു ശ്മശാനത്തിലേക്കു ഗതാഗത സൗകര്യമുണ്ടാക്കുക.
- പ്രധാന കേന്ദ്രങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.
- കക്കൂസില്ലാത്ത വീടുകളിൽ അത് ലഭ്യമാക്കുക.
- മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ ആരംഭിക്കണം.
- 10-ാം വാർഡിൽ പൊതുശ്മശാനം സ്ഥാപിക്കുക.
- PHC യിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക.
- കുടുംബാസൂത്രണബോധവല്ക്കരണ പരിപാടികൾ വ്യാപകമാക്കണം.
- സഹായപദ്ധതികൾ അർഹതപ്പെട്ടവർക്കുമാത്രം ലഭ്യമാക്കുക.
- എല്ലാ പൊതുനിരത്തുകളിലും വഴി വിളക്കുകൾ സ്ഥാപിക്കണം.
- ഫാമിലി കൗൺസിലിംഗ് സെന്റർ സ്ഥാപിക്കുക.
- പഞ്ചായത്തുവക പുറമ്പോക്കു ഭൂമി അളന്നുതിട്ടപ്പെടുത്തി സംരക്ഷിക്കുക.
- അന്ധ-ബധിര-മൂക- വികലാംഗരെ സംരക്ഷിക്കുന്ന പദ്ധതികൾ കാര്യക്ഷമമാക്കണം.
- വസ്തുക്രയവിക്രയത്തിൽ വരുന്ന കാലതാമസം പരിഹരിക്കുക.
- ദുരിതാശ്വാസം സാമ്പത്തിക സഹായം പഞ്ചായത്തു സമിതിയുടെ ശുപാർശക്കു വിധേയമായി വിതരണം ചെയ്യണം.
- പ്രധാനകേന്ദ്രങ്ങളിൽ വെയിറ്റിംഗ് ഷെഡ് പണിയണം.
- സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള യുവതികൾക്ക് വിവാഹസഹായധനം ലഭ്യമാക്കുക.
- വികലാംഗരെ പുനരധിവസിപ്പിക്കുന്നതിനായി സ്റ്റാളുകൾ, ബൂത്തുകൾ തുടങ്ങിയവ നിർമ്മിക്കണം.
- പഞ്ചായത്തുവക അറവുശാല സ്ഥാപിക്കുക.
- എല്ലാവാർഡുകളിലും അംഗൻവാടികളും ക്രഷുകളും സ്ഥാപിക്കണം.
- പഞ്ചായത്തുതലത്തിൽ വൃദ്ധമന്ദിരം ഏർപ്പെത്തണം.

തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ്
പ്ലാസ്റ്റിക്ക് ഇൻഡസ്ട്രി	16-1-92	10	പ്രവർത്തനം ഇല്ല
നെല്ലുപുഴുങ്ങിക്കുത്തൽ	95-96	11	നന്നായി പ്രവർത്തിക്കുന്നു
പശുവളർത്തൽ	96-97	10	പ്രവർത്തനം ആദ്യപടിയിൽ നില്ക്കുന്നു.

- തർക്കവിഷയങ്ങൾ സൗഹൃദസംഭാഷണങ്ങളിലൂടെ പറഞ്ഞുതീർക്കുന്ന നീതിമേളകൾ നടത്തികൊണ്ട് കേസുകൾക്കു നേരിടുന്ന പണച്ചെലവും കാലതാമസവും ഒഴിവാക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തണം വനിതകൾക്കും ദുർബ്ബല വിഭാഗങ്ങൾക്കും സൗജന്യനിയമ സഹായപദ്ധതികൾ ആവിഷ്ക്കരിക്കണം.
- സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.
- കാണക്കാരി ചിറക്കുളത്തിനു സമീപത്ത് ഒരു പാർക്ക് സ്ഥാപിക്കുക.

8-ാം വാർഡ് ഗ്രാമസഭ അഡ്വ. മോൻസ് ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

8-ാം വാർഡ് ഗ്രാമസഭയിൽ നിന്നുള്ള ദൃശ്യം

5-8

സംസ്കാരം

കാണക്കാരി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം 1950-70 കാലഘട്ടങ്ങളിലുണ്ടായ ഉണർവ്വ് കലാ-കായിക രംഗങ്ങളിൽ ഇന്നില്ല. അക്കാലത്ത് പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും ഗ്രന്ഥശാലകളും കലാകായിക സാംസ്കാരിക സംഘടനകളും രൂപപ്പെട്ടു പ്രവർത്തിച്ചിരുന്നെങ്കിലും വളർന്നും തളർന്നും ഇന്നും നിലനിൽക്കുന്നത് ഏതാനും ഗ്രന്ഥശാലകൾ മാത്രം.

കടപ്പൂർ പടിഞ്ഞാറുഭാഗം, വട്ടുകുളം, മഠത്തിപ്പറമ്പ് എന്നിങ്ങനെ മൂന്നു കേന്ദ്രങ്ങലിലായി പ്രവർത്തിച്ചിരുന്ന ഗ്രന്ഥശാലകൾ 1955ൽ ഏകോപിപ്പിച്ചതാണ് ഇന്നത്തെ കടപ്പൂർ പബ്ലിക് ലൈബ്രറി. എൻ. എസ്. എസ്. സംഭാവന ചെയ്ത അഞ്ചുസെന്റ് സ്ഥലത്ത് ജനപങ്കാളിത്തത്തോടെ സൗകര്യപ്രദമായ കെട്ടിടം തീർത്തിട്ടുണ്ട്.

രാമകൃഷ്ണ വിലാസത്തിൽ ശ്രീ. പി. എ. രാമൻപിള്ളയുടെ കെട്ടിടത്തിൽ 1954 സെപ്തംബർ ഒന്നിനു തടക്കം കുറിച്ച കാണക്കാരി പബ്ലിക് ലൈബ്രറിക്ക് ഇന്ന് സ്വന്തം സ്ഥലവും കെട്ടിടവുമുണ്ട്. അക്കാലത്ത് കാണക്കാരി ആശുപത്രിപ്പടി ഭാഗത്ത് ഒരു വായനശാല ആരംഭിച്ചെങ്കിലും അധികകാലം പ്രവർത്തിച്ചില്ല. 1956ൽ കുറുമുള്ളൂർ പബ്ലിക് ലൈബ്രറി പ്രവർത്തനമാരംഭിച്ചു. സ്വന്തമായി കെട്ടിടം തീർക്കാനുള്ള പ്രവർത്തനും പുരോഗമിക്കുന്നു.

1969 സെപ്തംബർ 20 നാണ് രത്നഗിരി പബ്ലിക് ലൈബ്രറി ഉദ്ഘാടനം ചെയ്തത്. ഈ സ്ഥാപനത്തിനും സ്വന്തം സ്ഥലവും കെട്ടിടവുമുണ്ട്.

ഇവയ്ക്കുപുറമെ പഞ്ചായത്തുവകയായി കളത്തൂർ സാംസ്കാരിക നിലയവും വെമ്പള്ളിയിൽ പബ്ലിക് ലൈബ്രറിയും പ്രവർത്തിക്കുന്നു.

തുടക്കത്തിൽ ഗ്രന്ഥശാലാ പ്രവർത്തനം പുസ്തക വിതരണ രംഗത്തു മാത്രമായി ഒതുങ്ങിയിരുന്നില്ല. കലാ-കായികരംഗങ്ങളിൽ പ്രശസ്തസേവനം കാഴ്ചവെക്കാൻ മിക്ക ഗ്രന്ഥശാലകൾക്കും കഴിഞ്ഞു. വാർഷികാഘോഷങ്ങളോടനുബന്ധിച്ച് അംഗങ്ങൾ പങ്കെടുത്ത് അവതരിപ്പിച്ചിരുന്ന കലാപരിപാടികൾ നല്ല നിലവാരം പുലർത്തിയിരുന്നു.

അക്കാലത്ത് കാണക്കാരിയിൽ പ്രവർത്തിച്ചിരുന്ന നൃത്ത കലാലയം മദ്ധ്യകേരളത്തിൽ പ്രശസ്തി നേടി. യശ:ശരീരനായ ശ്രീ. ആനന്ദരാജിന്റെ ശിക്ഷണത്തിലാണ് ഈ നാട്യസംഘം വളർന്നത്. ഗ്രാമീണ വനിതാസമാജം കല്ലമ്പാറ, സാഗാ ആർട്സ് കടപ്പൂർ, പഞ്ചമി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് കാണക്കാരി, കാണക്കാരി ക്രിക്കറ്റ് ക്ലബ്, നാട്ടുകൂട്ടം കാണക്കാരി, വ്യാസ് ക്ലബ് കടപ്പൂർ, ദീപാഞ്ജലി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ് കടപ്പൂർ, സുവർണ്ണ കടപ്പൂർ, നവീൻ കലാരംഗ് കാണക്കാരി, യുവചേതന മഠത്തിപ്പറമ്പ്, ഇൻഡോ സോവ്യറ്റ് സാംസ്കാരികസമിതി കലിങ്ങാലി തുടങ്ങിയ സംഘടനകൾ ഇന്നു പ്രവർത്തിക്കുന്നില്ല. 1950കളിൽ ഊർജ്ജസ്വലമായി പ്രവർത്തനമാരംഭിച്ച കുറുമുള്ളൂർ കെ. കെ. ലേഡീസ് ക്ലബ് പ്രവർത്തനം മന്ദീഭവിച്ചെങ്കിലും ഇന്നും നിലനില്ക്കുന്നു. ഈ ക്ലബിന് സ്വന്തം സ്ഥലവും കെട്ടിടവുമുണ്ട്.

സാഹിത്യപ്രവർത്തനരംഗത്ത് നമ്മുടെ പഞ്ചായത്ത് പിന്നിലായിരുന്നില്ല. ശ്രീ. കൊച്ചുണ്ണി പട്ടമന (1894-1952), ശ്രീ. കുറുമുള്ളൂർ നാരായണപിള്ള, കടപ്പൂർ പറക്കാട്ടിൽ ഡോ. പി. കെ. കേശവൻനായർ തുടങ്ങിയവർ അറിയപ്പെടുന്ന എഴുത്തുകാരായിരുന്നു. കോന്തപുരാണം, പട്ടിമാഹാത്മ്യം, താടകാഭ്യുദയം, കാവ്യാഷ്ഠകം, സംബന്ധസപ്തകം, കഴുകാസുരവധം ആട്ടക്കഥ എന്നീ ഹാസ്യകൃതികൾ പട്ടമനയുടേതായുണ്ട്. ശ്രീഭൂതനാഥസർവ്വസ്വം, ശ്രീഭൂതനാഥാഭ്യുദയം, സ്തോത്രപുഷ്പാഞ്ജലി, വ്യാസാദ്രീശസ്തവമഞ്ജരി, കൗമുദിലഹരി, അഷ്ടപ്രാസമഞ്ജരി, വസന്തോത്സവം, അലങ്കാരമഞ്ജരി, വേദഗിരിമാഹാത്മ്യം, സീമന്തിനീ ചരിതം, ഭൂതനാഥഗീതവ്യാഖ്യാനം എന്നീ കൃതികളുടെ കർത്താവാണ് ശ്രീ. കുറുമുള്ളൂർ നാരായണപിള്ള. ഡോ. പി.

കെ. കേശവൻ നായർ സ്വാതന്ത്ര്യസമരസേനാനിയും ദക്ഷിണഭാരതഹിന്ദി പ്രചാരസഭയുടെ സ്ഥാപകരിൽ ഒരാളുമായിരുന്നു. ഇദ്ദേഹം ഹിന്ദി-മലയാളം ഡിക്ഷനറി രചിച്ചിട്ടുണ്ട്. കടപ്പൂർ മാച്ചിത്താഴത്ത് ശ്രീ. A.K. ദാമോദരനുണ്ണി സംസ്കൃതം, ഹിന്ദി എന്നീ ഭാഷകളിൽ അഗാധ പാണ്ഡിത്യം നേടിയിരുന്നു. പത്രപ്രവർത്തനരംഗത്തും സാമൂഹികരാഷ്ട്രീയരംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ച കരിവേലിൽ ശ്രീ കെ.എം. ജോസഫ് നമ്മുടെ പഞ്ചായത്തിന്റെ മുൻ പ്രസിഡണ്ടുകൂടിയായിരുന്നു. മാതൃഭൂമിക്കുവേണ്ടി ഇൻഡോ പാക്ക് യുദ്ധത്തിൽ പോരാടി വീരചരമം വരിച്ച ശ്രീ. പി.ഒ. ചെറിയാന് മരണാനന്തരബഹുമതി 'പരമവീര ചക്ര' ലഭിക്കുകയുണ്ടായി. പ്രസ്ഫോട്ടോഗ്രാഫിയിൽ ദേശീയ അന്തർദ്ദേശീയ പുരസ്കാരങ്ങൾ നേടിയ ശ്രീ. വിക്ടർ ജോർജ്ജ് കാണക്കാരി സ്വദേശിയാണ്.

1960 കാലഘട്ടം വരെ തലയാട്ടുകളി, കാളകളി, പുള്ളുവൻപാട്ട്, സർപ്പംപാട്ട്, ഞാറ്റുപാട്ട്, ഓണം തുള്ളൽ, ഉടുക്കുപാട്ട്, കുതിരകളി തുടങ്ങിയ ജനകീയ കലാരൂപങ്ങൾ നിലനിന്നിരുന്നു. ഇവയിൽ ചിലത് ദേവാരാധനാപരങ്ങളായിരുന്നു. ചിലത് ജീവനോപാധിയും. കാർഷികരംഗത്തും സാമൂഹികരംഗത്തുമുണ്ടായ മാറ്റത്തോടെ ഇവയിൽ പലതും നഷ്ടപ്രായമായി. തിരുവാതിര എന്ന നാട്യകലയും, ക്നാനായ സമുദായക്കാരുടെ വിവാഹത്തോടനുബന്ധിച്ചു നടക്കുന്ന പുരാതനപ്പാട്ടും ഇപ്പോഴും പ്രചാരത്തിലുണ്ട്.

ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ

- നവഭാവന ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, കളത്തൂർ
- ഭാരത് സേവക് സമാജ്, കല്ലമ്പാറ
- ജുവനൈൽ ഗാർഡ്സ് സൊസൈറ്റി, കളത്തൂർ
- ഉദയരാഗം, കാണക്കാരി
- യുവജനസംഘടന, കാണക്കാരി
- സോക്കർക്ലബ്ബ്, കാണക്കാരി
- യുവഭാവന ആട്സ് ആൻഡ് സ്പോട്സ് ക്ലബ് കുറുമുള്ളൂർ
- നവോദയ ആട്സ് ആൻഡ് സ്പോട്സ് ക്ലബ്ബ്, കല്ലമ്പാറ

എന്നീ സംഘടനകൾ പ്രവർത്തനരംഗത്തുണ്ട്. ഇതിൽ യുവഭാവന ആട്സ് ആൻഡ് സ്പോട്സ ക്ലബ്ബിന് സ്വന്തം കെട്ടിടമുണ്ട്. ടി.വി. യുമുണ്ട്. നവോദയ ആട്സ് ആൻഡ് സ്പോട്സ് ക്ലബ്ബിന് സ്ഥലം സ്വന്തമായുണ്ടെങ്കിലും കെട്ടിടം തീർക്കാൻ കഴിഞ്ഞിട്ടില്ല. മുകളിൽ കൊടുത്തവയിൽ പലതും ഓണാഘോഷങ്ങൾക്കോ വാർഷികാഘോഷങ്ങൾക്കോ വേണ്ടി മാത്രം ആണ്ടിലൊരിക്കൽ ഉണരുന്നു.

കൂടാതെ, കടപ്പൂർ പബ്ലിക് ലൈബ്രറി, രത്നഗിരി പബ്ലിക് ലൈബ്രറി എന്നീ സ്ഥാപനങ്ങളോടനുബന്ധിച്ച് കലാകായിക ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്.

1990ൽ കാണക്കാരിയിൽ ആരംഭിച്ച ഉപഭോക്തൃ സംരക്ഷണ സമിതി സജീവമായി രംഗത്തുണ്ട്.

32.32% വീടുകളിൽ വർത്തമാന പത്രങ്ങൾ വരുത്തുന്നുണ്ട്. വിവിധ ഗ്രന്ഥശാലകളിൽ നിന്നായി ദിനംപ്രതി ശരാശരി 125 പുസ്തകങ്ങൾ മാത്രമാണ് വിതരണം ചെയ്യുന്നത്. വിതരണത്തിൽ പ്രധാന ഇനം നോവലുകളാണ്. 1.5% വീടുകളിൽ ഹോം ലൈബ്രറികളുള്ളതായി കണക്കാക്കുന്നു. പൊതുവെ, ഗ്രന്ഥപാരായണത്തിൽ താല്പര്യം കുറഞ്ഞിരിക്കുന്നതായി കാണാം. കാണക്കാരിയിൽ ഒരു കേബിൾ ടി.വി. ശൃംഖല പ്രവർത്തിക്കുന്നുണ്ട്.

ഹൈന്ദവദേവാലയങ്ങൾ

- വീര്യംകുളങ്ങര ശ്രീഭഗവതി ക്ഷേത്രം
- തൃക്കേൽ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം
- വാര്യമ്യാലിൽ ദേവീ ക്ഷേത്രം
- കാണക്കാരി ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം
- വെമ്പള്ളി ദേവീ ക്ഷേത്രം
- കടപ്പൂർ ദേവീ ക്ഷേത്രം

എന്നിവയാണ് പഞ്ചായത്തിലെ പ്രധാന ഹൈന്ദവ ദേവാലയങ്ങൾ.

ക്രൈസ്തവ ദേവാലയങ്ങൾ

- സെന്റ് സ്റ്റീഫൻസ് ചർച്ച്, കുറുമുള്ളൂർ
- സെന്റ് മേരീസ് ചർച്ച്, കുറുമുള്ളൂർ
- സെന്റ് മേരീസ് ചർച്ച്, കാണക്കാരി
- സെന്റ് ബോനിഫസ് ചർച്ച്, പട്ടിത്താനം
- സെന്റ് മേരീസ് ചർച്ച്, കളത്തൂർ
- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, പട്ടിത്താനം
- സെന്റ് തോമസ് ചർച്ച്, രത്നഗിരി

എന്നിവയാണ് ക്രൈസ്തവ ദേവാലയങ്ങൾ

കൂടാതെ, കാണക്കാരിയിലും, കടപ്പൂരും സി.എ സ്.ഐ. പള്ളികളുമുണ്ട്. കാണക്കാരിയിൽ PRDS പള്ളിയും IPC പ്രാർത്ഥനാലയവുമുണ്ട്.

പ്രശ്നങ്ങൾ

പഞ്ചായത്തുവകയായി പൊതുകളിസ്ഥലമുള്ളത്

ലൈബ്രറിയുടെ പേര്	ഗ്രേഡ്	അംഗങ്ങൾ	പുസ്തകങ്ങളുടെ എണ്ണം	സ്ഥാപിച്ചവർഷം
പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം, കാണക്കാരി	A	263	8772	1954
പബ്ലിക് ലൈബ്രറി & റീഡിംഗ് റി കടപ്പൂർ	A	370	10375	1955
പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം കുറുമള്ളൂർ		350		1956
പബ്ലിക് ലൈബ്രറി രത്നഗിരി	D	455	3773	1969
സാംസ്കാരിക നിലയം, കളത്തൂർ		123	1200	1990
പഞ്ചായത്തു പബ്ലിക് ലൈബ്രറി, വെമ്പള്ളി		248	1700	1993

കല്ലമ്പാറയിൽ മാത്രമാണ്. പൊതുകളിസ്ഥലങ്ങളുടെ അഭാവം പല വാർഡുകളിലുമുണ്ട്. കാണക്കാരി, വെമ്പള്ളി, കടപ്പൂർ എന്നീ പ്രദേശങ്ങളിൽ ഗവ. സ്കൂളുകളോടനുബന്ധിച്ചുള്ള മൈതാനം ക്ലബ്ബുകൾ ഉപയോഗിക്കുന്നുണ്ട്. സ്വകാര്യസ്കൂളുകളുടെ മൈതാനം പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ അനുവാദമില്ല.

യുവജനമേളകളുടെ സംഘാടനം തൃപ്തികരമല്ല. ഒരു ജനകീയ പരിപാടിയാക്കാൻ കഴിയുന്നില്ല. വേണ്ടത്ര പരസ്യങ്ങളും മുന്നൊരുക്കങ്ങളും നടക്കാറില്ല. നാടൻ കലകൾക്കു പ്രോത്സാഹനം കിട്ടുന്നില്ല.

നിലവിലുള്ള ഗ്രന്ഥശാലകൾക്ക് വേണ്ടത്ര ഉപകരണങ്ങളോ അലമാരികളോ ഇല്ല. അതാതു കാലത്തു പ്രസിദ്ധീകരിക്കുന്ന ഈടുറ്റ പുസ്തകങ്ങൾ യഥാസമയം വാങ്ങാൻ കഴിയുന്നില്ല. ഗ്രന്ഥശാലാസംഘത്തിൽ നിന്നു കിട്ടുന്ന ഗ്രാന്റിനെ ആശ്രയിച്ചു മാത്രമാണ് ഇപ്പോൾ പുസ്തകങ്ങൾ വാങ്ങുന്നത്. ഗ്രാന്റാകട്ടെ, സമയത്തു ലഭിക്കുന്നുമില്ല. അംഗങ്ങളിൽ നിന്നു കിട്ടുന്ന മാസവരി ആനുകാലികപ്രസിദ്ധീകരണങ്ങൾ വാങ്ങാൻ പോലും ചില ലൈബ്രറികൾക്കു തികയുന്നില്ല.

മൂന്നു ലൈബ്രറികളിൽ റേഡിയോ ഉണ്ട്. രത്നഗിരിയിലും കടപ്പൂരുമുള്ള ലൈബ്രറികളുടെ റേഡിയോ കേടുവന്നിരിക്കുന്നു. ദൃശ്യമാധ്യമങ്ങൾ ഒരു ലൈബ്രറിയിലുമില്ല.

വിദ്യാർത്ഥികൾക്ക് കലാകായികരംഗത്തെ കഴിവുകൾ പ്രകടിപ്പിക്കാനും വളർത്തിയെടുക്കാനുമുള്ള വേദികളില.

ഉത്സവങ്ങളിലും മറ്റാഘോഷങ്ങളിലും പ്രൊഫഷണൽ സംഘങ്ങളെ ക്ഷണിച്ചുവരുത്തി കലാപരിപാടികൾ അവതരിപ്പിക്കുന്ന രീതിയാണ് നിലവിലുള്ളത്. അതുകൊണ്ട് അതതു പ്രദേശത്തെ ജനങ്ങൾ പങ്കെടുക്കുന്ന നാടകങ്ങളോ കലാപരിപാടികളോ ഉണ്ടാകുന്നില്ല. ഈ രംഗത്തു കാലാനുസൃതമായുണ്ടാകുന്ന ചലനങ്ങൾ മനസ്സിലാക്കാൻ കഴിയുന്നില്ല.

നിർദ്ദേശങ്ങൾ

കായികപരിശീലനത്തിനുള്ള സൗകര്യമുണ്ടാകണം. നിലവിൽ സ്കൂളുകളോടനുബന്ധിച്ചുള്ള മൈതാനങ്ങൾ അറ്റകുറ്റപ്പണികൾതീർത്ത് ഉപയോഗയോഗ്യമാക്കുക.

നാടൻ കലകൾ, ശാസ്ത്രീയ കലകൾ എന്നിവ അഭ്യസിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങൾ ആരംഭിക്കുക.

ലൈബ്രറികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും പഞ്ചായത്തുതലത്തിൽ സംവിധാനമുണ്ടാക്കുക.

പ്രവർത്തിക്കുന്ന കലാ-കായിക-സാംസ്കാരിക സംഘടനകൾക്കു സ്ഥലം വാങ്ങി കെട്ടിടം തീർക്കാനും ഫർണിച്ചർ, പുസ്തകങ്ങൾ എന്നിവ വാങ്ങാനും സഹായിക്കുക.

ബോധവല്കരണസെമിനാറുകൾ സംഘടിപ്പിക്കുക.

ഏറ്റവും നന്നായി പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനക്ക് ക്യാഷ് അവാർഡ് ഏർപ്പെടുത്തുക.

പഞ്ചായത്തു തലത്തിൽ കലാകായികമേളകൾ വിപുലമായി സംഘടിപ്പിക്കുക. ഇത്തരം മേളകൾ നട

ത്തുമ്പോൾ മൂന്നാഴ്ച മുമ്പെങ്കിലും പരസ്യം ചെയ്യണം. എങ്കിലേ വേണ്ടത്ര മുന്നൊരുക്കങ്ങളോടെ മേളകളിൽ പങ്കെടുക്കാൻ കഴിയൂ.

കുറുമൂള്ളൂർ നിലവിലുള്ള വായനശാലയുടെ പ്രവർത്തനം വിപുലപ്പെടുത്തണം.

കാണക്കാരി ആശുപത്രിജംഗ്ഷനിൽ, പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്ന വായനശാല പുനരുജ്ജീവിപ്പിക്കുക.

കളത്തൂർ നിലവിലുള്ള സാംസ്കാരിക നിലയത്തിന്റെ പണിപൂർത്തിയാക്കി അവിടെ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ് പ്രവർത്തിപ്പിക്കാൻ സൗകര്യപ്പെടുത്തുക. നിലയത്തിന്റെ പ്രവർത്തനത്തിന് ഒരു ജനകീയ കമ്മറ്റി രൂപപ്പെടുത്തണം.

സാംസ്കാരിക നിലയത്തിലും ഗ്രന്ഥശാലകളിലും ഗവ. ഗസറ്റ് ലഭ്യമാക്കണം.

സാംസ്ക്കാരികനിലയത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

കാലികമായി പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങൾ ഗ്രന്ഥശാലകളിൽ യഥാസമയം വാങ്ങാനുള്ള സാമ്പത്തിക സഹായം ചെയ്യണം.

വാർഡുതലത്തിൽ വാർത്താബോർഡുകൾ സ്ഥാപിക്കുകയും പഞ്ചായത്തിന്റെ പദ്ധതി വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യണം.

കൂടുതൽ സ്ഥലങ്ങളിൽ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കണം.

കലാ കായിക ഇനങ്ങൾക്കു പഞ്ചായത്തുതലത്തിൽ പരിശീലനസൗകര്യം ഏർപ്പെടുത്തണം.

വാറ്റുപുര കോളനിയിലെ ടി. വി. സെറ്റ് കേടു തീർക്കണം.

കലാകായികപ്രതിഭകളെ കണ്ടെത്തി ചെറുപ്പത്തിൽ തന്നെ പരിശീലനം നല്കണം.

സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുക.

ജനകീയാസൂത്രണം, വികേന്ദ്രീകരണം എന്നിവയുമായി ബന്ധപ്പെട്ട ലഘുലേഖകളും പുസ്തകങ്ങളും പൊതുജനങ്ങൾക്കു ലഭ്യമാക്കുക.

5-9

വനിതാക്ഷേമം

സാമൂഹ്യ സാംസ്കാരിക പ്രവർത്തന മേഖലകളിൽ മുൻകാലത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവായിരുന്നു. കുടിപ്പള്ളിക്കൂടങ്ങളിലൂടെയും, ആശാൻ കളരികളിലൂടെയും വിദ്യാഭ്യാസം നൽകിയിരുന്നു എങ്കിലും എല്ലാ ജാതിയിലും പെട്ട സ്ത്രീകൾക്ക് പ്രവേശനമുണ്ടായിരുന്നില്ല. ഈ നൂറ്റാണ്ടിന്റെ ആദ്യപതിറ്റാണ്ടു മുതൽ തന്നെ നമുക്കു പ്രാഥമിക വിദ്യാഭ്യാസസ്ഥാപനങ്ങൾ ലഭിച്ചുവെങ്കിലും സാർവത്രിക വിദ്യാഭ്യാസം നേടുവാൻ കഴിഞ്ഞില്ല. 1950-കളിൽ മഹിളാസമാജങ്ങളും നേഴ്സറി സ്കൂളുകളും പ്രവർത്തനം ആരംഭിച്ചു. ഖാദി ബോർഡിൽ നിന്നും സാമ്പത്തിക സഹായം നേടി പ്രവർത്തിക്കുന്ന കുറുമുള്ളൂരെ മഹിളാസമാജത്തിന് 23 സെന്റ് സ്ഥലവും, കെട്ടിടവും സ്വന്തമായി ഉണ്ടെങ്കിലും പ്രവർത്തനം ആശാവഹമല്ല. 1977ൽ കടപ്പൂർ ദേശസേവിനി മഹിളാസമാജം പ്രവർത്തനം ആരംഭിച്ചുവെങ്കിലും കാര്യക്ഷമമായ പ്രവർത്തനം ഇല്ലാതെ നിലച്ചു പോകുകയാണുണ്ടായത്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി ഏഴിലധികം മഹിളാസമാജങ്ങൾ ഉണ്ട്. ഗ്രാമീണ വനിതാസമാജം കല്ലംപാറ, N.S.S. വനിതാസമാജം വെമ്പള്ളി, N.S.S. വനിതാസമാജം കാണക്കാരി, സ്വരൂപാ മഹിളാ സമാജം, കാണക്കാരി, കൈരളി മഹിളാസമാജം, കടപ്പൂർ, S.N.D.P. വനിതാസമാജം കാണക്കാരി എ.കെ.പി.എം.എസ്. വനിതാസമാജം കാണക്കാരി എന്നിവ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ മഹിളാ സമാജങ്ങളുടെയും, നഴ്സറി സ്കൂളുകളുടേയും പ്രവർത്തനം കാര്യക്ഷമമല്ല. സ്ത്രീകളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ അടുത്ത കാലത്ത് പുരോഗതി ദൃശ്യമാണെങ്കിലും സാങ്കേതിക വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ പങ്ക് കുറവാണ്. വിദ്യാഭ്യാസം, കാർഷികം, തീപ്പെട്ടിക്കമ്പനി, പാറമട, റബർബാൻഡ് കമ്പനി, തയ്യൽ തുടങ്ങിയ മേഖലകളിൽ സ്ത്രീകൾ കൂടുതലായി ജോലി ചെയ്തുവരുന്നു. പഞ്ചായത്തിനു പുറത്തുള്ള ഖാദി, കെട്ടിടനിർമ്മാണം, വഴിപ്പണി എന്നീ മേഖലകളിൽ ഇവിടുത്തെ സ്ത്രീകൾ പോയി ജോലി ചെയ്യുന്നു. സമീപകാലത്ത് ടാപ്പിംഗ് രംഗത്തും പണി ചെയ്യുന്നുണ്ട്.

1991-ലെ കാനേഷുമാരി കണക്കനുസരിച്ച് ആകെ ജനസംഖ്യ 20585 ആണ്. ഇതിൽ 10432 സ്ത്രീകൾ ഉണ്ട്. ആറു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളിൽ 1142 പെൺകുട്ടികളും, 1083 ആൺകുട്ടികളും ഉണ്ട്. തൊഴിൽ മേഖലകളിൽ സ്ത്രീകളോടുള്ള അവഗണന നിലനിൽക്കുന്നുണ്ട്. സ്ത്രീയെ എല്ലാ നിലയിലും ശക്തിപ്പെടുത്തിയെങ്കിൽ മാത്രമേ അവർക്കെതിരേയുള്ള അതിക്രമങ്ങളെ തടയുവാൻ സാധിക്കൂ. സ്ത്രീകൾ കുടുംബനാഥകളായുള്ള 200 ലധികം വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സ്ത്രീകൾ തൊഴിൽ ചെയ്തു വരുന്ന മേഖലകളിൽ തൊഴിൽ ലഭ്യതകുറഞ്ഞുവരുന്നു. ചെറുകിടവ്യവസായങ്ങൾ, സ്വയം തൊഴിൽ സംരഭങ്ങൾ തുടങ്ങിയവ സ്ത്രീകളെ കേന്ദ്രീകരിച്ച് നടപ്പാക്കണം. സ്ത്രീകൾക്കായി തയ്യൽപഠന കേന്ദ്രങ്ങൾ സ്ഥാപിച്ച് ടെയ്ലറിംഗ് മേഖലയിലെ തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തണം. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ കുറവാണെങ്കിലും അടുത്ത കാലത്തായി സ്ത്രീ പീഡനകേസുകളും സ്ത്രീധനമരണകേസും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. സ്ത്രീകളിലെ നിരക്ഷരത, ഇല്ലായ്മ ചെയ്യുന്നതിന് പഞ്ചായത്തിൽ കഴിഞ്ഞകാലത്ത് നടത്തിയ സാക്ഷരതാപ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സാക്ഷരത നിലനിർത്തുന്നതിന് തുടർസാക്ഷരതാ കേന്ദ്രങ്ങൾ ഉണ്ടാകണം. സ്ത്രീകളുടെ ക്ഷേമത്തിന് സ്ത്രീകളുടെ

മുൻനിര പ്രവർത്തനം അനിവാര്യമാണ്.

പ്രശ്നങ്ങൾ

പഞ്ചായത്തിൽ പലഭാഗത്തും മാതൃശിശു സംരക്ഷണപ്രവർത്തനങ്ങൾ നടക്കുന്നില്ല.

വിദ്യാസമ്പന്നരായ യുവതികളുടെ നേതൃത്വത്തിലോ ഉടമസ്ഥതയിലോ തൊഴിൽമേഖലയിൽ കാര്യമായ പ്രവർത്തനം ഇല്ല.

ഒരേ സ്വഭാവമുള്ള ജോലിക്ക് സ്ത്രീക്കും പുരുഷനും ലഭിക്കുന്ന കൂലി നിരക്ക് വ്യത്യസ്തമാണ്.

വനിതകളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പഞ്ചായത്തിൽ നിലവിലുള്ള സൗകര്യം മതിയാവുന്നില്ല.

രൂക്ഷമായ തൊഴിലില്ലായ്മയാണ് വനിതാമേഖല നേരിടുന്ന പ്രധാന പ്രശ്നം.

ഏതു ജോലിയും ഏറ്റെടുത്ത് ഭംഗിയായി ചെയ്തു തീർക്കാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും ജോലി ഏറ്റെടുക്കുന്നതിന് സ്ത്രീകൾ വിമുഖരാണ്.

ഉത്തരവാദിത്തം സ്ത്രീകളെ ഏൽപ്പിക്കുന്നതിന് പുരുഷന്മാരുടെഭാഗത്ത് താൽപര്യക്കുറവുണ്ട്.

ആത്മവിശ്വാസക്കുറവ് സ്ത്രീകൾ നേരിടുന്ന പ്രശ്നമാണ്.

പുരുഷന്മാർക്കൊപ്പം നിൽക്കുവാനുള്ള കഴിവും ബുദ്ധിയും നേടിയവരാണെങ്കിലും കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള ധൈര്യം സ്ത്രീകൾക്കില്ല.

സ്ത്രീകൾക്കായുള്ള ക്ഷേമപദ്ധതികളെക്കുറിച്ച് അറിയുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സ്ത്രീകൾ നേതൃത്വം നൽകുന്ന സംഘടനകളുടേയും, മഹിളാസമാജങ്ങളുടേയും പ്രവർത്തനം ആവശ്യമാണ്.

വനിതാക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന യൂണിറ്റുകൾ പഞ്ചായത്തിൽ ഇല്ല.

എല്ലാ തുറകളിലും യുവതികളുടെ പങ്കാളിത്തക്കുറവ് കാണക്കാരിയിൽ ദൃശ്യമാണ്.

വേണ്ടത്ര പങ്കാളിത്തമില്ലാത്തതുകൊണ്ട് നല്ലനിലയിൽ പ്രവർത്തിച്ചു വന്നിരുന്ന പല മഹിളാസമാജങ്ങളുടേയും പ്രവർത്തനം നിലച്ചുപോയി.

പുരുഷന്മാരുടെ മദ്യപാനം ചിലകുടുംബങ്ങളുടെ സാമ്പത്തികസ്ഥിതി കെടുത്തുന്നതായി പറയുന്നു.

തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല, പരിശീലനത്തിന് വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമല്ല.

സർക്കാർ സഹായ പദ്ധതികളെക്കുറിച്ച് വ്യക്തമായ അറിവ് സ്ത്രീകൾക്ക് ലഭിക്കുന്നില്ല.

സാങ്കേതിക വിദ്യാഭ്യാസം നേടുന്ന സ്ത്രീകൾ കുറവാണ്.

സാമ്പത്തിക ബുദ്ധിമുട്ട് സ്വയംതൊഴിൽ സംരഭങ്ങൾക്ക് തടസ്സമാകുന്നുണ്ട്.

ജോലിക്കു പോകുന്ന അമ്മമാരുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് ക്രഷുകൾ വേണ്ടത്രയില്ല.

കുടിവെള്ളക്ഷാമം ഏറ്റവും കൂടുതൽ ബാധിക്കുന്നത് സ്ത്രീകളെയാണ്.

സാധ്യതകൾ

സാമൂഹ്യ പൊതുരംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കണം. കഴിയുന്നത്ര സ്ത്രീകളെ തങ്ങളുടെ നേതൃനിരയിൽ കൊണ്ടുവരാൻ സാംസ്കാരിക-രാഷ്ട്രീയ സംഘടനകൾ ശ്രമിക്കണം. പൊതു പ്രവർത്തന രംഗത്ത് മുൻപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയുമായി പങ്കുവച്ച് അവരിൽ ആത്മവിശ്വാസം ഉണ്ടാക്കണം. വനിതകളുടേതു മാത്രമായി സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് സഹായധനം നൽകണം. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകൾ തുടങ്ങിയാൽ വിവിധ തൊഴിൽ മേഖലകളിൽ വൈദഗ്ധ്യം നേടിയ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കാൻ സാധിക്കും.

നിർദ്ദേശങ്ങൾ

1. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുക.
2. വിഭവ സാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.
3. തൊഴിലവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ച് വേണ്ട വിവരങ്ങൾ നൽകുക.
4. പഞ്ചായത്തിൽ വനിതകളുടെ മേൽ നോട്ടത്തിൽ

പബ്ലിക് ടെലഫോൺ ബൂത്തുകൾ ആരംഭിക്കുക.

5. സ്ത്രീപീഡനം, സ്ത്രീധനം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സെൻട്രൽ സോഷ്യൽ വെൽഫയർ ബോർഡിന്റെ (C.S.W.) സഹായത്തോടെ കൗൺസിലിംഗ് സെന്റർ ആരംഭിക്കുക.
6. P.H. സെന്ററുകളിൽ നിന്നുള്ള ആരോഗ്യ പ്രവർത്തകരുടെ ഭവനസന്ദർശനം കാര്യക്ഷമമാക്കണം.
7. കളത്തൂർ P.H.C. യിൽ ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം ഉണ്ടാകണം.
8. പ്രധാനകവലകളിൽ വെയ്റ്റിംഗ് ഷെഡുകളും മൂത്രപ്പുരകളും സ്ഥാപിക്കണം.
9. പെൺകുട്ടികൾക്കായി മൂത്രപ്പുരയില്ലാത്ത സ്കൂളുകളിൽ മൂത്രപ്പുരകൾ ഉണ്ടാക്കുക.
10. പരിസരശുചിത്വത്തെക്കുറിച്ചും സാംക്രമിക രോഗങ്ങളെക്കുറിച്ചും അറിവുപകരുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കണം.
11. വിധവകളുടേയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടേയും പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുക.
12. പത്താം വാർഡിലെ ആയുർവ്വേദ ഡിസ്പെൻസറി, ആശുപത്രിയായി ഉയർത്തി പ്രവർത്തനം കാര്യക്ഷമമാക്കുക.
13. ഒമ്പതാം വാർഡിൽ വാറ്റുപുര ഭാഗത്തുള്ള പൊതുശ്മശാനം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.
14. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ തുടങ്ങിയവ അർഹരായ എല്ലാ സ്ത്രീകൾക്കും ലഭ്യമാക്കുക.
15. തൊഴിൽ വൈദഗ്ധ്യമുള്ള സ്ത്രീകളെ സംഘടിപ്പിച്ച് റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
16. പട്ടികജാതി പട്ടികവർഗ്ഗ വനിതകൾക്ക് ആവശ്യമായ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുക.
17. ചാത്തമല ഹരിജൻ കോളനിയിൽ പ്രവർത്തിച്ചുവരുന്ന ബേബി ക്രഷ് അംഗൻവാടിയായി ഉയർത്തുക.
18. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.
19. സത്രീകൾക്കുമാത്രമായി വായനശാല തുടങ്ങുക.
20. കുട്ടികളുടെ കലാകായിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
21. വനിതകൾക്ക് ഡ്രൈവിംഗ് സ്കൂൾ ആരംഭിക്കുക.
22. അശ്ലീല പോസ്റ്റർ നിരോധിക്കുക.
23. വനിതകളുടെ മേൽനോട്ടത്തിൽ മാവേലിസ്റ്റോർ, പച്ചക്കറിക്കട എന്നിവ സ്ഥാപിക്കുക.
24. വാറ്റുപുരയിലെ ബാലവാടി, അംഗൻവാടിയായി ഉയർത്തുക.
25. വഴിവിളക്കുകളില്ലാത്ത സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.
26. സാമ്പത്തികശേഷി കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സാമ്പത്തികസഹായം അനുവദിക്കുക.
27. കുടിലുകളിൽ താമസിക്കുന്നവർക്ക് വീടു നിർമ്മിക്കാൻ ധനസഹായം നൽകുക.
28. ദക്ഷത കൂടിയ പരിഷത് അടുപ്പുകൾ എല്ലാ വീടുകളിലും ലഭ്യമാക്കണം.
29. കണ്ണ് പരിശോധന നടത്തി നിർധനർക്ക് സൗജന്യമായി കണ്ണട വിതരണം ചെയ്യുക.
30. നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് ആരംഭിക്കണം
31. സ്ത്രീകൾക്ക് 50% സംവരണം എല്ലാ മേഖലകളിലും ഉണ്ടാകണം.
32. അടുക്കളത്തോട്ടങ്ങൾക്ക് പ്രോത്സാഹനം കൊടുത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കണം. വിത്തും വളവും സൗജന്യമായി വിതരണം ചെയ്യണം.
33. പുഷ്പക്കൃഷി, കൂൺകൃഷി, ആടുവളർത്തൽ, കോഴിവളർത്തൽ, പുൽകൃഷി, പന്നിവളർത്തൽ തുടങ്ങിയ മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിന് ധനസഹായവും സാങ്കേതിക നിർദ്ദേശങ്ങളും നൽകുക.
34. കുടിവെള്ളക്ഷാമം പരിഹരിക്കുക.
35. വാർഡുതലത്തിൽ ബാലവാടികൾ രൂപീകരിക്കുക.

5-10

സഹകരണം

കേരളത്തിലെ കാർഷിക, വ്യാവസായിക, സാമൂഹ്യ സാമ്പത്തികരംഗങ്ങളിൽ സഹകരണ പ്രസ്ഥാനങ്ങൾക്കുള്ള പങ്ക് പ്രസക്തമാണ്. കൂട്ടായ പ്രവർത്തനങ്ങളിലൂടെ സാമ്പത്തിക നേട്ടവും സാമൂഹ്യക്ഷേമവും കൈവരിക്കുവാൻ സഹകരണപ്രസ്ഥാനത്തേക്കാൾ പ്രയോജനപ്രദമായ മറ്റൊരു പ്രസ്ഥാനം രൂപം കൊണ്ടിട്ടില്ല. കർഷകരിൽ സ്വാശ്രയശീലവും മിതവ്യയവും സമ്പാദ്യശീലവും വളർത്തുവാൻ സഹകരണസ്ഥാപനങ്ങൾ പ്രയോജനപ്പെടുന്നു. ഇന്ന് കേരളത്തിലെ നല്ലൊരു ഭാഗം സഹകരണസ്ഥാപനങ്ങളും കാർഷികരംഗവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഒന്നര നൂറ്റാണ്ട് മുമ്പ് ബ്രീട്ടൂഷുകാരനായ റോബർട്ട് ഓവൻ വിഭാവനം ചെയ്ത സഹകരണ പ്രസ്ഥാനം, സാധാരണക്കാരന്റെ സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ ഉതകത്തക്ക തത്വസംഹിതകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതായിരുന്നു. ഇമ്പീരിയൽ ലെജിസ്ലേറ്റീവ് കൗൺസിൽ പാസ്സാക്കിയ ബിൽ ഇൻഡ്യയിലെ പ്രഥമ സഹകരണനിയമമായി. കേരളത്തിൽ ഒരു ഏകീകൃത സഹകരണ നിയമം പ്രാബല്യത്തിൽ വന്നതോടെ, നബാർഡിന്റെ പ്രവർത്തനത്തിനു തുടക്കമിടുകയും പ്രാദേശികവായ്പാസഹകരണ സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുതുടങ്ങുകയും ചെയ്തു.

കാണക്കാരി പഞ്ചായത്ത് പ്രദേശത്ത് വിവിധ മേഖലകളിൽ നാമമാത്രമായ സംഘങ്ങളെ പ്രവർത്തിക്കുന്നുള്ളു. കൂടുതൽ തൊഴിൽ സാധ്യതകളുള്ള, കാർഷികരംഗത്തും സേവനരംഗത്തും ഫലപ്രദവും ക്രിയാത്മകവുമായ നേട്ടങ്ങൾ കൈവരുത്താനുതകുന്ന വ്യാവസായിക സഹകരണസ്ഥാപനങ്ങൾ (Industrial Co-operative Society) അത്യന്താപേക്ഷിതമാണ്. റബ്ബർ, നാളികേരം, കൊക്കോ, നെല്ല്, കുരുമുളക് ആദിയായ കാർഷികോത്പന്നങ്ങൾ വ്യവസായവത്കരിച്ച് കാർഷികമേഖലയെ പരിപോഷിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗ്രാമസഭാ ചർച്ചകളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

കാണക്കാരി സർവ്വീസ് സഹകരണ ബാങ്ക്, കാണക്കാരി കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്ന ക്ഷീരവ്യവസായ സഹകരണ സംഘം, വെമ്പള്ളിയിൽ പ്രവർത്തിക്കുന്ന ആപ്കോസ് ക്ഷീരോത്പാദകസംഘം, അഞ്ചാം വാർഡിലെ കൈത്തറി നെയ്ത്തു സഹരണസംഘം, നാലാം വാർഡിലെ ബീ കീപ്പിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി, പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കൺസ്യൂമേഴ്സ് സഹകരണസംഘം, കോട്ടയം ടെക്സ്റ്റയിത്സ് എംപ്ലോയീസ് സഹകരണസംഘം, സ്കൂൾ കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സഹകരണസ്ഥാപനങ്ങൾ ആണ്. ഇവയിൽ ബീ കീപ്പിംഗ് സൊസൈറ്റി ഒഴികെയുള്ളവ സാമാന്യം തൃപ്തികരമായ നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവക്കുപുറമെ രജിസ്റ്റർ ചെയ്തിട്ടുള്ള റബർ ഉത്പാദക സംഘങ്ങളും നെൽ ഉത്പാദക സംഘങ്ങളും കേര വികസന സമിതിയും പ്രവർത്തിക്കുന്നു.

ഭവന നിർമ്മാണാവശ്യങ്ങൾക്കും ദീർഘ കാല കാർഷികാവശ്യങ്ങൾക്കും വായ്പ നൽകുന്ന സഹകരണസംഘങ്ങൾ ഈ പഞ്ചായത്തു പ്രദേശത്ത് സ്ഥാപിച്ചിട്ടില്ല. കിടങ്ങൂർ പ്രവർത്തിക്കുന്ന റൂറൽ ഹൗസിംഗ് സൊസൈറ്റിയാണ് ഈ പ്രദേശത്തുള്ളവർക്ക് ഭവനനിർമ്മാണ ദീർഘകാലവായ്പ ലഭ്യമാക്കുന്നത്. കാർഷിക വ്യാവസായികാവശ്യങ്ങൾക്കുള്ള ദീർഘകാല വായ്പ ലഭ്യമാക്കുന്നത് പാലായിൽ പ്രവർത്തിക്കുന്ന മീനച്ചിൽ താലൂക്ക് കാർഷികവികസന ബാങ്കിൽ നിന്നുമാണ്. ഹൗസിംഗ് സൊസൈറ്റിയിൽ നിന്നും കാർഷിക വികസന ബാങ്കിൽ നിന്നും താഴേക്കിടയിലുള്ള സാധാരണക്കാർക്ക് വായ്പകൾ ലഭ്യമാക്കുവാൻ ഏറെ ബുദ്ധിമുട്ടുണ്ട്, കാരണം, വിസ്തൃതമായ വസ്തു ഈടിന്മേലാണ് ഈ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്നത്. കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ നിന്ന്

ദീർഘകാല കാർഷികവും വ്യാവസായികം ഭവന നിർമ്മാണ വായ്പകൾ ലഭ്യമാകുന്നുണ്ട്. കാർഷികേതര വായ്പകൾക്കായുള്ള പാലായിൽ പ്രവർത്തിക്കുന്ന, അർബൻ സഹകരണ ബാങ്കിൽ നിന്ന് ഈ പ്രദേശത്തുള്ളവർക്ക് വായ്പ നൽകുന്ന കാര്യത്തിൽ അധികൃതർ വിമുഖത കാട്ടുന്നു. വയലായിൽ പ്രവർത്തിക്കുന്ന പട്ടികജാതി സർവീസ് സഹകരണ സംഘത്തിൽ ഈ പഞ്ചായത്തിൽ നിന്നുള്ള പട്ടികജാതിക്കാരിൽ പലർക്കും അംഗത്വം ലഭിച്ചിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശത്ത ജനങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യുന്ന പ്രാഥമിക വായ്പാ സഹകരണ സ്ഥാപനമാണ് കാണക്കാരി സർവ്വീസ് സഹകരണ ബാങ്ക്. പ്രൊഫ. പി.സി. ജോസഫിന്റെ നേതൃത്വത്തിൽ 1955ൽ രജിസ്റ്റർ ചെയ്യപ്പെട്ട ഈ സ്ഥാപനം പുരോഗതിയിലേക്ക് പ്രയാണം ചെയ്തുവരുന്നു. ഇതിന്റെ സ്ഥാപകനും പ്രഥമ പ്രസിഡന്റുമായ പ്രൊഫ. പി.സി. ജോസഫ് 1973 വരെ പ്രസിഡന്റ് സ്ഥാനത്ത് തുടർന്നു. ഇക്കാലയളവിൽ അസൂയാവഹമായ നേട്ടങ്ങൾ കൈവരിച്ചു. ഇടത്തരം കർഷകരും കർഷകത്തൊഴിലാളികളുമായിരുന്നു ഓഹരിയുടമകളിൽ ഭൂരിഭാഗവും. സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ കഴിഞ്ഞിരുന്ന ഓഹരിക്കാരെ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രവർത്തിച്ചിട്ടും ചുരുങ്ങിയ കാലം കൊണ്ട് വൻ പുരോഗതി സംഘത്തിന് കൈവരിക്കാൻ കഴിഞ്ഞു.

1969 ൽ ഏകീകൃത സഹകരണ നിയമം പ്രാബല്യത്തിൽ വന്നതോടെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടു. പഞ്ചവത്സര പദ്ധതികളിലൂടെ ഇവക്ക് ഉണർവും ഉന്മേഷവും കൈവന്നു. 1969-70 കാലഘട്ടത്തിൽ കേവലം 1663 അംഗങ്ങൾ മാത്രമുണ്ടായിരുന്ന സംഘം 28266 രൂപ ലാഭമുണ്ടാക്കി. ഓഡിറ്റ് ക്ലാസിഫിക്കേഷനിൽ "എ" ക്ലാസ്സായി ബാങ്കായി ഉയർന്നതോടെ ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനവും ഓഹരി ഉടമകൾക്ക് ലാഭ വിഹിതവും ലഭ്യമായി. ഇതേവർഷം തന്നെ 393092 രൂപ നിക്ഷേപം സമാഹരിക്കുവാനും സാധിച്ചു. 73-74 ഒഴികെ, 77-78 വരെ ബാങ്ക് മുതിർന്ന ക്ലാസ്സിൽ നിലനിന്നു. ഏറെക്കഴിയും മുമ്പ് പല കാരണങ്ങളാൽ, ബാങ്കിന്റെ നില ക്രമേണ താഴുകയും നഷ്ടത്തിലാവുകയും ചെയ്തു. ആ നില ഇന്നും തുടരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച കടാശ്വാസ പദ്ധതി നടപ്പിലാക്കിയതിൽ വന്നു പോയ പാകപ്പിഴകൾ ഇതിന്റെ കാരണങ്ങളിൽ ഒന്നായി ഗ്രാമസഭകളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. കടാശ്വാസപദ്ധതി സാധാരണ ജനങ്ങളിൽ തെറ്റിദ്ധാരണകൾ പരത്തി. വായ്പക്കടങ്ങൾ പിഴവു കൂടാതെ അടച്ചിരുന്ന സാധാരണക്കാർ, കടാശ്വാസ പദ്ധതി ആവർത്തിക്കപ്പെടുമെന്ന് വിശ്വസിച്ചു. അങ്ങനെ സംഭവിക്കുകയില്ലായെന്ന് സർക്കാർ സംശയത്തിനിടവരാത്തവിധം താപ്പിച്ച് പ്രഖ്യാപിച്ചിരുന്നതാണ്. എന്നാലും കടാശ്വാസപദ്ധതിയുടെ പ്രഖ്യാപനം മറ്റു പല സഹകരണ ബാങ്കുകളേയും പോലെ കാണക്കാരി സർവ്വീസ് സഹകരണ ബാങ്കിനേയും ദോഷകരമായി ബാധിച്ചു എന്നുള്ളത് ഒരു ദു:ഖ സത്യമാണ്. കാലാകാലങ്ങളിൽ നിലവിൽ വന്ന ഭരണ സമിതികൾ കടക്കുടിശ്ശിക വർദ്ധിക്കാതിരിക്കാൻ ആവതെല്ലാം ചെയ്തു എന്നത് ആശാവഹമാണ്. അടച്ചുതീർക്കുവാൻ പറ്റാത്തവിധം കുടിശ്ശിക വർദ്ധിച്ചവർക്ക് പലിശ പൂർണ്ണമായും അടച്ച് വായ്പ പുതുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയത് സാധാരണക്കാർക്ക് ഏറെ പ്രയോജനം ചെയ്തു.

കാണക്കാരി പഞ്ചായത്തിലെ എല്ലാ വാർഡുകളും കുറവിലങ്ങാട് പഞ്ചായത്തിലെ എട്ടാം വാർഡും ഈ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ വരും 14572 ഓഹരി ഉടമകളുള്ള ബാങ്കിന്റെ ആസ്ഥാനം വെമ്പള്ളിയിലാണ്. കാണക്കാരി, കടപ്പൂർ, കുറുമുള്ളൂർ, കുര്യം എന്നിവടങ്ങളിലായി നാലു ശാഖകളും പട്ടിത്താനത്തും കളത്തൂരും ഓരോ ഡിപ്പോകളും നിലവിലുണ്ട്. കാണക്കാരി, കടപ്പൂർ, കുറുമുള്ളൂർ എന്നീ ശാഖകൾ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. ബാങ്കിൽ നിലവിൽ 28 ജീവനക്കാരുണ്ട്.

അംഗങ്ങളുടെ സൗകര്യാർത്ഥം ഹ്രസ്വകാല മദ്ധ്യകാല സാധാരണ വായ്പകളും സ്വർണ്ണ പണയ വായ്പകളും I.R.D.P., A.D.P. വായ്പകളും E.E.C. സഹായത്തോടെ പച്ചക്കറി കർഷകർക്ക് K.H.D.P. വായ്പകളും രണ്ടുലക്ഷം രൂപ വരെയുള്ള വാഹന വായ്പകളും ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനുള്ള കൺസ്യൂമർ വായ്പകളും അംഗങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. സ്വയം തൊഴിൽ, വ്യവസായ ഭവന നിർമ്മാണ വായ്പകളും അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വസ്തു ഈടിന്മേൽ 25000 രൂപയും ആൾ ജാമ്യത്തിൽ 5000 രൂപയും അനുവദിച്ചിരുന്നത് യഥാക്രമം ഒരു ലക്ഷം രൂപയും, പതിനായിരം രൂപയുമായി ഉയർത്തി. ഇതിന് പൊതുയോഗാംഗീകാരവും ഡിപ്പാർട്ട് മെന്റൽ അനുമതിയും നേടിയിട്ടുണ്ട്. ഈ തീരുമാന

ങ്ങൾ പൂർണ്ണമായും നടപ്പിലാക്കുന്നത് പ്രയോജനകരമാണ്.

കഴിഞ്ഞ സാമ്പത്തികവർഷം ആറു കോടി 72ലക്ഷം രൂപാ നിക്ഷേപമായി സമാഹരിക്കുവാൻ ബാങ്കിനു കഴിഞ്ഞിട്ടുണ്ട്. 50915000 രൂപ വിവിധ ആവശ്യങ്ങൾക്കായി വായ്പ നൽകിയിട്ടുണ്ട്.

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. സ്വയം തൊഴിൽ സംരഭകരായ ഓഹരിയുടമകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഉദാരമായ വായ്പാസൗകര്യങ്ങൾ ഏർപ്പെടുത്തണം.
2. ദീർഘ കാലാടിസ്ഥാനത്തിൽ കാർഷിക വായ്പകൾ അനുവദിക്കുവാൻ വേണ്ട നടപടികൾ എടുക്കണം.
3. വായ്പകൾക്കുവേണ്ടിയുള്ള ഷെയറിന്റെ അനുപാതം 1:20 ൽ നിന്നും 1:50 ആക്കി ഭേദഗതി ചെയ്ത് ഇടപാടുകാർക്ക് ഷെയറിനത്തിൽ വേണ്ടി വരുന്ന ചെലവ് ലഘൂകരിക്കണം.
4. 1989 ലെ കടാശ്വാസ പദ്ധതിയുടെ പ്രയോജനം അർഹതപ്പെട്ടവർക്കെല്ലാം ലഭിച്ചിട്ടില്ലെന്ന ആക്ഷേപം നിലനിൽക്കുന്നതിനാൽ പദ്ധതിയുടെ പ്രയോജനം ലഭിച്ചവരുടെ ലിസ്റ്റ് പരസ്യപ്പെടുത്തണം
5. വായ്പകളും വായ്പാനയങ്ങളും സുതാര്യമാക്കുകയും, 5 സെന്റിൽ താഴെ മാത്രം ഭൂമിയുള്ള ദുർബല വിഭാഗങ്ങൾക്കും വായ്പാ സൗകര്യം ഏർപ്പെടുത്തുകയും വേണം.
6. ബാങ്കിന്റെ നിലവിലുള്ള നഷ്ടം നികത്തി ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന് പ്രവർത്തന പരിധിയിലുള്ള ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളെയും ഈ രംഗത്ത് വൈദഗ്ധ്യമുള്ളവരെയും ഉൾപ്പെടുത്തി, പുരോഗമന പ്രവർത്തനങ്ങൾ നടപ്പിലാക്കണം. മുടക്കം കൂടാതെ ലാഭവിഹിതം അംഗങ്ങൾക്ക് കൊടുക്കണം.
7. എട്ടാം വാർഡിൽ പട്ടിത്താനത്ത് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ബ്രാഞ്ച് പ്രവർത്തനം ആരംഭിക്കുകയും എല്ലാ ബ്രാഞ്ചുകളിലും റബർഷീറ്റും നാളികേരവും സംഭരിക്കുവാൻ ഏർപ്പാടാക്കുകയും വേണം.
8. കഴിഞ്ഞ വാർഷിക പൊതുയോഗം അംഗീകരിച്ച ബൈലോ ഭേദഗതിക്ക് അനുമതി കിട്ടിയിട്ടുണ്ടെങ്കിലും, ആൾജാമ്യത്തിലുള്ള വായ്പ 10000/- രൂപയായി ഉയർത്തിയിട്ടില്ല. ഇത് എത്രയും വേഗം നടപ്പിലാക്കണം.
9. പട്ടികജാതി വിഭാഗക്കാർക്ക് ഷെയർ തുക കൂടാതെ വായ്പ അനുവദിക്കേണ്ടതായ നിയമം എല്ലാ പട്ടികജാതി ഓഹരിക്കാർക്കും ബാധകമാക്കണം.

ക്ഷീരവ്യവസായ സംഘങ്ങൾ

10. സംഘങ്ങളിൽ പാൽ നൽകുന്നവർക്ക് ന്യായമായ നിരക്കിൽ യഥാവസരം വില ലഭ്യമാക്കണം. എല്ലാ സംഘങ്ങളിലും കാലിത്തീറ്റ, സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.
11. 10-ാം വാർഡിലെ ക്ഷീരോത്പാദകർക്ക് പാൽ വിറ്റഴിക്കുവാനുതകത്തക്ക വിധത്തിൽ ഒരു കളക്ഷൻ സെന്റർ എങ്കിലും ആ വാർഡിൽ സ്ഥാപിക്കണം.
12. വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് റബറധിഷ്ഠിത വ്യവസായങ്ങൾ നടപ്പിലാക്കണം. തന്മൂലം കർഷകർക്ക് മെച്ചപ്പെട്ട വിലയും തൊഴിൽരഹിതർക്ക് തൊഴിലവസരങ്ങളും ലഭ്യമാക്കണം.
13. കേരോത്പന്നങ്ങൾ കൊണ്ടുള്ള വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.
14. ടെക്നിക്കൽ സ്കൂൾ, നഴ്സറി സ്കൂൾ, ഡേകെയർ സെന്റർ, എന്നിവ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.
15. കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള സഹകരണ സംഘം സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കണം.
16. ഭവനനിർമ്മാണാവശ്യങ്ങൾക്കും കാർഷിക വ്യാവസായികാവശ്യങ്ങൾക്കും വേണ്ടി റൂറൽ ഹൗസിംഗ് സൊസൈറ്റിയുടേയും കാർഷിക വികസന ബാങ്കിന്റേയും ശാഖകൾ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിക്കണം.
17. വനിതാ സഹകരണ സംഘം, ഹരിജൻ സഹകരണസംഘം എന്നിവ സ്ഥാപിച്ച് അവയുടെ ഉന്നമനത്തിനാവശ്യമായ നടപടികൾ ഉണ്ടാകണം. പഴം, പച്ചക്കറി സംസ്കരണം, കറിപൗ

ഡർ നിർമ്മാണം, ജാം, സ്കാഷ് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നിവ നടപ്പിലാക്കാവുന്നതാണ്.

18. 6-ാം വാർഡിൽ ഖാദി ബോർഡിന്റെ കീഴിലുള്ള വ്യവസായ യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

19. കാണക്കാരിയിലുള്ള നെയ്ത്തു സഹകരണസംഘത്തിലെ തൊഴിലാളികളുടെ ഉന്നമനത്തിനും സംഘത്തിന്റെ പുരോഗതിക്കും വേണ്ടി സംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തണം. റിബേറ്റ് കാലത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന വിവിധ ഇനം തുണിത്തരങ്ങൾ ദൂരദിക്കുകളിലേക്ക് കയറ്റി അയക്കുന്നതോടൊപ്പം തദ്ദേശവാസികൾക്കും ലഭ്യമാക്കണം.

20. വിദ്യാർത്ഥികൾക്കാവശ്യമുള്ള എല്ലാ പഠനോപകരണങ്ങളും സ്കൂൾ സഹകരണ സ്റ്റോറുകൾ വഴി ന്യായവിലക്ക് യഥാസമയം ലഭ്യമാക്കണം.

21. അദ്ധ്യാപക വൃത്തിക്കുവേണ്ടി നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകരെ സ്കൂൾ സഹകരണ സ്റ്റോറുകളിൽ വില്പനക്കാരാക്കിത്തീർക്കുന്ന പതിവു മാറ്റി, പ്രാദേശിക വനിതകളെ നിയമിച്ച് സ്റ്റോറുകൾ മുഴുവൻ സമയവും പ്രവർത്തിപ്പിക്കണം. അതാത് ദിവസത്തെ കണക്കുകളും നീക്കിയിരിപ്പ് തുകകളും പ്രധാനാധ്യാപകർ പരിശോധിച്ച് ബോധ്യപ്പെട്ട് ഡേബുക്കിൽ ഒപ്പ് വയ്ക്കുന്ന പതിവ് ഏർപ്പെടുത്തണം.

22. സഹകരണസംഘങ്ങളിൽ നിന്നും വസ്തു ഈടിന്മേലുള്ള വായ്പ വാലുവേഷന്റെ അടിസ്ഥാനത്തിലാക്കണം. വിസ്തീർണ്ണാടിസ്ഥാനത്തിൽ നിലവിലിരിക്കുന്ന മാനദണ്ഡം നീക്കം ചെയ്യണം.

5-10

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

പ്രാദേശികാസൂത്രണത്തിന്റെ അടിസ്ഥാന കൂടിച്ചേരലായ ഗ്രാമസഭായോഗങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ പങ്കാളിത്തം കുറവായിരുന്നു. ഈ രംഗത്തെ അടിസ്ഥാനപരമായ നിർദ്ദേശങ്ങൾക്കും വിലയിരുത്തലുകൾക്കും ഇത് പോരായ്മ ഉണ്ടാക്കിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങൾ സമഗ്രമായി മനസ്സിലാക്കുന്നതിന് ഗ്രാമസഭായോഗങ്ങളിലെ പ്രാഥമികവിവരങ്ങളും ദ്വിതീയ വിവരശേഖരണവും പര്യാപ്തമല്ല. പ്രോജക്ടുകൾ രൂപപ്പെടുത്തുന്നതിനു മുൻപായി ഈരംഗത്ത് സമഗ്രമായ സാമൂഹ്യ സാമ്പത്തിക സർവ്വേ അനിവാര്യമാണ്.

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 7.04 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലാണ്. ഇതിൽ പട്ടികജാതിക്കാർ 6.67 ശതമാനവും പട്ടികവർഗ്ഗക്കാർ 0.36 ശതമാനവുമാണ്. രണ്ട് ഹരിജൻ കോളനികൾ ഉണ്ട്. 1970 മുതൽ പട്ടികജാതി-പട്ടികവർഗ്ഗമേഖലയിൽ പ്രത്യേക പരിഗണന നൽകി കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ദേശീയതലത്തിൽ രൂപം നൽകി. 5,6 പദ്ധതികളിൽ ഈ വിഭാഗങ്ങൾക്ക് പ്രത്യേക പദ്ധതികളും രൂപപ്പെടുകയുണ്ടായി.

സർക്കാർ തലത്തിലും മറ്റു ഏജൻസികൾ വഴിയും നിരവധി പദ്ധതികൾ ഈ രംഗത്ത് നടപ്പിലാക്കായിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ സാമ്പത്തിക-സാമൂഹ്യ രംഗത്ത് കാലോചിതമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നാണ് ഗ്രാമസഭാറിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നത്.

പതിറ്റാണ്ടുകൾക്ക് മുമ്പ് തൊഴിൽ രംഗത്തും സാമൂഹികരംഗത്തും ഒട്ടേറെ വിവേചനങ്ങൾക്കും ക്രൂരതകൾക്കും വിധേയരാകേണ്ടിവന്ന ഒരുജന വിഭാഗമാണിത്. നമ്മുടെ പഞ്ചായത്തിലും ഇത്തരത്തിൽ നിരവധി സംഭവങ്ങൾ കാരണവ ചർച്ചകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ജാതീയമായ അസമത്വങ്ങളും സാമ്പത്തിക ബുദ്ധിമുട്ടുകളും വിദ്യാഭ്യാസരംഗത്ത് ഈ വിഭാഗത്തെ വളരെയേറെ പിന്നോട്ടു കൊണ്ടുപോയി. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം നടന്ന സാമൂഹ്യപരിഷ്കരണ നടപടികളും, ഭൂപരിഷ്കരണനിയമങ്ങളും ഇവരെ പുരോഗതിയിലേക്കു നയിക്കുവാൻ സഹായിച്ചിട്ടുണ്ട്. ജാതീയതയുടെ അതിർവരമ്പുകൾ പൂർണ്ണമായും മാഞ്ഞുപോയിട്ടില്ലെങ്കിലും വിദ്യാഭ്യാസരംഗത്തും, സേവനമേഖലയിലും സാമൂഹ്യരാഷ്ട്രീയരംഗത്തും ഈ വിഭാഗത്തിലുള്ളവർ എത്തപ്പെട്ടിട്ടുണ്ട്. പുരോഗമന ജനാധിപത്യപ്രസ്ഥാനങ്ങളുടെയും തൊഴിലാളി സംഘടനകളുടെയും സാമുദായിക-സാംസ്കാരിക സംഘടനകളുടേയും വളർച്ചയും പ്രവർത്തനവും ഈ മാറ്റത്തിന് നിദാനമായിട്ടുണ്ട്. ഇവർ നേരിടുന്ന സാമ്പത്തിക സാമൂഹിക അസമത്വങ്ങൾക്കും വിവേചനങ്ങൾക്കുമെതിരെ എല്ലാ വിഭാഗങ്ങളിലും പെട്ട ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. സാമൂഹ്യ അസമത്വങ്ങളുടെ യഥാർത്ഥ കാരണങ്ങൾ കണ്ടുപരിഹരിക്കാനുള്ള ബോധവത്ക്കരണവും പ്രവർത്തനവും നമ്മുടെ പഞ്ചായത്തിൽ അനിവാര്യമാണ്.

നമ്മുടെ പഞ്ചായത്തിലെ പരമ്പരാഗത കർഷക തൊഴിലാളികൾ ആയിരുന്ന ഈ വിഭാഗക്കാർ ബഹുഭൂരിപക്ഷവും ഇന്ന് നിർമ്മാണരംഗത്തെ തൊഴിലാളികളായി മാറിയിരിക്കുന്നു. തൊഴിൽ സ്ഥിരതയില്ലായ്മ, തൊഴിൽ ദിനങ്ങളുടെ ദൗർലഭ്യം, കൂലിക്കുറവ്, കാർഷികരംഗത്തെ തകർച്ച, ഭാഗിക യന്ത്രവൽക്കരണം തുടങ്ങിയവ പരമ്പരാഗത തൊഴിൽ രംഗത്തുനിന്നും ഈ വിഭാഗത്തെ റോഡു പണി, ഇഷ്ടിക നിർമ്മാണം,

കരിങ്കൽ പണി എന്നിവയിലേക്ക് മാറ്റുന്നതിനു പ്രേരിപ്പിച്ചു. സാർവ്വത്രികവിദ്യാഭ്യാസം ലഭ്യമാണെങ്കിലും ഈ വിഭാഗത്തിൽ നിന്നുംഉന്നത വിദ്യാഭ്യസരംഗത്തും, പ്രൊഫഷനൽ വിദ്യാഭ്യാസരംഗത്തും എത്തിപ്പെടുന്നവർ തുലോം തുച്ഛമാണ്.

പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്രപുരോഗതിയെ ലാക്കാക്കിക്കൊണ്ടുള്ള പദ്ധതിക്ക് രൂപം നൽകുന്നതിലൂടെയും സാമൂഹികമായ ബോധവത്ക്കരണത്തിലൂടെയും ആരോഗ്യ വിദ്യാഭ്യാസ തൊഴിൽ ക്ഷേണപ്രവർത്തനങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. പാർപ്പിടങ്ങളുടെ നില ഏതാണ്ട് പൂർണ്ണമായും ശോചനീയമാണ്. വൈദ്യുതീകരണം ഇനിയും നടക്കേണ്ടതുണ്ട്.
2. പകുതിയിലധികം കുടുംബങ്ങൾക്ക് കക്കൂസ് ഇല്ല.
3. കുടിവെള്ളക്ഷാമം പ്രധാന പ്രശ്നമാണ്.
4. പരമ്പരാഗത തൊഴിലുകളായ കുട്ടനെയ്ത്ത്, വട്ടിനെയ്ത്ത്, പായനെയ്ത്ത് തുടങ്ങിയവ തകർച്ചയിലാണ്.
5. കല്ലംപാറ പ്രദേശത്ത് ഫാമിലി വെൽഫെയർ സെന്ററിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല.
6. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്ക് വായ്പാചട്ടങ്ങൾ ഉദാരമാക്കണം.
7. പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടെ മിക്ക ആവാസ കേന്ദ്രങ്ങളിലേക്കും ആവശ്യമായ ഗതാഗതസൗകര്യങ്ങൾ ഇല്ല.
8. സംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ വേണ്ടത്ര അവസരങ്ങളില്ല.
9. കൃഷിഭവൻ ആനുകൂല്യങ്ങൾ അറിയുവാൻ കഴിയുന്നില്ല.
10. മൃഗസംരക്ഷണ രംഗത്ത് പുതിയ അവസരങ്ങൾ ലഭിക്കുന്നില്ല.
11. പഠനത്തിൽ പിന്നിൽ നിൽക്കുന്ന കുട്ടികൾക്ക് പ്രത്യക ശ്രദ്ധ ലഭിക്കുന്നില്ല.
12. വിവിധ വകുപ്പുകളിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗത്തിനുള്ള ആനുകൂല്യങ്ങൾ ലാപ്സ് ആക്കുന്ന പ്രവണതയുണ്ട്.
13. ഭവന നിർമ്മാണ വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.
14. ബോധവൽക്കരണപ്രവർത്തനങ്ങൾ നടക്കുന്നില്ല. ആനുകൂല്യങ്ങൾ ഇന്നും ആ വിഭാഗത്തിന് അജ്ഞാതമാണ്.
15. സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് അനുഭാവപൂർവ്വമല്ല.
16. ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വലിയ കാലതാമസം നേരിടുന്നു.
17. ചെറുകിട വ്യവസായയൂണിറ്റുകൾ പഞ്ചായത്തിൽ ഇല്ല.
18. പഞ്ചായത്തിലെ യാചകരെ പുനരധിവസിപ്പിച്ചിട്ടില്ല.

പരിഹാരനിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കുന്നതിനായി സന്നദ്ധസംഘടനകളുടെ സഹായത്തോടെ സമഗ്രമായ വിദ്യാഭ്യാസ-ആരോഗ്യ-സാമ്പത്തിക-തൊഴിൽ-സാമൂഹികസർവ്വേ സംഘടിപ്പിക്കണം.
2. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വന്തമായി വീടു വയ്ക്കാനുള്ള പദ്ധതി ഉണ്ടാവണം. സന്നദ്ധസംഘടനകളുടെയും മറ്റു ഏജൻസികളുടെയും പദ്ധതികൾ പ്രയോജനപ്പെടുത്തണം. (ഭവനനിർമ്മാണബോർഡ്, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പ് തുടങ്ങിയവ.)
3. കോളനികളിലും പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ പാർക്കുന്ന മറ്റുസ്ഥലങ്ങളിലുമുള്ള കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ അടിയന്തിര പദ്ധതി ഉണ്ടാവണം.
4 7-ാം വാർഡിലെ കല്ലുറുമ്പേൽ കോളനിയടക്കം പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ പാർക്കുന്ന മിക്കയിടങ്ങളിലും നടപ്പാത ഇല്ല. ഉള്ളവ തന്നെ തകരാറിലാണ്. ഇതു പരിഹരിക്കാൻ ആവശ്യമായ പദ്ധതി വേണം.
5. സ്വന്തമായി കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു കൊടുക്കണം.
6. നിലവിൽ വൈദ്യുതിക്കപേക്ഷിച്ചിട്ടുള്ളവർക്കും വൈദ്യുതി ലഭിക്കാത്തവർക്കും വൈദ്യുതി ലഭിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാകണം.

7. സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് പുനരധിവാസ പദ്ധതിയിലൂടെ ഭൂമിയും വീടും നൽകണം.
8. കല്ലംപാറ കുടുംബക്ഷേമകേന്ദ്രത്തിൽ സ്ഥിരം ഡോക്ടറുടെ സേവനം ഉണ്ടാകണം. കളത്തൂർ ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിച്ച് മുഴുവൻ സമയ ഡോക്ടറെ നിയമിക്കണം.
9. 10-ാം വാർഡിലെ ആയുർവ്വേദ ആശുപത്രി സ്ഥിരം കെട്ടിടത്തിലേക്ക് ഉടൻ മാറ്റണം.
10. SC/ST വിഭാഗത്തിലെ തൊഴിൽ രഹിതരായ യുവതീ-യുവാക്കളെ പങ്കെടുപ്പിച്ച് ചെറുകിടവ്യവസായ യൂണിറ്റുകൾ സഹകരണ മേഖലയിൽ ആരംഭിക്കണം. യൂണിറ്റുകൾക്ക് ആവശ്യമായ പ്രോത്സാഹനം വേണം. സോപ്പ് നിർമ്മാണം, മെഴുകുതിരി, കറിപൗഡർ, തീപ്പെട്ടി, റബ്ബർബാൻഡ്, ഹോളോ ബ്രിക്സ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായങ്ങളിൽ തൽപരരായ ആളുകളുടെ ലിസ്റ്റ് ഉണ്ടാക്കണം. ആയതിലേയ്ക്ക് വായ്പാ സംവിധാനം ലഭ്യമാക്കണം.
11. അംഗൻ വാടികളും നഴ്സറി സ്കൂളുകളും എല്ലാ വാർഡുകളിലും സ്ഥാപിക്കണം.
12. കൃഷിഭവന്റെ പ്രവർത്തനം അറിയുന്നതിലേക്കായി എല്ലാ വാർഡിലും സംവിധാനം ഉണ്ടാകണം (വാർത്താബോർഡ്)
13. മൃഗസംരക്ഷണ വകുപ്പു വഴി ലഭിക്കുന്നതായ പദ്ധതികൾ വിപുലപ്പെടുത്തി SC/ST വിഭാഗങ്ങൾക്ക് സൗജന്യമായി കോഴി, ആട്, പന്നി, പശുക്കുട്ടി എന്നിവ വിതരണം ചെയ്യണം.
14. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സ്കൂൾവിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പാക്കണം.
15. കല്ലുറുമ്പേൽ കോളനിയിലെ സാംസ്കാരിക നിലയത്തിന് വൈദ്യുതി കണക്ഷനും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കാൻ പദ്ധതി വേണം.
16. ഭവനനിർമ്മാണ വായ്പയും, അറ്റകുറ്റപണികൾക്കായുള്ള തുകയും കാലോചിതമായി പരിഷ്കരിക്കണം.
17. അംഗവൈകല്യമുള്ളവർക്ക് യുക്തമായ തൊഴിൽപരിശീലനം നൽകണം. നിരാലംബരായ കുടുംബങ്ങൾക്ക് സഹായ പദ്ധതികൾ ആസൂത്രണം ചെയ്യണം.
18. പരമ്പരാഗത തൊഴിൽ സംരക്ഷിക്കുന്നതിനായി സഹകരണാടിസ്ഥാനത്തിൽ കുട്ട, വട്ടി, പരമ്പ് പായ്-മറ്റുവസ്തുക്കളുടെ നിർമ്മാണം ആരംഭിക്കണം.
19. കോളനി പ്രദേശങ്ങളിൽ പൊതു ആരോഗ്യപ്രവർത്തകരുടെ സന്ദർശനം കാര്യക്ഷമമാക്കണം. ബോധവൽക്കരണപ്രവർത്തനം ഊർജ്ജിതമാക്കണം.
20. പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ അംഗീകൃത ലിസ്റ്റ് പഞ്ചായത്തിൽ പ്രസിദ്ധീകരിക്കണം.
21. പത്താം വാർഡിൽ പൊതുശ്മശാനം വേണം. വാറ്റുപുര പൊതുശ്മശാനത്തിന് ചുറ്റുമതിൽ കെട്ടണം.
22. പഞ്ചായത്തിലെ യാചകരെ പുനരധിവസിപ്പിക്കാനുള്ള സമഗ്രപദ്ധതി ഉണ്ടാകണം.
23. സൗജന്യ നിയമസഹായം ലഭ്യമാക്കണം. സാമൂഹ്യ ആരോഗ്യ ക്ഷേമകാര്യങ്ങളിൽ ബോധവൽക്കരണപരിപാടികൾ നടപ്പാക്കണം.
24. സ്പിന്നിംഗ് മില്ലിൽ പട്ടികജാതി-പട്ടികവർഗ്ഗ സംവരണം നടപ്പാക്കണം.
25. രണ്ടാം വാർഡിലെ ശ്മശാനത്തിന് ചുറ്റുമതിൽ കെട്ടണം.

5-12

വിഭവസമാഹരണം

കാണക്കാരി പഞ്ചായത്ത് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. പഞ്ചായത്തിന്റെ തനതുവരുമാനം ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കും മതിയാകുകയില്ല. ആസൂത്രണവും നിർവ്വഹണവും മുകളിൽ നിന്ന് അടിച്ചേല്പിക്കപ്പെടുമ്പോൾ ജനകീയാവശ്യങ്ങൾ അവഗണിക്കപ്പെടുകയും പദ്ധതികളുടെ പ്രയോജനം അർഹതപ്പെട്ടവർക്കു ലഭിക്കാതെ പോവുകയും ചെയ്യുന്നു. പഞ്ചായത്തിനു വരുമാനം വർദ്ധിപ്പിക്കുവാനുതകുന്ന ഉല്പാദനമേഖലകളിൽ പണം മുടക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. സേവനമേഖലകളിൽ ചെലവഴിക്കുന്ന തുക തന്നെ പലപ്പോഴും പാഴായിപ്പോകുന്നു. വഴിവിളക്കുകൾ കത്തിക്കുന്നതിനു ചെലവാക്കുന്ന തുക വേണ്ടത്ര പ്രയോജനപ്പെടുന്നില്ല.

വരുമാനം കുറവെങ്കിൽ ആസൂത്രണം അനിവാര്യമാകും. അപ്പോൾ വരവു വർദ്ധിപ്പിക്കാനും ചെലവു കുറക്കാനുമുള്ള ഉപായങ്ങൾ കണ്ടെത്തണം. ഈ ലക്ഷ്യത്തോടെ കഴിഞ്ഞകാലത്തെ വരവുചെലവുകണക്ക് വിശദമായി പഠിക്കുകയും പാളിച്ചകളും കുറവുകളും വരുംകാലങ്ങളിൽ ഉണ്ടാകാതെ ശ്രദ്ധിക്കുകയും വേണം.

പഞ്ചായത്തിന്റെ 1991 മുതൽ 96 വരെയുള്ള വരവുചെലവുകണക്കുകൾ ഇതോടൊപ്പം കൊടുത്തിട്ടുണ്ട്. 95-96 ലെ കൃഷിഭവൻ കണക്കുകളും കൊടുത്തിരിക്കുന്നു. കാണക്കാരി വില്ലേജിൽ പതിച്ചുകൊടുക്കാവുന്ന ഭൂമിയുടെ വിവരങ്ങളും പഞ്ചായത്തു സ്ഥാവര സ്വത്തുക്കളുടെ വിവരങ്ങളും അപൂർണ്ണമെങ്കിലും ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്.

1995 ലെ ദേശീയ പ്രതിശീർഷവരുമാനം 7060 രൂപ.

കേരളത്തിലെ പ്രതിശീർഷ ഉല്പാദനം 6242 രൂപ.

നമ്മുടെ പ്രതിശീർഷപദ്ധതിച്ചെലവ് അഖിലേന്ത്യാശരാശരിയേക്കാൾ കുറവാണ്. നമ്മുടെ പ്രതിശീർഷവരുമാനം 1130 രൂപ മാത്രമാണ്.

കാണക്കാരി പഞ്ചായത്തു വരവുചെലവുകണക്കുകൾ
അവലംബം - ഗ്രാമപഞ്ചായത്ത് ഓഫീസ്

വരവ്		ചെലവ്	
കെട്ടിടനികുതി	170462.40	ശമ്പളം	215039.65
സർച്ചീസ് നികുതി	23480.50	ആഫീസ് വക ചെലവ്	23405.45
തൊഴിൽ നികുതി	89959.00	പൊതുമരാമത്ത്	184152.00
ഡ്യൂട്ടി	111158.00	വൈദ്യുതി	25336.80
ലൈസൻസ്	2697.00	ജലസേചനം	22414.00
ലേലം	8060.00	വിദ്യാഭ്യാസം	11524.15
ഗ്രാൻറ്	107119.00	അൺടൈഡ്	170000.00
ആകെ	512935.90	ആകെ	651872.55
മറ്റിനം	51206.40	മറ്റിനം	81614.75
ആകെ	564142.30	ആകെ	733487.00

	വരവ്		ചെലവ്
91- 92- ലെ വരവുചെലവുകണക്കുകൾ			
കെട്ടിടനികുതി	170320.00	ശമ്പളം	292577.00
സർവ്വീസ് നികുതി	23530.25	പലവക ചെലവ്	51770.55
തൊഴിൽ നികുതി	110786.00	വൈദ്യുതി	60565.85
ഡ്യൂട്ടി	134060.00	പൊതുമരാമത്ത്	102939.00
ലേലം	8047.00	വിദ്യാഭ്യാസം	26742.00
ലൈസൻസ്	3844.00	കുടിവെള്ളം	27322.00
അൺടൈഡ്	181200.00		65000.00
ഗ്രാൻറ്	124889.00	അൺടൈഡ്	89370.00
ആകെ	756676.25	ആകെ	716294.85
മറ്റിനം	53697.50	മറ്റിനം	120849.37
ആകെ	810373.75	ആകെ	837144.00
92 -93			
കെട്ടിടനികുതി	150344.75	ശമ്പളം	320792.30
സർവ്വീസ് നികുതി	20839.35	ഓഫീസ് ചെലവുകൾ	430200.00
തൊഴിൽ നികുതി	107350.00	വൈദ്യുതി	42386.00
ഡ്യൂട്ടി	128353.00	പൊതുമരാമത്ത്	109204.00
ലേലം	11261.00	സാമൂഹ്യക്ഷേമം	10507.00
അൺടൈഡ്	188000.00	ലൈബ്രറി	151399.00
IVP	26700.00	അൺടൈഡ് ഫണ്ട്	117371.00
SRVS	100000.00	ആകെ	794679.00
ലൈസൻസ്	108495.00	മറ്റിനം	200033.30
ആകെ	848673.00	ആകെ	994712.90
93 -94			
കെട്ടിടനികുതി	165709.00	ശമ്പളം	371023.00
സർവ്വീസ് നികുതി	23008.50	ഓഫീസ് ചെലവുകൾ	27740.00
തൊഴിൽ നികുതി	119595.50	വൈദ്യുതി	38476.00
ഡ്യൂട്ടി	220396.00	പൊതുമരാമത്ത്	15690.00
ലേലം	11014.00	വിദ്യാഭ്യാസം	22700.00
ലൈസൻസ്	6418.00		544222.00
ലാൻഡ് വാല്യൂ	36599.00	അൺടൈഡ്	144134.00
അൺടൈഡ്	194990.00	ആകെ	674185.00
SRVS	1000000.09	മറ്റിനം	45264.00
ഗ്രാൻറ്	91919.00	ആകെ	719449.00
ആകെ	969648.75		
മറ്റിനം	17987.75		
ആകെ	987636.50		

94 95

കെട്ടിടനികുതി	244188.00	ശമ്പളം	410294.45
സർവ്വീസ് നികുതി	33857.00	ഓഫീസ് ചെലവുകൾ	34444.75
തൊഴിൽ നികുതി	132305.00	പൊതുമരാമത്ത്	92323.00
ഡ്യൂട്ടി	126297.00	വിദ്യാഭ്യാസം	8742.00
ലേലം	12389.00	ആരോഗ്യം	4422.00
ലൈസൻസ്	9806.00	വൈദ്യുതി	58880.00
അൺടൈഡ്	264050.00	സാമൂഹ്യക്ഷേമം	11798.00
ഗ്രാന്റ്	97027.00	അൺടൈഡ്	35596.00
ആകെ	921918.10	SRVS	104825.00
മറിനം	29680.45	ആകെ	1081639.00
ആകെ	951598.55	മറ്റിനം	7537.00
		ആകെ	7089176.00

A. പഞ്ചായത്തു വരവുചെലവുകണക്കുകൾ 95 -96

കെട്ടിടനികുതി	256435.00	ശമ്പളം	439813.00
സർവ്വീസ് ചാർജ്ജ്	35388.00	ഓഫീസ് ചെലവുകൾ	43841.00
തൊഴിൽനികുതി	154263.00		
ചന്തവരവ്	400.00		
ലേലവരവ്	7628.00		
ലൈസൻസ് ഫീസ്	12782.00		
വാഹനനികുതി			
പ്രദർശന നികുതി			
കടം	8900.00		
ആകെ	475796.00		483654.00

B. മറ്റു സർക്കാർ വരവുകൾ

VRM	22163.00	വിദ്യാഭ്യാസം	15127.00
MI	7500.00	ലൈബ്രറി	18097.00
VTC	199041.00	പൊതുമരാമത്ത്	39765.00
അടിസ്ഥാന നികുതി 75%	125298.00	ജലവിതരണം	430.00
അടിസ്ഥാനനികുതി 25%	388697.00	തെരുവുവിളക്കുകൾ	47568.00
സ്പെഷ്യൽ ഗ്രാൻഡ്		പുരമേയൽ	5000.00
അൺടൈഡ് ഫണ്ട്	278100.00	അൺടൈഡ് ഫണ്ട്	371281.00
JRY	215447.00	വട്ടകുളം റോഡ്	90000.00
മറ്റുള്ളവ	216771.00	വെമ്പള്ളി തോട്ടുനട JRY	25000.00
ആകെ	1431017.00		

C. പഞ്ചായത്ത്രാജ് നിയമപ്രകാരമുള്ള വരവുകൾ

മൃഗസംരക്ഷണം	11120.00	വെമ്പള്ളി സ്കൂൾചുറ്റുമതിൽ	20000.00
ആരോഗ്യം	72057.00	കിണർ 25 എണ്ണം	57130.00
കൃഷി	232325.00	വക്കീൽ ഫീസ്	21865.00
PWD	11600.00	ആകെ	710963.00
ഹരിജനക്ഷേമം	1338.00		
മറ്റുള്ളവ	66366.00		
ആകെ	394796.00		
കൊതുകുനശീകരണം	25000.00		
കുടിവെള്ളം	49300.00		
ലൈബ്രറി	11702.00		
സ്വാശ്രയം SRVS	880000.00		
ആകെ	906002.00		
Grand Total	32076111.00		

കാണക്കാരി കൃഷി ഭവൻ

1995 -96

പദ്ധതി വിഹിത വിതരണങ്ങൾ (അവലംബം കൃഷി ഓഫീസ്)

	പദ്ധതിയുടെ പേര്	ഗുണഭോക്താക്കൾ	സബ്സിഡി
1.	കുരുമുളക് പുനരുദ്ധാരണം	69	15300.00
2.	കുരുമുളക് പ്രദർശനം	1	140.00
3.	കറുവാമരം പ്രദർശനം	1	170.00
4.	ഗ്രാമ്പൂമരം പ്രദർശനം	1	170.00
5.	ഇഞ്ചികൃഷി പ്രദർശനം	1	1200.00
6.	മഞ്ഞൾകൃഷി പ്രദർശനം	3	2475.00
7.	ഇഞ്ചികൃഷി വികസനം	0	15000.00
8.	മഞ്ഞൾകൃഷി വികസനം	0	12000.00
9.	സസ്യസംരക്ഷണ ഉപകരണങ്ങൾ0	0	1500.00
10.	പ്രത്യേകഘടകപദ്ധതി	0	3750.00
11.	1400 Kg. വളം	0	0
12.	ഒട്ടുമാവ് ഒട്ടുപ്ലാവ് തൈകൾ	11	1200.00
13.	ജൈവവസ്തു ഉല്പാദനം	100	2500.00
14.	ജൈവവള ഉല്പാദന പരിശീലനം	0	1000.00
15.	പച്ചിലവളവിത്ത്	100	750
16.	കൊക്കോ പുനരുജ്ജീവനപദ്ധതി	4	2000.00
17.	പച്ചക്കറി ഉല്പാദനപദ്ധതി (അടുക്കളത്തോട്ടം)	10	200.00
18.	സി.സി.ഡി.പി. പമ്പുസെറ്റ്	46	115000.00
19.	സി.സി.ഡി.പി. കിണർ	30	7500.00
20.	സി.സി.ഡി.പി. തെങ്ങുവളം	0	56000.00
21.	ഏത്തവാഴവിത്ത്	47	9000.00
22.	സർവ്വസുഗന്ധി തൈകൾ	81	0
23.	സ്പ്രെയർ	2	2000.00
24.	തെങ്ങുകയറ്റ ഉപകരണം	2	1000.00
25.	തെങ്ങുകയറ്റ ഉപകരണത്തിന്റെ പരിശീലനം	2	500.00
26.	വിളമത്സരം	6	3000.00
27.	പൊതുജനപങ്കാളിത്ത പരിശീലനം	2	1000.00
28.	ഏത്തവാഴ സംയോജിത കൃഷി	30	3400.00
29.	ധാന്യവികസനപദ്ധതി	35	1450.00
30.	കപ്പകൃഷി പ്രോത്സാഹനം	2	120.00
31.	ഏത്തവാഴ കൃഷി പ്രോത്സാഹനം	32	5100.00
32.	Trillers (Youth)	1	3000.00
33.	പമ്പുസെറ്റും കിണറും (പച്ചക്കറി ഉല്പാദനം)	1	5000.00
34.	Root and tuber	2	220.00
35.	വെറ്റിലകൃഷി	2	1250
	ആകെ		**274895.00**

കാണക്കാരി ഗ്രാമ പഞ്ചായത്ത്
വില്ലേജ് ഓഫീസിൽ നിന്നു ലഭ്യമായ കണക്കുകൾ
പതിച്ചുകൊടുക്കാവുന്ന ഭൂമിയുടെ സർവ്വേനമ്പരും വിസ്തീർണ്ണവും

Sl. No.	LC No.	സർവ്വേ ന.	വിസ്തീർണ്ണം
1	117/52	412/7	03
2	85/53	146/23	9872
3	172/52	412/7	632
4	39/53	271/3	383
5	148/52	412/7	03
6	148/52	288/15	520
7	49/79	199/1	128
8	21/81	207/1	2200
9	41/87	345/5	1250

കാണക്കാരി ഗ്രാമ പഞ്ചായത്ത്വക സ്ഥാവരജംഗമവസ്തുക്കൾ
(അന്വേഷണത്തിൽ ലഭ്യമായ കണക്കുകൾ മാത്രം)

1	പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം	-	52 സെന്റ്
2	8-ാം വാർഡിൽ കാണുന്ന പൊതുശ്മശാനം	-	75 സെന്റ്
3	കുറുമുള്ളൂർ ലക്ഷം വീട് കോളനി	-	1 ഏക്കർ
4	കൊഴിമുള്ളോരം ലക്ഷംവീടു കോളനി	-	45 സെന്റ്
5	പട്ടിത്താനം ലക്ഷംവീടു കോളനി	-	1 ഏ. 40 സെന്റ്
6	കാഞ്ഞിരപ്പാറ കോളനി	-	92 സെന്റ്
7	മുള്ളങ്കുഴി ലക്ഷംവീടു കോളനി	-	1 ഏ.15 സെന്റ്
8	കുറുമുള്ളൂർ പൊതുശ്മശാനം		

നിർദ്ദേശങ്ങൾ

വികസനപ്രവർത്തനങ്ങളിൽ സഹകരിക്കേണ്ടത് എല്ലാവരുടെയും ചുമതലയാണെന്നുള്ള ബോധവൽക്കരണം ആവശ്യമാണ്.

പദ്ധതിവിഹിതം സ്വീകരിക്കുന്ന ഉല്പാദനമേഖലകളിലെ ഗുണഭോക്താക്കളിൽനിന്നും സംഭാവനകൾ സ്വീകരിക്കുക.

വികസനപദ്ധതികളുടെ സഹായവിതരണം എല്ലാ മേഖലകളിലും സുതാര്യമാക്കണം.

ഉദാ. കേരകർഷകർക്ക് തിരിച്ചറിയൽ കാർഡു നൽകുകയും മൊത്തം അലോട്ട്മെന്റ്, സബ്സിഡി റേറ്റ്, തെങ്ങുകളുടെ എണ്ണം ഇവ പരസ്യപ്പെടുത്തുകയും ചെയ്താൽ രാസവളവിതരണരംഗത്തുണ്ടാകുന്ന വിഭവചോർച്ച ഒരു പരിധിവരെ പരിഹരിക്കാം.

റോഡുപണിക്കും മറ്റും ഗുണഭോക്താക്കളിൽ നിന്നു കാര്യമായ ജനപങ്കാളിത്തം പണമായി സമാഹരിക്കാം. പണമില്ലാത്തവരിൽ നിന്നും തത്തുല്യമായ ശ്രമദാനം സ്വീകരിക്കാം. പദ്ധതികൾക്കു മുൻഗണന നിശ്ചയിക്കുമ്പോൾ ഇങ്ങനെയുള്ള തുകക്ക് പ്രത്യേക പരിഗണന ലഭിച്ചാൽ കൂടുതൽ വിഭവങ്ങൾ സമാഹരിക്കാൻ അവസരം ലഭിക്കും. ജനപങ്കാളിത്തം വർദ്ധിക്കുകയും ചെയ്യും.

നികുതിയുടെ ഒരു അസ്സസ്സ്മെന്റു ലിസ്റ്റ് പരസ്യപ്പെടുത്തണം.

പഞ്ചായത്തു വരവുചെലവുകണക്കുകൾ അ

ച്ചടിച്ച് ഗ്രാമസഭകളിൽ പ്രസിദ്ധപ്പെടുത്തണം.

പഞ്ചായത്തുവകയായി എല്ലാ വാർഡുകളിലും കമ്മ്യൂണിറ്റി ഹാളുകൾ പണികഴിപ്പിച്ചാൽ ഗ്രാമസഭകൾ, സാക്ഷരതാ ക്ലാസ്സുകൾ, ലൈബ്രറികൾ, വായനശാലകൾ, സ്പോർട്സ് ക്ലബുകൾ എന്നിവ നടത്തുന്നതിനുള്ള അനുബന്ധ സൗകര്യങ്ങൾ കണ്ടെത്താൻ കഴിയും.

വിദേശമലയാളികളുടെ സമ്പാദ്യം ചെറുകിട വ്യവസായമേഖലകളിൽ നിക്ഷേപിക്കപ്പെടുന്നതിനുള്ള പ്രോത്സാഹനവും സഹായവും നൽകണം.

പഞ്ചായത്തുവകയായി ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചാൽ വാടക ഇനത്തിലും തൊഴിൽ നികുതി ഇനത്തിലും വർദ്ധനവുണ്ടാകും.

പഞ്ചായത്തുരാജ് ആക്റ്റിലെ പുതിയ നികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തുക.

കച്ചവടക്കാരിൽനിന്നും വ്യവസായശാലകളിൽനിന്നും ടേണോവറിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുക.

കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കണം. അപ്പോൾ കൂടുതൽ നികുതി ഈടാക്കാനുള്ള അവസരങ്ങൾ ഉണ്ടാകും.

കൃഷിഭവനിൽ നിന്നും നടത്തുന്ന പദ്ധതി വിഹിത വിതരണ രേഖകൾ പഞ്ചായത്താഫീസിലും ഗ്രാമസഭകളിലും ലഭ്യമാക്കണം.

മറ്റു കടകൾ വഴിയുള്ള രാസവളവിതരണം ആശാസ്യമല്ല. കൃഷിക്കാരനു നേരിട്ടു വാങ്ങാവുന്ന രീതിയിൽ പണമായി വിതരണം നടത്തുകയാണു നല്ലത്.

കൃഷിഭവനിൽ നിന്നും എന്തെല്ലാം സഹായങ്ങൾ ലഭ്യമാണെന്ന് കർഷകരെ അറിയിക്കുകയും യഥാസമയം സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യണം.

ഭവനരഹിത ഭൂരഹിത കുടുംബങ്ങൾക്ക് പാർപ്പിടം കണ്ടെത്തണം. വില്ലേജ് ഓഫീസ് രേഖകളിൽ പതിച്ചുകൊടുക്കാവുന്ന ഭൂമികൾ പതിനൊന്നു സർവ്വേ നമ്പരുകളിലായി കാണുന്നു. അവയെപ്പറ്റിയും പഞ്ചായത്തുവക ഭൂമിയെപ്പറ്റിയും കൂടുതൽ അന്വേഷണങ്ങളും പഠനങ്ങളും ആവശ്യമാണ്.

പഞ്ചായത്ത് ഓഫീസിന്റെ പിൻഭാഗത്തു കാണുന്ന സ്ഥലത്ത് വിവാഹമണ്ഡപത്തിനും മറ്റും ഉപയോഗിക്കാവുന്ന രീതിയിൽ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചാൽ വാടകക്കു കൊടുക്കുവാൻ സാധിക്കും.

ഗ്രാമസഭകളോ പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകൾ തയ്യാറാവണം. ഇതിനുള്ള നിയമങ്ങൾ ഉണ്ടാകേണ്ടതാണ്.

ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും പത്തുശതമാനം പലിശക്കു വായ്പകൾ അനുവദിക്കണം. ഇതിനുള്ള നിയമങ്ങൾ ഉണ്ടെങ്കിലും അനുഭവത്തിലില്ല.

ഉല്പാദനപരമല്ലാത്ത ചെലവുകളുടെ ആവർത്തനം ഒഴിവാക്കത്തക്ക സംവിധാനം ഉണ്ടാക്കണം.

ഏതു വകുപ്പിൽ നിന്നുമുള്ള നിർമ്മാണപ്രവർത്തനങ്ങൾക്കും പഞ്ചായത്തിൽ രേഖ ആവശ്യമാണ്.

വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യങ്ങൾ കണ്ടെത്തുകയും ഫീസ് ഈടാക്കുകയും ചെയ്യാവുന്നതാണ് . ലൈസൻസ് ഇല്ലാത്ത കച്ചവടക്കാർ നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്. ഇവരെ കണ്ടെത്തി നികുതിയും ലൈസൻസ് ഫീസും ഈടാക്കണം.

പാരമ്പര്യേതര ഊർജ്ജസംഭരണം വ്യാവസായികാടിസ്ഥാനത്തിൽ നടത്തുവാൻ സ്വകാര്യകമ്പനികളേയോ വ്യക്തികളെയോ അനുവദിക്കാവുന്നതാണ്.

പഞ്ചായത്തുഭൂമികൾ കൃഷിക്കായി ആണ്ടുതോറും ലേലം ചെയ്തു പണം സമ്പാദിക്കാവുന്നതാണ്.

പഞ്ചായത്തു വക പുറംപോക്കു ഭൂമികളിൽ നിലവിലുള്ള തെങ്ങു മുതലായ വൃക്ഷങ്ങളുടെ ആദായം എടുക്കുന്നതിനുള്ള അവകാശം ഓരോ വർഷവും ലേലം ചെയ്തു പണം ഈടാക്കാവുന്നതാണ്.

പഞ്ചായത്തുവക കുളം, കിണർ, ഇവയുടെ അറ്റകുറ്റപ്പണികൾ പ്രാദേശികപങ്കാളിത്തത്തോടുകൂടി നടത്തണം.

ലേലം ചെയ്യുന്നത് കൂടുതൽ പരസ്യപ്പെടുത്തിയാൽ ആദായവർദ്ധന ഉണ്ടാകും.

പുറമ്പോക്കുഭൂമി അളന്നുതിട്ടപ്പെടുത്തി ഔചിത്യപൂർവ്വം ഉപയോഗയോഗ്യമാക്കാവുന്നതാണ്.

ആദായനികുതി പിരിക്കുന്നതിനുള്ള അവകാശം പഞ്ചായത്തുകൾക്ക് ലഭ്യമാക്കണം.

അളവുകളും തൂക്കങ്ങളും പരിശോധിക്കുന്നതിനു പഞ്ചായത്തിനുള്ള അധികാരം പ്രായോഗികമാക്കണം. ഈവക ഉപകരണങ്ങൾ പതിച്ചുകൊടുക്കുന്നതിനുള്ള അവകാശം പഞ്ചായത്തുകൾക്കു ലഭ്യമാക്കണം. വിഭവസമാഹരണ അവസരങ്ങൾ ഏറെയുണ്ട്.

പെൻഷൻവിതരണ രജിസ്റ്റർ പഞ്ചായത്തിൽ ലഭ്യമാക്കണം.

പഞ്ചായത്തുവക കോളനിഭൂമി വിൽക്കുന്നതിന് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. കോളനിനിവാസികൾക്ക് പട്ടയം നൽകിയതിന്റെ നിയമപ്രാബല്യം പരിശോധിക്കേണ്ടതാണ്.

വീടില്ലാത്തവരുടെയും സ്ഥലമില്ലാത്തവരുടെയും എണ്ണം വർദ്ധിക്കുക എന്നത് തുടർന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണ്. സേവനരംഗത്തുള്ള ഒരുതരം ആവർത്തനപദ്ധതിയാണിത്. സ്ഥായിയായ പരിഹാരം കാണുന്നതിനു സാദ്ധ്യമല്ല. ഭൂമി ലഭിക്കുന്നതിനുള്ള പ്രയാസം കണക്കിലെടുത്ത് ലഭ്യമായ സ്ഥലങ്ങളിൽ ഫ്ലാറ്റുകൾ പണിതീർത്ത് പല കുടുംബങ്ങളെ കുടിയിരുത്താൻ പദ്ധതി ഉണ്ടാകണം.

പഞ്ചായത്തിനുള്ള അധികാരം ഉപയോഗിച്ച് ആശുപത്രികളിലെ സ്റ്റോക്ക് രജിസ്റ്റർ അപ്പഴപ്പോൾ പരിശോധിക്കണം. പോരായ്മകൾ പരിഹരിക്കണം.

കൃഷിവകുപ്പിൽനിന്നും കൃഷിക്കാർക്കു വിതരണം ചെയ്യുന്ന പമ്പുസെറ്റുകൾ എല്ലാം പഞ്ചായത്തു നേരിട്ടു വാങ്ങി കൃഷിക്കാർക്കു വിതരണം നടത്താൻ കഴിയണം. കമ്പനി വാഗ്ദാനം ചെയ്യുന്ന ഗണ്യമായ കമ്മീഷൻ വിതരണേജൻസി എന്ന നിലയിൽ പഞ്ചായത്തിനു ലഭ്യമാകും.

പ്രകൃതിക്ഷോഭം കൊണ്ടുള്ള നഷ്ടം നിശ്ചയിക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്കു ലഭിക്കണം.

പഞ്ചായത്തുകളിൽ മണ്ണുപരിശോധനാ സംവിധാനം ഉണ്ടാക്കണം. പരിശോധനാഫീസ് ഈടാക്കാവുന്നതാണ്.

പഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള സ്ഥാപനങ്ങളിലെ ജോലിക്കാരുടെ സേവനസമയം നിജപ്പെടുത്തേണ്ടതാണ്.

ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾക്കു തിരിച്ചറിയൽ കാർഡുകൾ ഉണ്ടായിരിക്കണം.

സ്കൂളുകളിലെ അറ്റകുറ്റപ്പണികൾക്കുള്ള ഫണ്ട് വിനിയോഗം പഞ്ചായത്തുകൾ പരിശോധിക്കേണ്ടതാണ്.

രക്തദാനത്തിനു തയ്യാറുള്ളവരുടെ രക്തം പരിശോധിച്ച് ഗ്രൂപ്പ് നിശ്ചയിച്ച് പഞ്ചായത്തിൽ സൂക്ഷിക്കാവുന്നതാണ്. അടിയന്തിരഘട്ടങ്ങളിൽ ജീവരക്ഷക്ക് ഉപകരിക്കാൻ സാധിക്കണം.

ഉപസംഹാരം

കാണക്കാരി പഞ്ചായത്തിന്റെ ചരിത്രത്തിൽ ആദ്യത്തെ സംരഭമാണ് ഒരു വികസന രേഖ തയ്യാറാക്കുക എന്നത്. ഏറെ പരിമിതികളോടെയാണ് ഇതു തയ്യാറാക്കിയിട്ടുള്ളത്. ഓരോ വീട്ടിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു ക്രോഡീകരിച്ച് ആവശ്യങ്ങളും നിർദ്ദേശങ്ങളും പരിഹാരങ്ങളും കണ്ടറിഞ്ഞു രൂപപ്പെടുത്തേണ്ട ഒന്നാണ് വികസനരേഖ. പക്ഷേ, ഒന്നുരണ്ടുവർഷത്തെ തീവ്രശ്രമം അതിനുവേണ്ടിവരും. ഒമ്പതാം പദ്ധതി നമ്മുടെ കൺമുന്നിലെത്തിനില്ക്കുന്നു. 1977 ഏപ്രിൽ മാസത്തിലാരംഭിക്കേണ്ട ഈ പദ്ധതിക്കു വേണ്ടി പ്രാഥമികവിവരശേഖരണത്തോടെ ഒരു രേഖ തയ്യാറാക്കൽ അസാധ്യമാണ്. അതുകൊണ്ട്, വിശേഷാൽ ഗ്രാമസഭകളിൽ ജനങ്ങൾ നേരിട്ടവതരിപ്പിച്ച പ്രശ്നങ്ങളും, പഞ്ചായത്തതിർത്തിക്കുള്ളിലുള്ള സ്ഥാപനങ്ങളിൽ നിന്നു ശേഖരിച്ച വിവരങ്ങളും, പഠനപര്യടനവേളയിൽ കിട്ടിയ അറിവുകളും, പഴമക്കാരുമായി നടത്തിയ ചർച്ചകളുമാണ് ഈ റിപ്പോർട്ടിന് അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളത്.

ഒരു വീട്ടിൽ നിന്ന് ഒരാളെങ്കിലും ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണമെന്നു താല്പര്യപ്പെട്ടിരുന്നെങ്കിലും, വ്യാപകമായ പങ്കാളിത്തം ഉണ്ടായില്ല. ഗ്രാമസഭകളിലെ പങ്കാളിത്തം ശരാശരി 218 പേരായിരുന്നു. ആദ്യത്തെ സംരഭമെന്ന നിലയിൽ ഇതൊട്ടും കുറവല്ല.

ദ്വിതീയ വിവരശേഖരണം പൂർണ്ണമാണെന്നു പറയാനാവില്ല. പല ഓഫീസുകളിലും വേണ്ടത്ര രേഖകളില്ല. ഉള്ള രേഖകൾ തന്നെ പരിമിതമായേ നമുക്കു പ്രയോജനപ്പെടൂ. ഉദാഹരണമായി P.H.C.ൽ നിന്ന് നമ്മുടെ പഞ്ചായത്തിലെ മുഴുവനാളുകളെക്കുറിച്ചുമുള്ള വിവരങ്ങൾ കിട്ടില്ല. ബഹുഭൂരിപക്ഷം ജനങ്ങളും പഞ്ചായത്തിനു പുറത്തുള്ള ആശുപത്രികളെയാണ് ആശ്രയിക്കുന്നത്.

പരമപ്രാധാന്യം കൊടുക്കുന്നത് ജനങ്ങളുടെ നിർദ്ദേശങ്ങൾക്കാണ്. അതുതന്നെയാണ് ഈ രേഖയുടെ ലക്ഷ്യവും. ഏടുകളിൽ എന്തൊക്കെയുണ്ടെങ്കിലും അതു ജനങ്ങൾക്ക് എത്രത്തോളം പ്രയോജനപ്പെട്ടു, ഇനി എന്തു വേണം എന്നു തീരുമാനിക്കാനുള്ള അവകാശം അവർക്കുതന്നെയാണല്ലോ. അതുകൊണ്ട്, ജനകീയ പ്രശ്നങ്ങളും ആവശ്യങ്ങളും സമഗ്രമായിത്തന്നെ ഈ രേഖയിൽ പ്രതിഫലിച്ചിട്ടുണ്ട് എന്നു ഞങ്ങൾ അഭിമാനിക്കുന്നു.

ഈ സംരംഭത്തിൽ സഹകരിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു. പ്രവർത്തനം ഇതോടെ തീരുന്നില്ല. ഇനിയാണ് ആസൂത്രണം വേണ്ടത്. അനേകം ആവശ്യങ്ങൾ നാം ഉന്നയിച്ചിട്ടുണ്ട്. 9-ാം പദ്ധതിയിലെ അടങ്കൽത്തുകയുടെ 35-40 ശതമാനം ത്രിതല പഞ്ചായത്തുകൾക്ക് കിട്ടുമെന്ന് ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. നമുക്കു കിട്ടുന്നതുകൊണ്ട് ഒറ്റയടിക്കു സാധിക്കാവുന്നതെയല്ല നമ്മുടെ ആവശ്യങ്ങൾ. അതുകൊണ്ട് പദ്ധതി നടത്തിപ്പിന് മുൻഗണനാക്രമം നിശ്ചയിക്കണം. അതിന്റെ അടിസ്ഥാനത്തിൽ സ്കീമുകൾ തയ്യാറാക്കണം. ഉന്നയിച്ച ആവശ്യങ്ങളിൽ പലതും പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്നതല്ല. ബ്ലോക്കു-ജില്ലാ പഞ്ചായത്തുകൾ പരിഗണിക്കേണ്ട നിർദ്ദേശങ്ങളുമുണ്ട്.

പദ്ധതി നടത്തിപ്പ് തികച്ചും ജനകീയമായിരിക്കും. ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടല്ലാതെ ഒരടി മുന്നോട്ടുവെയ്ക്കാൻ ഇനി നമുക്കാവില്ല. നിർവ്വഹണത്തിനു മുമ്പ് സാമൂഹ്യസാമ്പത്തിക സർവ്വേ നടത്തേണ്ടതുണ്ട്.

അതുകൊണ്ട്, പ്രവർത്തനത്തിന്റെ നാളുകളാണ് വരുന്നത്. ഒരു തരത്തിലുള്ള വിഭാഗീയ ചിന്തയ്ക്കും ഇനി സ്ഥാനമില്ല. ഒറ്റക്കെട്ടായി സന്തുലിതവികസനമെന്ന ഒരേലക്ഷ്യത്തിലേക്ക് കൈ കോർത്തു നമുക്ക് മുന്നേറാം.

സന്നദ്ധസംഘം

ശ്രീ.	പി.എസ് രാജശേഖരൻനായർ, ശരഗിരി	(ജനറൽ കൺവീനർ)
ശ്രീ.	ജോമോൻ ജോസഫ്	(ജില്ലാ പരിശീലകൻ)
ശ്രീ.	പി.കെ. ബാലകൃഷ്ണപിള്ള ബിന്ദുവിഹാർ	”
ശ്രീ.	ജോസ് മാത്യു. വടക്കേമറ്റപ്പള്ളി	”
ശ്രീ.	ജലീഷ് പീറ്റർ, പൊതീട്ടേൽ	”
ശ്രീ.	ഏ.കെ. ബാബു, ആനച്ചാലിൽ	(സംസ്ഥാനപരിശീലകൻ)
ശ്രീ.	ബിജോ തോമസ് കണ്ടത്തിൽ	(ജില്ലാ പരിശീലകൻ)
കുമാരി	മിനി രാജ്, നിഷാനിവാസ്	”
ശ്രീ.	എൻ.കെ. മുരളീധരൻ നരിയാനിക്കൽ	”
ശ്രീ.	പി.ജെ. ജോസഫ്, പാലമൂട്ടിൽ	”
ശ്രീ.	ഏ.ഡി. ജോസഫ് അടവിച്ചിറ	”
ശ്രീ.	എൻ.ഒ. ജോസഫ്, നരിക്കുന്നേൽ	”
ശ്രീ.	സി.എസ്. ആദിത്യൻ നമ്പൂതിരി, ഏറ്റിക്കടഇല്ലം	”
ശ്രീ.	വി.കെ. തങ്കപ്പൻ	”
ശ്രീ.	സി.കെ. ചെല്ലപ്പൻ, ചെമ്പിളാവിൽ	”
ശ്രീ.	ടി.ആർ, രാമചന്ദ്രൻ നായർ, കൈലാസം	”
ശ്രീ.	എൻ.എം. എബ്രഹാം, നടുത്തേട്ട്	”

വാർഡ് I	ശ്രീ. പി.ടി. ഉലഹന്നാൻ	(വാർഡുകൺവീനർ)
II	ശ്രീ. എം.എൻ. വിജയൻ	”
III	ശ്രീ. എം. നന്ദകുമാർ	”
IV	ശ്രീ. കെ.എസ്. സന്തോഷ്	”
V	ശ്രീ. വി.കെ. കുമാരൻ നമ്പൂതിരി	”
VI	ശ്രീ. എൻ.ഒ. ജോസഫ്	”
VII	ശ്രീ. ഏ.ഡി. ജോസഫ്	”
VIII	ശ്രീ. കെ.സി. മാത്യു	”
IX	ശ്രീ. സി.കെ. ചെല്ലപ്പൻ	”
X	ശ്രീ. ടി. ആർ. രാമചന്ദ്രൻ നായർ	”

വാർഡ് I	ശ്രീ.എം.വി. ജോർജ്	(ജോയിന്റ് കൺവീനർ)
	ശ്രീമതി വത്സമ്മ വിജയൻ	”
II	ശ്രീമതി എൽ. തങ്കമ്മ	”
	ശ്രീ.കെ.കെ. നിലകണ്ഠവാര്യർ	”
III	ശ്രീ.എൻ.എം. ദേവസ്യ	”
	ശ്രീ.ടി.കെ. മണിക്കുട്ടൻ	”
IV	ശ്രീ.പി.ജെ. ജോർജുകുട്ടി	”
	ശ്രീമതി.എലിയാമ്മ ജോസഫ്	”
V	ശ്രീ.മാത്തുക്കുട്ടി ജോസഫ്	”
	ശ്രീമതി ജോസ് വർഗ്ഗീസ്	”

VI	ശ്രീ. എൻ.ജെ. തോമസ്	(ജോയിന്റ് കൺവീനർ)
	ശ്രീമതി ആലീസ് സെബാസ്റ്റ്യൻ	,,
VII	ശ്രീ. തോമസ് പോൾ	,,
	ശ്രീ. മധുസൂദനൻനായർ	,,
VIII	ശ്രീ. ജോർജ് ജയിംസ്	,,
	ശ്രീമതി മേരി ജോസഫ്	,,
IX	ശ്രീ. ജോസ് കടുവാക്കുഴി	,,
	ശ്രീമതി. ലീലാമ്മ ശൈലം	,,
X	ശ്രീ. എം.വി. മാണി	,,
	ശ്രീമതി ത്രേസ്യാമ്മ ജോസ്	,,

പഠനപര്യടന സംഘം

ശ്രീമതി സൂസമ്മ തോമസ്	(പഞ്ചായത്ത് പ്രസിഡന്റ്)
ശ്രീ. ഏ.കെ. ജയപ്രകാശ്	(മെമ്പർ)
ശ്രീ. സണ്ണി പുലിപ്ര	,,
ശ്രീമതി തങ്കമ്മ രാഘവൻ	,,
ശ്രീമതി ത്രേസ്യാമ്മ സെബാസ്റ്റ്യൻ	,,
ശ്രീ. പി.കെ. ബാലകൃഷ്ണപിള്ള	(കൺവീനർ)
ശ്രീ. ജോമോൻ ജോസഫ്	(ജോ.കൺവീനർ)
ശ്രീ. ഏ.ഡി. ജോസഫ്	
ശ്രീ. ജോസ് മാത്യു	
ശ്രീ. ഏ.കെ. ബാബു	
ശ്രീ. മാത്യു ജോസഫ്	
ശ്രീ. പി.കെ. തങ്കപ്പൻ	
ശ്രീ. എൻ.കെ. മുരളീധരൻ	
ശ്രീ. കെ.കെ. ജനാർദ്ദനൻ നായർ	
ശ്രീ. സി.കെ. ചെല്ലപ്പൻ	
ശ്രീ. പി.എം. മാത്യു	
ശ്രീമതി സുകൃതമണി (ഹെൽത്ത് നേഴ്സ്)	

ദ്വിതീയ വിവരശേഖരണം കൺവീനേഴ്സ്

ശ്രീ. ജോമോൻ ജോസഫ്

ശ്രീ. ഏ.ഡി. ജോസഫ്

വിഷയഗ്രൂപ്പുകൾക്കു നേതൃത്വം കൊടുക്കുന്നവർ

കൃഷി, ജലസേചനം

ശ്രീ ജോർജ്ജ് വർക്കി
ജോമോൻ ജോസഫ്

മൃഗസംരക്ഷണം, മത്സ്യബന്ധനം

ശ്രീമതി തങ്കമ്മ രാഘവൻ,
ശ്രീ. സി.കെ. ചെല്ലപ്പൻ,
ശ്രീ. എൻ.കെ. മുരളീധരൻ

വ്യവസായം

ശ്രീ. എ.കെ. ജയപ്രകാശ്,
ശ്രീ. എൻ.ഒ. ജോസഫ്

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ശ്രീമതി ലീലാമ്മ അന്തർജ്ജനം,
ശ്രീ. സി.എസ്. ആദിത്യൻ നമ്പൂതിരി

പാർപ്പിടം, സാമൂഹ്യക്ഷേമം

ശ്രീ ജോണി ചാത്തൻചിറ,
ശ്രീ. എ.ഡി. ജോസഫ്

ആരോഗ്യം കുടിവെള്ളം പരിസരശുചിത്വം, സഹകരണം, വനിത

ശ്രീ. എ.എം. ജോസഫ്,
ശ്രീ. പി.കെ. ബാലകൃഷ്ണപിള്ള

വിദ്യാഭ്യാസം

ശ്രീ സണ്ണി പുലിപ്ര,
ശ്രീ. ടി.ആർ. രാമചന്ദ്രൻനായർ

പട്ടികജാതി പട്ടികവർഗ്ഗം

ശ്രീ. സി.എൻ. ശശിധരൻ,
ശ്രീ. വി.കെ. തങ്കപ്പൻ

സംസ്കാരം

ശ്രീമതി ത്രേസ്യാമ്മ സെബാസ്റ്റ്യൻ,
ശ്രീ. ജോസ് മാത്യു



ആനമല പാറേപ്പള്ളി റോഡിന്റെ അറ്റകുറ്റപ്പണികൾ ജനപങ്കാളിത്തത്തിൽ. കടുത്തുരുത്തി **M.L.A.** അഡ്വ. മോൻസ് ജോസഫ് ഉൽഘാടനം ചെയ്യുന്നു

വിശേഷാൽ ഗ്രാമസഭയിൽ നിന്നുള്ള ദൃശ്യം


KOTTAYAM
REFERENCE
District Boundary
Taluk Boundary
Panchayat Boundary
Municipal Boundary
State Highway
Other Roads
Railway Line
Lakes & Rivers
Taluk Head Quarters
District Head Quarters
VAIKOM TALUK
VAIKOM
MEENACHIL TALUK
PALAI MUNICIPALITY
KOTTAYAM TALUK
KOTTAYAM
KOTTAYAM MUNICIPALITY
KANJIRAPPALLY TALUK
KANJIRAPPALLY
CHANGANACHERRY TALUK
CHANGANACHERRY MUNICIPALITY
CHANGANACHERRY
VEMBANAD LAKE
To Ernakulam
To Muvattupuzha
To Thodupuzha
To Alleppey
To Quilon
To Thiruvalla
To Ranni
To Pathanamthitta
To Pala
To Erumeli
Vaikom
Vechur
Almaash
Ettumanur
Kottayam
Pampadi
Nattakom
Kanjirappally
Changanacherry
Erumeli